# കൊടകരപുരാണം

വിശാലമനസ്കൻ

# Kodakara Puraanam

*(Stories)*

By **Vishala Manaskan**



## വിശാലമനസ്കൻ

സജീവ് എടത്താടൻ എന്ന വിശാലമനസ്കൻ 1972-ൽ തൃശ്ശൂരിനടുത്തു കൊടകരയിൽ ജനിച്ചു. കൊടകര ഡോൺ ബോസ്കോ സ്കൂൾ, ഗവണ്മെന്റ് ബോയ്സ് സ്കൂൾ എന്നിവടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം. പ്രൈവറ്റായി ബിരുദവും കമ്പ്യൂട്ടർ കോഴ്സുകളും പഠിച്ചു. 1996 മുതൽ ദുബായിയിൽ അക്കൗണ്ടന്റായും ഓപ്പറേഷൻസ് മാനേജരായും ജോലി. *സോന*യാണ് ഭാര്യ. മക്കൾ: *സ്നേഹ*യും *സാന്ദ്ര*യും.

# പ്രസാധകക്കുറിപ്പ്

2005 സെപ്റ്റംബർ മുതൽ http://kodakarapuranams.blogspot.com എന്ന മലയാളം ബ്ലോഗിലൂടെ ശ്രദ്ധേയനായ വിശാലമനസ്കന്റെ കഥകളുടെ പുസ്തകരൂപത്തിലുള്ള ആദ്യത്തെ സമാഹാരമാണ് ഇത്. നർമ്മത്തിൽ ചാലിച്ചെടുത്ത ജീവിതഗന്ധിയായ കഥകൾ വിശാലമനസ്കനെ വൈക്കം മുഹമ്മദു ബഷീറിന്റെയും എസ്. കെ. പൊറ്റക്കാട്ടിന്റെയും ഈ തലമുറയിലെ പിൻഗാമിയാക്കുന്നു.

# ഉള്ളടക്കം


| | | |
|---|---|---|
| 1 | മൂരിച്ചന്ത | 6 |
| 2 | മൂന്നുപറ കണ്ടം | 8 |
| 3 | കോഴിപിടുത്തം | 10 |
| 4 | പോലീസും ആശാരിമാരും | 12 |
| 5 | മനസ്സാക്ഷിക്കുത്ത് | 15 |
| 6 | ബി.ബി.സി. ന്യൂസും രാജേട്ടനും | 16 |
| 7 | യാചകൻ | 19 |
| 8 | ഉളുമ്പത്തുംകുന്ന് | 21 |
| 9 | നീർക്കോലിയും മൂർഖനും | 23 |
| 10 | പാപി | 25 |
| 11 | കുടുംബം കലക്കി | 27 |
| 12 | ഉൾപ്രേരണകൾ | 29 |
| 13 | രക്ഷസ്സ് | 31 |
| 14 | ഏടാകൂടം | 34 |

**15 ക്രിസ്മസ്സ് കേയ്ക്ക്** **38**

**16 ഋര്‍ക്കയുടെ കണ്ടകശ്ശനി** **41**

**17 ബര്‍ഗ്ഗര്‍** **44**

**18 പോളേട്ടന്‍** **47**

**19 കര്‍ക്കിടക ചെകുത്താന്‍** **50**

**20 പാക്കിസ്ഥാന്‍ ചാരന്‍** **52**

**21 ദിവാകരേട്ടന്‍** **55**

**22 ചേടത്ത്യാര്** **58**

**23 വെളുക്കാന്‍ തേച്ചത്. . .** **61**

**24 മുണ്ടാപ്പന്റെ കറാച്ചി എരുമ** **64**

**25 സീനിയ പൂക്കള്‍** **67**

# 1

# മൂരിച്ചന്ത

*(September 11, 2005)*

വയറൊട്ടിയ എല്ലുന്തിയ മാടുകൾ എന്നെ ഒരു വെറും നോട്ടം നോക്കി. പിന്നെ എന്തോ സീരിയസ്സായി ആലോചിച്ചങ്ങിനെ നിന്നു. ഇടക്കിടെ കണ്ണുകൾ ചിമ്മി, തലയിളക്കിയും വാലുകൊണ്ടടിച്ചും പുഴീച്ചകളെയോടിച്ചുകൊണ്ടിരുന്നു. തലയിലും മുഖത്തും വന്നിരുന്ന് നിരന്തരം ഇറിറ്റേയ്റ്റ് ചെയ്യുന്ന ഈ പ്രാണികളെ അടിച്ചുകൊല്ലാൻ പോലും തങ്ങളുടെ കൈകൾക്ക് ഫ്ലെക്സിബിലിറ്റിയില്ലല്ലോ എന്നോർത്തിട്ടോ, ഈ ലോകത്തുള്ള എന്തിനെയും ഏതിനേയും ഇല്ലാതാക്കുവാൻ കെൽപുള്ള മനുഷ്യരുടെ കൈകളേക്കുറിച്ചോർത്തോ എന്തോ, അവ ശക്തിയായ ദീർഘനിശ്വാസങ്ങളിട്ടു.

ഇറച്ചിക്കടയിൽ തൂങ്ങിക്കിടക്കാൻ പോന്ന, മാസളമായ ഭാഗങ്ങൾ ഇവയുടെ ശരീരത്തിൽ ഈ അസ്ഥിക്കൂട്ടിനകത്തുണ്ടോയെന്ന സ്വാഭാവിക സംശയം എനിക്കും തോന്നി.

നെഗോഷിയേഷന്റെ ആക്രോശങ്ങൾ, വെല്ലുവിളികൾ, അട്ടഹാസങ്ങൾ, ശ്വാസിക്കാൻ കൊള്ളാത്ത വായു, ചവിട്ടാൻ കൊള്ളാത്ത ഭൂമി, കേൾക്കാൻ കൊള്ളാത്ത തെറികൾ, കാണാൻ കൊള്ളാത്ത കാഴ്ചകൾ..! ബിസിനസ്സ് മാനേജ് മെന്റ് കോഴ്സ് ചെയ്യാത്ത പാവം ഇറച്ചിവെട്ടുകാരും മാട് തരകുകാരും..... സ്വയം സമാധാനിച്ചു.

ഒരു കാലത്ത് ഞങ്ങളുടെ കുടുംബശ്രീയായിരുന്ന എരുമയെ വിൽക്കാനാണ് ഞാനീ മൂരിച്ചന്തയിൽ വന്നിരിക്കുന്നത്.

എന്നോട് കാണിച്ച അപരിചിതത്വം എന്തായാലും എന്റെ കൂടെ വന്നിരിക്കുന്ന എരുമയോട് കൂട്ടത്തിലെ പോത്തുകൾ കാണിച്ചില്ല. ലീവിന് നാട്ടിൽ പോകുന്ന ഗൾഫുകാരൻ തന്റെ ഭാര്യയെ കണ്ട കണക്കെ, ഒരു പോത്ത് പല്ലുകളും മോണയും കാട്ടി റൊമാന്റിക്കായി പതിഞ്ഞ ശബ്ദത്തിൽ ഒന്നമറി. ചത്ത് ബീഫാവാൻ മണിക്കൂറുകൾ മാത്രേ ശേഷിപ്പുള്ളൂ, എന്നോ മുട്ടിപ്പോയ സമൃദ്ദമായ തീറ്റയും കുടിയും ശാരീരികമായും മാനസികമായും തളർത്തിയിട്ടും പോത്തിന്റെ ആ ആണത്തിന്റെ ഹുങ്ക് എനിക്കിഷ്ടപ്പെട്ടു. (ബഹുമാനം തോന്നിയെന്നതാണ് സത്യം., പക്ഷെ, ഒരു പോത്തിനെ ബഹുമാനിക്കതെങ്ങിനെ..?)

"എരുമകളിൽ വൈജയന്തിമാലയല്ലേ.. പോത്തായിപ്പിറന്നവർ ഒന്നുനോക്കാതിരിക്കില്ല" പണ്ട് കുഞ്ഞുവറീതേട്ടൻ വെറും വാക്ക് പറഞ്ഞതല്ല..

“അല്ലാതെ പിന്നെ, ഒന്നാതരം കറാച്ചി എരുമേടെ കുട്ടാവല്ലേ, പോരാത്തതിന് കൊച്ചുപിള്ളാരെ പ്പോലെയല്ലേ നോട്ടം” കറവക്കാരൻ അരവി ചേട്ടനും ഒരേ അഭിപ്രായം.

വാഴ്ത്തുമൊഴികൾ അവനനവന്റേതിനോടാകുമ്പോൾ “ശരിയാരിക്കും” എന്ന് തോന്നുക സ്വാഭാവി കമാണല്ലോ?? അങ്ങിനെ ഞങ്ങളും വിശ്വസിച്ചുപോന്നു.പക്ഷെ, വാർദ്ധക്യത്തിലും മാദകത്വം കാത്തുസൂക്ഷിച്ചുപോരുന്നു എന്നത് പോത്തിന്റെ റോളിൽ നിന്ന് മനസ്സിലായി.....വൈജയന്തി മാലയല്ല..., എരുമകളിൽ സാക്ഷാൽ ഹേമമാലിനിയാണ്, ഞാൻ മനസ്സിൽ പറഞ്ഞു.

ഈ എരുമയുടെ ജനനത്തിന് ഒരു സവിശേഷതയുണ്ട്. മാതാപിതാക്കൾ അടുത്തടുത്ത വീട്ടുക ളിലുള്ളവർ. ഒരുമിച്ച് കളിച്ചുവളർന്നവരാണ്., മജീദിനെയും സുഹ്റായെയും പോലെ. മേയലും മുളയലും എല്ലാം ഒരുമിച്ച്. അവരുടെ ആത്മാർത്ഥ പ്രണയത്തിൽ ജനിച്ച ജീവനാണ് എന്റെ കയ്യിലെ കയറിന്റെ അറ്റത്തുള്ള ടി എരുമ. ശ്രേഷ്ഠ ജന്മം.

ഞാൻ ഓർത്തുകൊണ്ടേയിരിക്കുകയാണ്. എത്രയോ തവണ പെറ്റ് ഞങ്ങളെ പോറ്റിയതാണ്. കിട്ടുന്ന പാലിൽ മുപ്പത് ശതമാനത്തോളം വെള്ളം ചേർത്താണ് വിൽപന. എന്നാലും പാൽ വെട്ടിയാൽ മുറിയില്ലെന്ന് അമ്മ. അങ്ങിനെ 30 രൂപയോളം ദിവസ വരുമാനത്തിന്റെ സമ്പന്ന തയുടെ അവസാന ദിവസമാണ് ഓരോ തവണയും കറവ നിൽക്കുന്ന ദിവസം. അന്നുമുതൽ ചായയുടെ നിറം ബ്ലാക്കാവും, ഊണിന്റെ പുളിരസവും കൊഴപ്പം പോകും, ഉഴുന്നുവടക്കും പരിപ്പു വടക്കും സുഖ്യനും ഞങ്ങളുടെ ജീവിതത്തിൽ സ്ഥാനമില്ലാതാവും. അങ്ങിനെയങ്ങിനെ പല പല മാറ്റങ്ങൾ..!

ഡാ... ഇതിനെ കൊടുക്ക്ണ്ണോ....??അപരിചിതന്റെ പരുക്കൻ ചോദ്യം കേട്ട് പാസ്റ്റ് വിട്ട് എന്റെ മനസ്സ് പ്രസന്റ് ‘റ്റെൻഷൻ’ ഏറ്റെടുത്തുകൊണ്ട്, അതേയെന്നർത്ഥത്തിൽ തലയാട്ടി.

എത്രുരുവക്ക് കൊടുക്കും?

ഒരു മൂവായിരത്തി അഞ്ഞൂറ് കിട്ടിയാൽ....... ഞാൻ ആത്മവിശ്വാസമില്ലാതെ പറഞ്ഞു.

നീ ഇതിനെ തിരിച്ച് കൊണ്ടോക്കോ...ഇവിടെ നിന്ന് നട്ടം തിരിയേണ്ട.. എന്നു പറഞ്ഞ് പുച്ഛഭാവത്തിൽ എന്നെ നോക്കി അടുത്ത പാവത്തിനെ അന്വേഷിച്ചു അയാൾ പോയി.

എനിവേ, എന്നോടിത്തിനിത്രക്കും പരുഷമായി സംസാരിച്ചുവെന്നോർത്ത് അധികം സമയം കളയാതെ ബിസിനസ്സ് മാനേജ് മെന്റ് ഡിഗ്രിക്ക് ഇവിടെ യാതൊരു പ്രസക്തിയുമില്ലെന്ന തി രിച്ചറിവിൽ, മറ്റൊരാവശ്യക്കാരനുമായി ഡീൽ ഉറപ്പിച്ചു.കയർ ആ ഇറച്ചിവെട്ടുകാരന് കൈമാറി കാശെണ്ണി തിരിച്ചു നടന്ന എന്റെ പുറകിൽ നിന്ന് എന്റെ വീട്ടിലെ ആ പഴയ ഐശ്വര്യദീപം ഹൃദയ വേദനയാൽ നീട്ടി കരഞ്ഞത് എന്നിൽ ഇടിവെട്ടലുകൾ ഉണ്ടാക്കി. തിരിഞ്ഞുനോക്കാൻ എനിക്ക്....

എരുമകൾക്കൊരു ഓൾഡ് ഏജ് ഹോം ഉണ്ടായിരുന്നെങ്കിൽ....... ഞാൻ വെറുതെ ഒന്നാശിച്ചു.

# 2

# മൂന്നുപറ കണ്ടം

*(September 19, 2005)*

ഏകദേശം മുന്നൂറ് പറയ്ക്കു നെൽകൃഷിനിലമുള്ള കൊടകര പാടത്ത്, എന്റെ പിതാശ്രീ, ആൾക്ക് സ്ത്രീധനമായിക്കിട്ടിയ മുന്നൂറ്റമ്പത് രൂപകൊണ്ട് ആരുടെ കയ്യീന്നാണാവോ ഒരു മൂന്ന പറ നിലം വാങ്ങി. ഒരു തോർത്തുമുണ്ടിന്റെ വലുപ്പമേ കണ്ടത്തിനുള്ളുവെങ്കിലും, സൈനൈഡ് എന്തിനാ അഞ്ചാറു കിലോ എന്ന് പറഞ്ഞ പോലെയായിരുന്ന അവസ്ഥ.

ഈ നെല്ല് പണീന്ന് വച്ചാൽ കല്ല് പണിയാണ്. കൊടകരപ്പാടത്തിന്റെ തലക്കാംഭാഗത്ത്, മറ്റെല്ലാ കണ്ടങ്ങളെക്കാളും ഉയർന്ന് കിടന്നിരുന്ന ഈ കണ്ടത്തിലെ പണി കല്ലുപണിയേക്കാളും കഷ്ടായിരുന്നു. ഞാൻ പ്രീഡിഗ്രിയും കഴിഞ്ഞ് പ്രീ അല്ലാത്ത ഡിഗ്രിക്ക് പോകുന്ന കാലം. ഈ മൂന്നുപറക്കണ്ടം ഉൾപ്പെട്ട പലതും എന്നെ ഏൽപ്പിച്ച് എന്റെ ചേട്ടൻ ബോംബെക്ക് ഓടി രക്ഷപ്പെട്ടതിനെത്തുടർന്ന് ആ ഭാരിച്ച മൂന്നുപറ ഉത്തരവാദിത്വം എന്നെ ചുറ്റിവരിഞ്ഞു. അമ്മയുടെ സ്ത്രീധനം മൂലം പീഡിപ്പിക്കപ്പെട്ട മകൻ. . . ! സ്ത്രീധനം ഒരു സാമൂഹ്യ വിപത്താണെന്ന് അന്നേ എനിക്ക് മനസ്സിലായി.

പത്ത് പതിനഞ്ച് കൊല്ലം മുൻപ് വരെ കൊടകരപ്പാടത്ത് മൂന്ന പൂവ് നെൽകൃഷിയുണ്ടായിരുന്നു. ഓരോ തവണയും പൂട്ടാൻ/ഉഴാൻ ട്രാക്ടർ ഇറങ്ങുമ്പോൾ, എല്ലാവരുടേയും കണ്ടങ്ങൾ പൂട്ടി നിരത്തി, വണ്ടി കയറിപ്പോകാൻ തുടങ്ങുമ്പോഴേ ഞാൻ ഇങ്ങനെയൊരു മൊതല് പാടത്തിറങ്ങിയിട്ടുണ്ടെന്ന് അറിയാറുള്ളൂ. പിന്നെ, വാർഫൂട്ട ബേയ്സിലുണ്ട കാര്യങ്ങൾ. മരമടി മത്സരത്തിന് ആൾക്കാർ ഓടുന്നപോലെ പാടത്തൂടെ ഒരോട്ടമുണ്ട്. ഒരു കണക്കിന് ചുറ്റിനുമുള്ള കണ്ടങ്ങളീന്നെല്ലാം ഞണ്ടുണ്ടാക്കുന്ന പോലത്തെ ആർട്ടിഫിഷ്യൽ തുളകൾ ഉണ്ടാക്കി വെള്ളം ചോർത്തി ആ പ്രശ്നം സോൾവ് ചെയ്ത്, പിന്നെ വിത്തിടലും വെള്ളം തുറന്ന് കളയലും ഞാറ് വലിക്കാർക്ക് കഞ്ഞികൊണ്ടുപോകലും നടലും ഒക്കെയായി ഒന്നാം ഘട്ടം പൂർത്തിയാവുമ്പോഴേക്കും ഫെയർ ഏന്റ് ലൗലി തേച്ച് വെളുപ്പിച്ച എന്റെ മുഖം വാഴമാങ്ങിന്റെ പോലെയാകും. ഞാനിതൊക്കെ എങ്ങിനെ. . .

നാൽപ്പത്തിരണ്ട് പറ നിലവും അതിനടുത്ത സെറ്റപ്പും ഉള്ള മുണ്ടക്ക കൊച്ചുരാമേട്ടൻ കാലത്ത് തുടങ്ങി വൈകീട്ട് വരെ ചെളിയിൽ കിടന്നുമറിയുന്നത് കാട്ടിത്തന്നിട്ട് ഞാൻ അതുപോലെയാകണമെന്നായിരുന്നു നമ്മുടെ വീട്ടുകാരുടെ മോഹം, ബെസ്റ്റ്! നമ്മൾ നയം വ്യക്തമാക്കി: ദേ ആൾ കൃഷിപ്പണി പ്രൊഫെഷനാക്കിയ ആളും ഞാൻ അമേരിക്ക കാനഡ ജർമ്മനി തുടങ്ങിയ

സ്ഥലങ്ങൾ ഉന്നം വച്ച് പഠിക്കുന്ന ആളുമാണെന്ന്. പാത്താം ക്ലാസിലും പ്രീഡിഗ്രിക്കും ഞാൻ 'ഉന്നത' വിജയങ്ങൾ നേടിയതിനാലും പഠിപ്പിനേക്കാൾ കൂടുതൽ സമയം കണ്ണാടിക്കു മുൻപിൽ മേയ്ക്കപ്പിനായും പാരഗൺ ചെരുപ്പ് വെളുപ്പിക്കുന്നതിനായും ചിലവഴിക്കുന്നതിനാലും "ഓന്തോടിയാൽ എവിടെ വരെ ഓടും, ഏറിയാൽ ബോംബെ വരെ" നിന്നെ ഒരു വഴിക്കും വിടില്ലെന്ന് പറഞ്ഞ് എന്റെ ആത്മവിശ്വാസത്തെ ഈർക്കിലികൊണ്ടടിച്ചു കൊല്ലാൻ നോക്കി.

വീട്ടിൽ പണിക്ക് വരുന്ന ആൾക്കാരുടെ കൂടെ അവരെപ്പോലെ നിന്ന് പണികൾ ചെയ്താൽ അവർക്ക് കൊടുക്കുന്ന കൂലിയുടെ അമ്പതു ശതമാനം എനിക്കും തന്നിരുന്നു. അതാണ് വീട്ടിലെ രീതി. സിനിമ, ഗാനമേള, ടൂർണമെന്റുകൾ, പൂരം, അമ്പ് പെരുന്നാൾ, ചന്ദക്കുടം, തുടങ്ങിയ ജീവിതത്തിലെ പരമപ്രധാനമായ കാര്യങ്ങൾക്ക് വേണ്ടി ഫണ്ട് കണ്ടെത്തിയിരുന്നത് ഇങ്ങിനെയായിരുന്നു. വാഴക്കുഴി കുത്തലും തെങ്ങിന് തടമെടുക്കലും വെള്ളം തിരിയലും നാളികേരം പെറുക്കലും പൊതിക്കലും കമ്പാരിറ്റീവ്‌ലി നെല്ലുപണിയേക്കാളും എളുപ്പമാണ്.

ഒരു ദിവസം ഞങ്ങളുടെ കണ്ടത്തിൽ നിന്ന് ബാക്കി വന്ന ഞാറ്റുമുടികൾ തലച്ചുമടായി കൊണ്ടുപോകുമ്പോൾ എതിരേ ദാണ്ടെ മിസ്സ്. കൊടകര ഷട്ടിൽ, സന്ധ്യാ മേനോൻ വരണ്. എന്നും കാലത്ത് എട്ടുമണിയുടെ കൊടകര ഷട്ടിലിൽ വച്ച് കണ്ടിട്ട് ഇതുവരെ മിണ്ടിത്തുടങ്ങാത്ത പ്രീഡിഗ്രീക്കാരിയായ ആ ലലനാമണി, വരമ്പത്ത് എനിക്ക് സൈഡ് തന്നപ്പോൾ ഒരു ചെറു പുഞ്ചിരിയുമായി, "കുറച്ചുകൂടേ സ്പീഡിൽ നടക്കൂ" എന്ന് എന്നോട് പറഞ്ഞ ആ 5:30 പി.എം. ന് ഭൂമി രണ്ടായി പിളർന്ന് ഞാനും എന്റെ തലയുടെ മുകളിലുള്ള ഇരുപത്തിരണ്ട് മുടി ഞാറും താഴേക്ക് പോയെങ്കിൽ എന്ന് ഞാൻ പ്രാർത്ഥിച്ചു.

ചേട്ടനെപ്പോലെ, ഞാനും കേരളം വിടാനുണ്ടായ പ്രധാന കാരണങ്ങളിലൊന്ന് ഈ മൂന്നുപറ നിലമാണ്. മൂത്തവർ ചൊല്ലും മുതുനെല്ലിക്കയും മുൻപ് കയ്ക്കും പിന്നെ ഒടുക്കത്തെ മധുരായിരിക്കും എന്നത് ഈ പെർട്ടിക്കുലർ കാര്യത്തിൽ ഇപ്പോഴും ഒരു ചോദ്യമായി നിൽക്കുകയാണ്. ജീവൻ ടി.വിയിലെ ഹരിത കേരളം തുടങ്ങിയ പ്രോഗ്രാമുകൾ കാണുമ്പോൾ ഇടക്കൊക്കെ "കൊച്ചുരാമേട്ടാനാകാമായിരുന്നു" എന്ന് തോന്നിപ്പോകാറുണ്ടെങ്കിലും. . . !

# 3

# കോഴിപിടുത്തം

*(October 01, 2005)*

എൺപതുകളിൽ, കോഴികളെ ഓടിച്ചുപിടിക്കൽ എന്റെ ഒരു മെയിൻ ഹോബിയും വീക്ക്നെസ്സുമായിരുന്നുവെന്നത്, ഞങ്ങളുടെ ഏരിയയിലുള്ള മനുഷ്യർക്ക് മാത്രമല്ല, കോഴികൾക്കും അറിയാമായിരുന്നു. അതുകൊണ്ട്, ശാന്തി ഹോസ്പിറ്റലിന്റെ പരിസരത്തുള്ള ഒരു കോഴിയും, അതിനി പൂവനായിക്കോട്ടേ പെടയായിക്കോട്ടേ, നമ്മുടേ മുൻപിലൂടെ നെഞ്ചും വിരിച്ച് നടക്കാൻ ധൈര്യപ്പെട്ടിരുന്നില്ല.

അപ്രതീക്ഷിതമായി വിരുന്നുകാർ വരിക അല്ലെങ്കിൽ പൊളിറ്റിക്സ് മൂലം കൂട്ടിൽ കയറാതെ കോഴി കറങ്ങിനടക്കുക തുടങ്ങിയ സാഹചര്യങ്ങളിലൊക്കെയാണ് സാധാരണയായി നമ്മുടെ സേവനം ആവശ്യമായി വരിക. ബ്രോയിലർ യുഗം തുടങ്ങുന്നതിനുമുൻപൊക്കെ, വിരുന്നുകാർക്കും വിശേഷങ്ങൾക്കുമായി പല പരുവത്തിലുള്ള കോഴികളാൽ നിറഞ്ഞ ഹെവിഡ്യൂട്ടി കോഴിക്കൂടുകൾ നിലനിർത്തിപ്പോരേണ്ടത് ഒരാവശ്യമായിരുന്നു.

ശാസ്ത്രീയമായുള്ള കോഴിപിടുത്തത്തിന്റെ ടെക്നിക്കുകളിലേക്ക്....

ആദ്യമായി പിടിക്കാൻ ഉദ്ദേശിക്കുന്ന കോഴിയുടെ പിറകേ, രണ്ടുമിനിറ്റ് കൂളായി നടക്കണം. ലൈസൻസില്ലാതെ വണ്ടിയോടിക്കുന്നവൻ പുറകിൽ പോലീസ് ജീപ്പു കണ്ടപോലെ, ഇവൻ എന്തിനാണാവോ എന്റെ പിന്നാലെ നടക്കുന്നതെന്ന് ഓർത്തോർത്ത് കോഴിക്ക് ഒടുക്കത്തെ ടെൻഷനാകും. അവിടെയാണ് രണ്ടാംഘട്ടം ആരംഭിക്കുന്നത്.

നടത്തം മാറ്റി പെട്ടെന്ന് ഓടിച്ച് കല്ലുകൊണ്ടോ പട്ടക്കഷണം കൊണ്ടോ കോഴിയെ വെറുതെ ഒരു ഏറ് കൊടുക്കണം (ഉന്നം പിടിക്കേണ്ടതില്ല). ഒരുമാതിരിപ്പെട്ട കോഴികളെല്ലാം അറ്റകൈ പ്രയോഗമെന്നോണം അപ്പോൾ പറന്നിരിക്കും. എമർജൻസി കേയ്സുകളിൽ മാത്രം പറക്കുന്ന കോഴി, ക്രാഷ് ലാന്റ് ചെയ്ത് വീണ്ടും ഓടുമ്പോൾ ഒരു ശരാശരി കോഴി ഓടുന്നതിന്റെ നാലിലൊന്ന് (150 മീറ്റർ) മാത്രമേ പിന്നീട് ഓടാൻ പറ്റൂ. ബോഡി വെയ്റ്റ് കൂടിയതുകൊണ്ട്, പറക്കുമ്പോൾ എനർജി ലാപ്സാസി കോഴിയുടെ പരിപ്പിളകി സ്റ്റാമിന കുത്തനെ കുറയുന്നതുകൊണ്ടാണിങ്ങനെ സംഭവിക്കുന്നത്. പിന്നെ പതുങ്ങുകയല്ലാതെ വേറോരു ഓപ്ഷനില്ല.. ഇനി മൂന്നാമത്തെയും അവസാനത്തെയും ഘട്ടം.

വെട്ടുകത്തിയുപയോഗിച്ച് കോഴിയുടെ തല വെട്ടിമാറ്റുന്ന ഏർപ്പാട് അശാസ്ത്രീയമാണ്. പ്രാചീന മനുഷ്യൻ വെട്ടുകത്തി കണ്ടുപിടിച്ചതിന് ശേഷം ചില മാനിയാക്കുകൾ ചെത്തുകാരെപ്പോലെ എ

ണുകണ്ടാലും അതിലൊന്നു വെട്ടി നോക്കുന്ന പ്രവണതയുമായി ബന്ധമുള്ളതാണിത്. കാലുകൾ ചവിട്ടിപ്പിടിച്ച്, തെക്കോട്ട് നോക്കി നിൽക്കുന്ന കോഴിയുടെ ഫേയ്സ് 180 ഡിഗ്രിയിൽ കറക്കി വടക്കോട്ടേക്കാക്കി ഒരു ചെറിയ വലി വലിച്ചാൽ. ദാറ്റ്–സ്–ഓൾ. കോഴി പോലും അറിയാതെ ആത്മാവ് റിലീസാവും.

ഒരിക്കൽ തൊട്ടടുത്ത ഗോപിസാറിന്റെ വീട്ടിൽ ഓർക്കാപ്പുറത്തൊരു വിരുന്നുകാരൻ. നല്ല പരിചയമുള്ള ചാത്തനായതോണ്ട് ഞാനൊറ്റക്ക് അന്വേഷിച്ച് പുറപ്പെട്ടു. രവിച്ചേട്ടന്റെ പറമ്പിൽ കണ്ടില്ല, വിജയൻമേനോന്റെ പറമ്പിലുമില്ല, ഉറുവിന്റെ താഴെയുമില്ല, പതിവ് സ്ഥലത്തൊന്നും പൂവനെ കാണാഞ്ഞ് ഞാൻ അന്വേഷണം വ്യാപിച്ചു. ദാണ്ടെ, ചുള്ളൻ മറ്റു പൂവന്മാരോട് ‘പൊന്നാപുരം കോട്ട’ സിനിമയുടെ കഥയും പറഞ്ഞ് പാടത്തിറക്കത്ത് നിൽക്കുന്നു..!

ഓപ്പറേഷനൊക്കെ ജോറായി, പക്ഷെ, പിറ്റേന്ന് നേരം വെളുത്തപ്പോൾ കൊന്നുതിന്ന പൂവൻ ഉറക്കച്ചടവോടെ ബ്രേക്ക്–ഫാസ്റ്റ് കൊത്തി കൊത്തി തിന്നുന്നത് കണ്ട് ഗോപിസാറും അതിന്റെ അലയെന്നോണം ഞാനും ഞെട്ടി. വല്യ താമസല്ല്യാണ്ട് നാല് വീട് അപ്പുറത്തുള്ള കുട്ടി പോൾ അവരുടെ യങ്ങ് ഹാൻസം പൂവൻ അബ്സ്സ്കോണ്ടിംഗ് എന്ന് പറഞ്ഞു അന്വേഷിക്കാൻ വന്നു. ഗോപിസാർ തന്റെ കോഴിയെ പോളിനോട് പിടിച്ചോണ്ട് പൊയ്ക്കോളാൻ പറഞ്ഞ് പ്രശ്നം സോൾവാക്കിയെങ്കിലും, എന്റെ അച്ഛൻ, “ഇനി നാട്ടുകാരുടെ കോഴിയെ പിടിക്കാൻ നടന്നാൽ നിന്റെ കാല് തല്ലിയൊടിക്കുമെടാ” എന്നുപറഞ്ഞെന്നെ ഉപദേശിച്ചു.

റിസ്കെടുക്കേണ്ട എന്ന് വച്ച് ഞാൻ കോഴിപിടുത്തം അതോടെ നിറുത്തി.

# 4

# പോലീസും ആശാരിമാരും

*(October 08, 2005)*

എനിക്ക് ഇരുപത് വയസ്സായപ്പോഴേക്കും പോലീസിലുള്ള പേടിയൊക്കെ നിശ്ശേഷം മാറിയിരുന്നു.

സ്വന്തം ഏരിയയിൽ, തികഞ്ഞ ആത്മവിശ്വാസത്തിൽ ജീവിച്ചുപോന്ന അക്കാലത്ത്, കൊടകരയിലെ ടോപ്പ് പുലി പന്തല്ലുക്കാരൻ ജെയിംസേട്ടന്റെ വീട്ടിൽ ഒരു കള്ളൻ കയറുകയും കുറച്ച് സ്വർണ്ണവും കാശുമെല്ലാം കൊണ്ടുപോവുകയും ചെയ്തു. ജെയിസേട്ടന്റെ പൊന്നിനും പണത്തിനും സാധാരണക്കാരന്റേതിനേക്കാൾ 'മൂല്യം' ഉള്ളതുകൊണ്ട്, പുതുക്കാട് സി.ഐ. നേരിട്ടന്വേഷണം ആരംഭിച്ചു.

അങ്ങിനെ, പോലീസ് കൊണ്ടുപിടിച്ചന്വേഷിക്കുന്നതിന്റെ ഭാഗമായി, രാത്രി ഉറക്കം കുറവായതുകൊണ്ട് കറക്കം കൂടിയവരേയും മുൻപ് കേസുകളിൽ പെട്ട് പേരുദോഷം വന്നവരേയുമെല്ലാം, സ്റ്റേഷനിലേക്ക് ചായയും പരിപ്പുവടയുമൊക്കെ കൊടുത്ത് സൽക്കരിക്കാൻ വിളിപ്പിച്ചു.

ഈ സമയത്ത് എന്റെ വീട്ടിൽ കുറച്ച് ആശാരിപ്പണി നടക്കുന്നുണ്ടായിരുന്നു. പണിക്കു വന്നിരുന്ന രണ്ട് പേർ ലിസ്റ്റിലുണ്ടെന്നറിവ് കിട്ടിയപ്പോൾ "ഇനി പണിയാൻ കോൺസെന്ട്രേഷൻ കിട്ടില്ലെ"ന്ന് പറഞ്ഞ് അന്നത്തെ കൂലിയും വാങ്ങി രാഷ്ട്രീയക്കാരെ അന്വേഷിച്ച് അവർ പോയി.

ഇവരെത്തേടി പോലീസ് വന്നപ്പോൾ അധികം ചോദ്യങ്ങൾ ഒഴിവാക്കാനായി മെയിൻ ആശാരി "അവർ ലഞ്ച് ബ്രേയ്ക്കിന് പോയതാ. . . പിന്നെ കണ്ടില്ല" എന്ന് പറയുകയും അതേപോലെ തന്നെയേ പറയാവൂ എന്ന് ഞങ്ങളോടും റിക്വസ്റ്റ് ചെയ്യുകയും ചെയ്തു.

പിറ്റേ ദിവസം ഒരു ജീപ്പ് നിറയെ വിരുന്നുകാർ – പൈലിസാറും കൂട്ടരും – വരുന്നത് കണ്ട് ഞാൻ ഒട്ടും അങ്കലാപ്പില്ലാതെ കൂളായി ഗേയ്റ്റിനടുത്തേക്ക് ചെന്നു. നമ്മുടെ നാട്, നമ്മുടെ വീട്, കേസുമായി നമുക്കൊരു ബന്ധവുമില്ല. . . പിന്നെ ആത്മവിശ്വാസക്കുറവിന്റെ പ്രശ്നം ഉദിക്കുന്നില്ലല്ലോ. മുങ്ങിയ ആശാരിമാരെക്കുറിച്ചായിരുന്നു ചോദ്യങ്ങൾ.

ഇന്നലെ എത്ര പേർ വന്നിരുന്നു, മിനിയാന്നെത്ര, അതിന്റെ തലേന്നെത്ര. . . അങ്ങിനെ ചോദ്യം നീണ്ടപ്പോൾ "ഓ അതൊക്കെ ഞാനെങ്ങിനെ ഓർത്തിരിക്കാനാ" എന്ന് ഒരു ആവേശത്തിൽ ഞാൻ പറഞ്ഞുപോയി.

എന്റെ ആറ്റിട്യൂഡും ഡയലോഗും ആളെ ഹഠാദാകർഷിച്ചിരിക്കണം. ഗംഗ നാഗവല്ലിയായിമാറിയ പോലെ പൊടുന്നനെ പൈലിസാർ നാഗപൈലിയായി മാറി. എന്നെ അതിരൂക്ഷമായി നോക്കിക്കൊണ്ട് ഡോൾബി ഡിജിറ്റൽ സൗണ്ടിൽ "എത്രയാടാ നിന്റെ പ്രായം" എന്നലറിക്കൊണ്ട് ജീപ്പിൽ നിന്നും ചാടിയിറങ്ങി.

റോഡുപണി നടക്കുന്നിടത്ത് പി.ഡബ്ലിയു.ഡി. എഞ്ചിനീയർമാർ നിൽക്കുന്ന പോലെ ഗൗരവം വിടാതെ നിന്നിരുന്ന എന്റെ നെഞ്ചീന്ന് അഞ്ചാറ് കിളികൾ ഒരുമിച്ച് പറന്നുപോവുകയും ഹൃദയം താളബോധം നഷ്ടപ്പെട്ട് ഡബിൾ സ്പീഡിൽ മിടിക്കാൻ തുടങ്ങുകയും ചെയ്തു.

"ഇരുപത്തൊന്ന്" എന്ന് കൊച്ചുകുട്ടികളുടെ ശബ്ദത്തിൽ പറയുമ്പോൾ എന്റെ മുണ്ടിന്റെ മടക്കിക്കുത്ത് ഞാനഴിച്ചത് തികച്ചും യാന്ത്രികമായിട്ടാണ്. ആദ്യമായി ഫുഡ്ബോൾ ഹെഡ് ചെയ്തപോലെ ഒരു മിനിറ്റ് നേരത്തേക്ക് എന്റെ സ്ഥലകാല ബോധം നഷ്ടമായി.

"തൊണ്ണൂറ്റൊന്നല്ലല്ലോടാ" എന്ന് പറയാനായിരുന്നു എന്നോട് വയസ്സ് ചോദിച്ചത്.

അവശേഷിച്ച ആത്മധൈര്യം വച്ച്, "എന്നോടിങ്ങിനെയൊക്കെ പറയാൻ ഞാനെന്തു പിഴച്ചു" എന്ന് സൗമ്യമായി ചോദിക്കുകയുണ്ടായി.

"നീ പിഴച്ചാലും കൊള്ളാം ഇല്ലേലും കൊള്ളാം, ഞങ്ങൾ കുറച്ച് വിവരങ്ങൾ അറിയാനാണ് ഇവിടെ വന്നത്, മര്യാദക്ക് പറഞ്ഞാൽ നിനക്ക് കൊള്ളാം, അല്ലെങ്കിൽ നിന്നേക്കൊണ്ട് ഞാൻ പറയിക്കും" എന്ന്. . . . ഈശ്വരാ. . .

ദിവസവും കൂലി കൊടുക്കുന്നത് എഴുതി വക്കുന്ന പുസ്തകമുണ്ട്, അതിൽ നോക്കിയാൽ കറക്ടായി ഓരോ ദിവസവും എത്ര പേർ വന്നുവെന്ന് അറിയാമെന്ന് പറഞ്ഞ്, ഞാൻ ബുക്കെടുക്കെടുത്തുവന്നു. കണക്കുപുസ്തകം നോക്കിയ പൈലി സാർ, എന്നെ അടിമുടി സൂക്ഷിച്ച് നോക്കി.

മെയിൻ ആശാരി പറഞ്ഞതനുസരിച്ച് കൂലി വാങ്ങാതെയാണ് 'മുങ്ങിയവർ' പോയെന്നാണ് ഞാൻ ഇത്രയും നേരം പറഞ്ഞിരുന്നതേയ്.

ഞാനുറപ്പിച്ചു, നല്ല തെറിയോട് കൂടിയ ഡിസന്റ് ഇടികൾ വീട്ടുകാരുടെയും നാട്ടുകാരുടേയും മുന്നിൽ വച്ച് ദേ കിട്ടാൻ പോണ് എന്ന്.

"ഇവിടെ വച്ച് ചോദിച്ചാലൊന്നും ഇവൻ മര്യാദക്ക് പറയില്ല, സ്റ്റേഷനിൽ കൊണ്ടുപോയിട്ട് ചോദിക്കാം ബാക്കി" എന്ന് പൈലി സാർ അടുത്തിരിക്കുന്ന എസ്. ഐ. യോട് പറഞ്ഞു.

അതു കേട്ടപാടെ, എന്റെ ഹാർഡ് ഡിസ്ക് അടിച്ചുപോയപോലെ തോന്നി. എന്റെ തലച്ചോറിന്റെ ചുളിവുകൾ ഒരോന്നായി നിവർന്ന്, ഉറക്കത്തിൽ ട്രെയിനിന്റെ ബർത്തിൽ നിന്ന് ഉരുണ്ട് വീണപോലെ എന്താണ് സംഭവിച്ചതെന്ന് മാത്രമല്ല, ഞാനാരാണ്, എവിടെയാണ് ഞാൻ നിൽക്കുന്നത് എന്നുപോലും എനിക്ക് ഓർക്കാൻ പറ്റാതായി.

കൃത്യ സമയത്ത്, ദാണ്ടെ, ദൈവദൂതന്റെ പോലെ മെയിൻ ആശാരിയുടെ തല റോഡ് മുറിച്ച് കടന്നുപോകുന്നു. . . പോലീസ് ജീപ്പ് കണ്ട് ചുള്ളൻ അവിടന്ന് തെറിക്കാൻ നോക്കിയതാ. ഞാൻ ആളെക്കാട്ടിക്കൊടുത്തപ്പോൾ അറിവില്ലാ പൈതമായ എന്നെ ഉപേക്ഷിച്ച് നിർമ്മല ഹൃദയനായ പൈലി സാർ, ആളെപ്പിടിച്ചു.

പണ്ടൊരിക്കൽ, പാടത്ത് നെല്ലിന് പരാമർ തെളിക്കാൻ വന്ന കുറ്റികൊണ്ട് ഞാൻ ചെടികൾക്ക് തെളിച്ചിട്ട്, ഒന്നര മാസത്തോളം നന്നായി ശ്വാസം വലിച്ചാൽ 'പരാമറിന്റെ'മണം കിട്ടിയിരുന്നു. അതേ പോലെ, കുറച്ച് കാലം എന്റെ വീടിനെ പരിസരത്ത് പൈലി സാറിന്റെ ശബ്ദവും കേട്ടിരുന്നു.

സംഗതി, എന്നെ അവർ വെറുതെ ഒന്ന് പേടിപ്പിച്ചതായിരുന്നു. തമാശയ്ക്ക്. അല്ലെങ്കിൽ ആശാരിമാർ പണിക്ക് വന്ന കണക്കോർമ്മയില്ലാത്തതിന് ആരെയെങ്കിലും പോലീസ് സ്റ്റേഷനിൽ കൊണ്ടോയി ഇടിക്കുമോ??

എന്തായാലും വല്ലാണ്ട് ആത്മവിശ്വാസം നല്ലതല്ലെന്നും 'അയ്യപ്പന്റെ അടുത്തു പുലികളി പാടില്ല്'എന്നും നല്ലോണം മനസ്സിലായി.

# 5

# മനസ്സാക്ഷിക്കുത്ത്

*(October 10, 2005)*

മുകുന്ദേട്ടൻ ഒന്നര H. R–ൽ, ഗ്ലാസ് നിറച്ചും സോഡയൊഴിച്ച് ആർത്തിയോടെ കുടിച്ചു. തണുത്ത സോഡകുമിളകൾ മേൽച്ചുണ്ടിലേക്കും മൂക്കിന്റെ തുമ്പത്തേക്കും പൊട്ടിത്തെറിച്ചു. രസമുകുളങ്ങൾക്ക് കിട്ടിയ നാരങ്ങ അച്ചാറിന്റെ തോണ്ടലിൽ നാക്ക് കോരിത്തരിച്ച് 'ഠേ'എന്നൊരു ശബ്ദമുണ്ടാക്കി.

“മുകുന്ദേട്ടോ. . . ഇപ്പോ ഹെർക്കുലിസ് റമ്മും, ഓൾഡ് കാസ്ക് റമ്മും തമ്മിൽ വിലയിലുള്ള വ്യത്യാസം ഗുണത്തിലില്ല എന്നാണല്ലോ കേക്കണത്. ഒ.സി.ആർ പോരേ..?”

“ഏയ്. വേണ്ട വേണ്ട. അതടിച്ചാൽ ആ ദിവസം മുഴുവൻ തലവേദന്യാ.. പത്തുരൂപ കൂടിയാലും എനിക്ക് എച്ച്.ആർ. തന്നെ മതി”.

പ്രൊഡക്ഷൻ നിറുത്തിയിട്ട് മാസങ്ങളോളമായ H. R. ന്റെ ഒഴിഞ്ഞ കുപ്പികളിൽ O.C.R. ഒഴിച്ച് വയ്ക്കേണ്ടിവരുന്ന എന്റെ മനസ്സാക്ഷിക്കുത്ത് ആരറിയാൻ.

“ഒന്നര എച്ച് ആറും സോഡയും. . . ” രണ്ടുമണിക്കൂർ കഴിഞ്ഞ് മുകുന്ദേട്ടൻ വീണ്ടും ബാറിന്റെ ഒരു മൂലയിൽ നിന്നും വിളിച്ചുപറഞ്ഞു.

# 6

# ബി.ബി.സി. ന്യൂസും രാജേട്ടനും

*(October 15, 2005)*

എത്ര ചെറിയ ന്യൂസായാലും അത് സെൻസേഷണലാക്കാനുള്ള ആ അപാര നേയ്ക്കായിരിക്കണം, പെട്ടിക്കട ഭാസ്കരേട്ടൻ, ബാസ്കരേട്ടൻ ബ്രോഡ്–കാസ്റ്റിങ്ങ് കോർപ്പറേഷൻ എന്നറിയപ്പെടാൻ കാരണം.

ചുറ്റുവട്ടത്ത് നടക്കുന്ന പ്രേമങ്ങൾ, ഒളിച്ചോട്ടങ്ങൾ, ഡൈവോഴ്സുകൾ, ആത്മഹത്യകൾ അതിന്റെ കാരണങ്ങൾ തുടങ്ങി, എത്ര അത്യാവശ്യകാര്യങ്ങൾക്ക് പോവുകയാണെങ്കിലും അത് മാറ്റിവച്ച് 'ഒരു ചെവി ന്യൂസ് കേൾക്കാൻ' താൽപര്യമുള്ള വിഷയങ്ങളിൽ റിസെർച്ച് നടത്തിയിരുന്നടി ഭാസ്കരേട്ടൻ, ഇത്തരം കാര്യങ്ങളിൽ കാണിക്കുന്ന അർപ്പണബോധവും താൽപര്യവും, സാക്ഷാൽ ബിൽ ഗേർറ്സിന് മൈക്രോസോഫ്റ്റിനോട് പോലുമുണ്ടാകുമോ എന്ന് സംശയമാണ്.

നാട്ടിലെ ബാർബർമാർ വരെ വിഷയദാരിദ്ര്യം നേരിടുമ്പോൾ ന്യൂസ് അപ്ഡേഷന് വേണ്ടി ബി.ബി.സി.യെ തേടി വരും. ഒരു ചായയും രണ്ട് പരിപ്പുവടയും കഴിച്ചാൽ അവർക്ക് ഒരുമാസം കസ്റ്റമേഴ്സിന്റെ ചുറ്റിനും ഓടി നടന്ന് തലമുടി വെട്ടാനുള്ള വിശേഷം കിട്ടും.

ഒരു ദിവസം ശാന്തി അങ്ങാടി ഉണർന്നത് ഒരു ഹോട്ട് ന്യൂസ് കേട്ടാണ്.

സ്ഥലം തടിയൻ, 110 കിലോ വിഭാഗത്തിലെ എതിരില്ലാ പഞ്ചഗുസ്തി ചാമ്പ്യൻ, രാജേട്ടൻ കഴുത്തറുത്ത് ആത്മഹത്യ ചെയ്തു. . . !

"കഴുത്ത് വട്ടനെ മുറിഞ്ഞുപോയി. നാറു കനത്തില് ലേശം തോലി മാത്രമേ വിടാനുള്ളൂ. . . ഓ. . . ഒറ്റ നോട്ടേ നോക്കാൻ പറ്റൂ. . . എന്നാ കണ്ടോരു പറയണേ. . . ഇപ്പോ പോസ്റ്റ്–മോർട്ടം നടത്താൻ കൊണ്ടോയേക്കാണ്. . . "

"മുറിയുടെ മുകളിലെ ഓട് രണ്ടെണ്ണം ഇളകിയതുകൊണ്ട്, ഇനി ആരെങ്കിലും കൊന്നതാണോന്നാർക്കറിയാം.?"

"എന്തൊരു തങ്കപ്പെട്ട മനുഷ്യനായിരുന്നു. . . "

അങ്ങിനെയോരോന്ന് പറഞ്ഞ് ഭാസ്കരേട്ടൻ തിമർക്കുകയാണ്..!

രാജേട്ടനുമായി പഞ്ചഗുസ്തി വകയിലും അല്ലാതെയും വളരെ അടുപ്പമുണ്ടായിരുന്ന ഞാൻ, ഒരു സുഹൃത്തിനെ കാണാൻ പോകുമ്പോഴായിരുന്നു ഈ ന്യൂസ് ഡീറ്റെൽഡായി കേട്ടത്. പിന്നെ, എനിക്ക് എന്റെ ഹാർഡ്‌ലി ഡേവിഡ്സൺ (BSA SLR) സീറ്റിലിരുന്ന് ചവിട്ടാൻ പറ്റുമായിരുന്നില്ല.

അങ്ങിനെ ഫുൾ സ്പീഡിൽ പോകുമ്പോൾ എന്റെ മനസ്സിൽ നിറച്ചും, രാത്രി സെക്കന്റ് ഷോ കഴിഞ്ഞ് രാജേട്ടൻ ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ മുൻപിലൂടെ എങ്ങിനേ ഒറ്റക്ക വരും എന്ന ടെൻഷനായിരുന്നു.

രാത്രി ഒറ്റക്ക് വരുമ്പോൾ രാജേട്ടൻ വഴിക്ക് നിന്ന് സൈക്കിളിൽ ഡബിളു വക്കാൻ പറയുന്നതും അത് കേട്ട് പേടിച്ച് "എന്റമ്മോ. . . " എന്ന് നിലവിളിക്കുന്നതും, പേടി പറ്റി എനിക്ക് വട്ടാകുന്നതും, അത് മാറ്റാൻ പുല്ലൂർ മിഷൻ ആശുപത്രിയിൽ കൊണ്ടോയി ഷോക്കടിപ്പിക്കുന്നതും എല്ലാം എന്റെ മനസ്സിലൂടെ മിന്നിമറഞ്ഞു.

ചെന്നപാടെ രാജേട്ടന്റെ മരണവിവരം ബി.ബി.സി. റിപ്പോർട്ടിന്റെ കൂടെ എന്റെ വക അൽപസ്വൽപം ആഡ് ചെയ്തു പറയുന്ന നേരത്ത്, ഒരു ചേച്ചി ഒരു കൊച്ചിനേയും എടുത്ത് ആ വഴി കടന്നുപോയി.ഇതുകണ്ട എന്റെ പ്രിയ സുഹൃത്ത് "ടാ. . . ആ ചേച്ചിക്ക് രാജേട്ടനുമായി എന്തോ ബന്ധം ഉണ്ട്, അവരോട് ചോദിക്കാം" എന്ന് പറഞ്ഞ് ആ സഹോദരിയെ വിളിച്ചു. എന്നിട്ട്, "ഇന്നു മരിച്ച ആ രാജേട്ടൻ നിങ്ങടെ ആരാ" എന്ന് ചോദിച്ചു.

"ഏത് രാജേട്ടൻ?" ചേച്ചി ചോദിച്ചു.

വീട്ടുപേർ കൂട്ടി രാജേട്ടന്റെ പേർ പറഞ്ഞപ്പോൾ, ചേച്ചി കൊച്ചിനെ താഴെയിറക്കി ചോദിച്ചു:

"എപ്പോ..???"

അതിന് ഞാനാണ് മറുപടി പറഞ്ഞത്.

"ഇന്നു രാവിലെ. കഴുത്ത് ബ്ലേഡ് കൊണ്ട് മുറിച്ചാത്രേ ആത്മഹത്യ ചെയ്തത്. ഇപ്പോൾ ബോഡി പോസ്റ്റ്–മോർട്ടത്തിനായി തൃശ്ശൂർക്ക് കൊണ്ടോയേക്കാ. . . "

ഇത്രക്കും പറഞ്ഞതും ആ ചേച്ചി. . .

"എന്റെ കുഞ്ഞാഞ്ഞേ. . . . . . " എന്നൊരു അകറലായിരുന്നു പിന്നെ. അവർ രാജേട്ടന്റെ സ്വന്തം സഹോദരിയായിരുന്നേയ്. . . !

വീട്ടിൽ മരണ അറിയിപ്പ് വരുന്നതിനേലും മുൻപ്, ഞാനാ ഇൻഫോർമേഷൻ പാസ് ചെയ്ത ആത്മ നിർവൃതിയിൽ റിലാക്സായി ഇരുന്ന് സൈക്കിൾ ചവിട്ടി തിരിച്ചുപോയി.

റിലാക്സേഷൻ അധികം എഞ്ജോയ് ചെയ്യാൻ പറ്റിയില്ല. മധുരിമ ബേയ്ക്കറിയുടെ മുൻപിൽ എത്തിയപ്പോൾ. . .

കണ്ട കാഴച എന്നെ അടിമുടി ഞെട്ടിച്ചു.

ദാണ്ടെ, ആതംഹത്യ ചെയ്ത നമ്മുടെ രാജേട്ടൻ ഓട്ടോ റിക്ഷയിൽ കഴുത്തിലൊരു കെട്ടുമായി 'സിസർ ഫിൽട്ടർ' വലിച്ചിരിക്കുന്നു.

ഞാൻ ആത്മസംയമനം വീണ്ടെടുത്ത് ഒന്നും അറിയാത്ത പോലെ രാജേട്ടനോട് ചോദിച്ചു:

"എന്ത് പറ്റി, കഴുത്തിലൊരു കെട്ടൊക്കെയായിട്ട്. . . ??"

ആക്ച്വലി, ആൾ കള്ളുകുടിച്ച് വന്ന് വീട്ടുകാരെ പേടിപ്പിക്കാൻ ബ്ലേയ്ഡ് എടുത്ത് കഴുത്തുമുറിച്ചപ്പോൾ, ചോര കണ്ട് ബോധം പൊവുകയും ശാന്തി ഹോസ്പിറ്റലിൽ പോയി മുറിവ് ഡ്രസ്സ് ചെയ്യുകയുമായിരുന്നു.

എനിവേ. . . , എനിക്ക് സുഹൃത്തിന്റെ വീടിന്റെ ഭാഗത്ത് നല്ല കവറേജ് കിട്ടി. ഈ ന്യൂസ് ഞാനാണ് ഇറക്കിയതെന്നും, ഒരു കാര്യവുമില്ലാതെ രാജേട്ടന്റെ പെങ്ങളും ഫാമിലിയും കൂട്ടക്കരച്ചിൽ നടത്തിയതിനും കാർ വിളിച്ച് പോയതിനുമെല്ലം ഞാനൊറ്റൊരുത്തനാണ് ഉത്തരവാദിയെന്നും എന്നെ അവർക്ക് 'ഒന്നു കാണണം' എന്നും പലരും പറഞ്ഞറിഞ്ഞു.

കർത്താവിനറിയാം ദൈവത്തിന്റെ കാര്യം എന്ന പോലെയായിരുന്നു എന്റെ അവസ്ഥ. എന്തായാലും കുറേക്കാലം ആ ഏരിയയിൽ കാൽ കുത്തിയില്ല. പ്രത്യേകിച്ച് അവിടെപ്പോകേണ്ട ഒരു ആവശ്യവും വന്നില്ല, അല്ലാതെ പേടിച്ചിട്ടൊന്നുമല്ലായിരുന്നു. . . .

# 7

# യാചകൻ

*(October 20, 2005)*

അമ്മാ....

ആരാ ഉമ്മറത്ത്...? അകത്തുനിന്നൊരു സ്ത്രീ ശബ്ദം.

അമ്മാ...വല്ലതു തരണേ... ഞാൻ ശബ്ദം കുറച്ചുകൂടി കൂട്ടി.

വീട്ടുകാരിക്ക് എന്നെ മനസ്സിലായില്ലെങ്കിലും ഞാനേത് ടൈപ്പാണെന്ന് മനസ്സിലായി.ഒരു കുമ്പിൽ അരിയുമായി വന്നടുക്കുമ്പോൾ ആ വീട്ടിലെ കുഞ്ഞുങ്ങളുടെയും നാട്ടിലെ യാചകരുടെയും മാത്രം സ്വന്തമായ ആ അമ്മ, 'ഈ ധർമ്മക്കാരെക്കൊണ്ട് തോറ്റു, ഇന്ന് കാലത്ത് മുതലേ ജാഥയാ, വീട്ടിലൊരു പണിയും മുഴമിപ്പിക്കാൻ സമ്മതിക്കില്ല'എന്ന് പറഞ്ഞത് എനിക്ക് കേൾക്കാതിരിക്കാൻ കഴിഞ്ഞില്ല.

അരി എന്റെ അലൂമിനീയം പാത്രത്തിലേക്ക് കിരുകിരാ ശബ്ദമുണ്ടാക്കി വീണു. ചെമ്പൻ പുഴുക്കലരി, സോർട്ടെക്സ് അല്ല. നോ പ്രോബ്ലം. ഇക്കാലത്ത് പുഴുക്കലരി ചോറുണ്ണാൻ ചില്ലറ ഭാഗ്യമൊന്നും പോരാ... ഞാൻ വായനക്കാതെ മനസ്സിൽ പറഞ്ഞോണ്ടിരുന്നു.

ഇങ്ങിനെയുള്ള ഡയലോഗുകൾ, ചില്ലറയോ അരിയോ തന്ന് പറഞ്ഞാലൊന്നും എനിക്ക് ഫീൽ ചെയ്യാറില്ല. കാരണം ഞാനൊരു സെയിൽസ്മാൻഷിപ്പുള്ള ഭിക്ഷക്കാരനാ..

ജനത്തിന് വൃത്തിയായി ഏത് ജോലി ചെയ്യുന്നവരേയും ബഹുമാനമാണെന്നല്ലേ. അപ്പോൾ വൃത്തിയായി തെണ്ടുന്നവരേഎയും ഭയങ്കര ബഹുമാനം ആവണമല്ലോ.!

ഭിക്ഷ കൊടുക്കുന്നത് മഹാപുണ്യമാണെങ്കിൽ വാങ്ങുന്നതിലെന്ത് പുണ്യക്കേട്.

ഒരു വീടുകൂടെ കവർ ചെയ്ത ക്ഷീണവുമായി വീടിന്റെ ഗെയ്റ്റ് കടക്കുമ്പോൾ അതാ വൃത്തിയുള്ള ഡ്രസ്സിട്ട അഞ്ചോ ആറോ പേർ ഒന്നിച്ച് ആ വീട്ടിലേക്ക് വരുന്നു.

പിരിവുകാരാണ്. പത്ത് കിലോമീറ്റർ അകലെയുള്ള ഏതോ ഒരു സ്ഥലത്തെന്തോ നടക്കുന്നു, അതിന്റെ പിരിവ്.

നാണമില്ലാത്തവർ, പ്രത്യേകിച്ചൊരു ജോലിയും ചെയ്യാതെ, ഓരോന്നിന്റെയും പേരുപറഞ്ഞ്, വല്ലവന്റെ കാശുകോണ്ട് പുട്ടടിച്ച് നടക്കുന്നു. വൃത്തികെട്ടവന്മാർ..! ദേഷ്യമടക്കാൻ ഞാൻ വല്ലാതെ പാടുപെട്ടു.

*ഒരു ടിപ്പ്: കമ്പാര ഭാഷയിൽ 'ഏട് സെപ്പേ'*എന്നാൽ 'ഹവ്വാർ യൂ'എന്നർത്ഥം.

# 8

# ഉളുമ്പത്തുംകുന്ന്

*(October 29, 2005)*

കൊടകരക്കടുത്ത് കിടക്കുന്ന ഉളുമ്പത്തുംകുന്ന്, ഒരു ചെകുത്താൻകൂടിയ സ്ഥലമാണെന്നാണ് പൊതുവേ വിശ്വാസം. വിശേഷിച്ച് അപകടമുണ്ടാവാനുള്ള വളവോ ചെരിവോ ഒന്നുമില്ലാഞ്ഞിട്ടും കുന്ന് മുതൽ കുളത്തൂർ വരെയുള്ള ഒരു കിലോമീറ്ററിൽ ആഴ്ചയിൽ ഒരപകടമെങ്കിലും ഉണ്ടാകുന്നതാണ് ഇങ്ങിനെയൊരു അഭിപ്രായത്തിന് കാരണം. അതുകൊണ്ട് തന്നെ, തൃശ്ശൂർ–ചാലക്കുടി റൂട്ടിൽ സ്ഥിരമായി വാഹനമോടിക്കുന്ന ഡ്രൈവർമാർ പലർക്കും ഈ ഏരിയയിൽ എത്തുമ്പോൾ വല്ലാത്തൊരു ടെൻഷൻ അനുഭവപ്പെടുന്നതായും പറയപ്പെടുന്നു.

ഇങ്ങിനെയൊക്കെയാണെങ്കിലും, ഉളുമ്പത്തുംകുന്നുകാർ കൊടിയ അഭിമാനികളാണ്, ഭൂമിശാസ്ത്രപരമായി അതിഭയങ്കരമായ പ്രത്യേകതകളുള്ളസ്ഥലമാണത്രേ അവരുടേത്. ഭാരതമെന്ന് കേട്ടാലും കേരളമെന്ന് കേട്ടാലും ഇനി തൃശ്ശൂരെന്ന് കേട്ടാലുമൊന്നും പ്രത്യേകിച്ച് അഭിമാനപൂരിതരൊന്നുമാവാത്ത അവർ, കുന്ന് എന്ന് കേട്ടാൽ ചോര കുടുകുടെ തിളക്കുന്നവരാണ്. അവിടെയുള്ള ഏതെങ്കിലുമൊരുത്തന്റെ തലയിൽ കാക്ക കൊത്തിയാൽ വരെ അതിനെതിരെ പ്രതികരിക്കാൻ എല്ലാവരുമുണ്ടാകും.

കേരളത്തിന്റെ അങ്ങേ തലക്കൽ നിന്ന് ഒരു കയർ ഇങ്ങേത്തല വരെ വലിച്ചുപിടിച്ചാൽ, അതിന്റെ നടു വന്ന് നിൽക്കുന്നത് 'ഉളുമ്പത്തുംകുന്ന് ടവർ'(കപ്പേള) ന്റെ മുന്നിലാവുമത്രേ...!

മുപ്പത്തഞ്ച് കൊല്ലം മുൻപ് അവിടെ ഒരു കിണർ കുത്തിയപ്പോൾ കണ്ടെടുത്ത ആട്ടുകല്ല്, ടിപ്പുസുൽത്താന്റെയായിരുന്നുവെന്ന് അവർ പ്രഖ്യാപിച്ചു. അതിന് ശേഷം, ടിപ്പുസുൽത്താൻ ഉപയോഗിച്ചിരുന്ന മുട്ടിപ്പലക, ബാറ്ററയുടെ ചെരുപ്പ്, ആളുടെ സൈക്കിളിന് എയറടിച്ചിരുന്ന പമ്പ്, അങ്ങിനെ പലതും തുടർന്ന് കിട്ടുകയുണ്ടായി. വഴക്കിന് പോകേണ്ട എന്ന് വച്ച് ആരും അത് ചോദ്യം ചെയ്തതുമില്ല., ടിപ്പുവിന്റെയോ അലക്സാണ്ടറുടെയോ ആരുടെ വേണമെങ്കിലും ആയിക്കോട്ടെ എന്ന നിലപാടിൽ സമീപവാസികൾ ഉറച്ചുനിന്നു.

പത്താം ക്ലാസ്സിന് ശേഷം പഠിക്കാൻ പോകുന്നതിനോട് പൊതുവേ താൽപര്യം കുറവാണ് അവിടുത്തുകാർക്ക്. അതിന്റെ കാരണം, പഠിച്ച് ജോലിക്കായി അലഞ്ഞുതിരിയാൻ അവർക്കിഷ്ടമല്ല. റബർ കർഷകരെപ്പോലെ റബർ ചെടി നട്ട്, പാല് ഇന്ന് വരും മറ്റെന്നാൾ വരും എന്നൊന്നും കാത്തിരിക്കാനും ക്ഷമയില്ലാത്തതുകൊണ്ട്, കൃഷിപ്പണിയിലും താൽപര്യമില്ല.

അങ്ങിനെ, 'അട്ടിമറി'പ്രധാന തൊഴിലായി അന്നാട്ടുകാർ തിരഞ്ഞെടുത്തു.

'ഒരു മഞ്ഞ തലേക്കെട്ടും കെട്ടി, ഉളുമ്പത്തും കുന്നിലെ ഏതെങ്കിലുമൊരു കലുങ്കുമ്മേ ഇരുന്ന് കൊടുത്താൽ മാത്രം മതി..ആവശ്യക്കാർ വണ്ടി വന്ന് കൊണ്ടോയിക്കോളും.... പിന്നെന്ത് വേണം??

കൂടെക്കൂടെയുണ്ടാകുന്ന അപകടങ്ങൾ പലപ്പോഴും അന്നാട്ടുകാർക്ക് ചാകര യായി മാറിയിട്ടുണ്ട്. അവിടെ മറിഞ്ഞ വണ്ടികളിൽ, അരി, ഗോതമ്പ്, മീൻ, പച്ചക്കറി, വെളിച്ചെണ്ണ, ചാരായം, കള്ള്, തുടങ്ങിയ നിത്യോപയോഗ സാധനങ്ങൾ കയറ്റിയവയും പെട്ടിട്ടുണ്ട്.

അപകടമുണ്ടായാൽ ഇത്രമാത്രം സഹകരിക്കുന്ന നാട്ടുകാരെ നമുക്ക് കണ്ടുകിട്ടാൻ പ്രയാസമാണ്. പുലർച്ചെ 5 മണിക്കടുത്ത് മറിഞ്ഞ ചാള (മത്തി )കയറ്റിയ 407, ഒരു മണിക്കൂർ കൊണ്ട്, പൊടിപോലുമില്ലാ കണ്ടുപിടിക്കാനെന്ന് പറഞ്ഞപോലെ വൃത്തിയാക്കി വണ്ടി 'മോറി'വച്ചത് ചില്ലറ കാര്യമാണോ??

അപകടം നടന്നതറിഞ്ഞ് വന്ന പോലീസുകാർ വണ്ടിക്കാരോട് ചോദിച്ചത്രേ. 'ലോഡ് വണ്ടിയാണെന്നല്ലേടാ പറഞ്ഞത്...ഇത് കാലി വണ്ടിയാണല്ലോ? എന്ന്.

" മറിഞ്ഞപ്പോൾ ഫുൾ ലോഡുണ്ടായിരുന്നു. ആക്സിഡന്റ് നടന്ന് ഒരഞ്ചുമിനിറ്റിനുള്ളിൽ ആണുങ്ങളും പെണ്ണുങ്ങളും കുട്ടികളുമൊക്കെയായി ഒരു പട വന്ന്, പറഞ്ഞനേരംകൊണ്ട് ചൂരക്കൊട്ടയിലും മാനാങ്കൊട്ടയിലും വാരിയിട്ട് കൊണ്ടോയി സാറെ" എന്ന് ഡ്രൈവർ.

എനിവേ, അന്ന് ഉളുമ്പത്തുകുന്നുകാർ വിവരമറിഞ്ഞു..! ഫ്രിഡ്ജില്ലാത്തതുകൊണ്ട്, കൂട്ടാനും ഫ്രൈക്കും പുറമേ, തോരൻ, ഉപ്പേരി, ചില്ലി ചാള, ചാള 65 തുടങ്ങി, ചാള കഞ്ഞി വരെ വച്ച് കുടിച്ച് ആർമാദിച്ചു. ആനന്ദം ഒരു ദിവസത്തിൽ കൂടുതൽ കിട്ടിയില്ല. ചാള നെയ്യ് അമാശയത്തിന്റെ തലക്കടിക്കുകയും ബാലസുധ കുടിച്ചവരെപ്പോലെ അന്നാട്ടുകാർ രണ്ടുദിവസം 'വെരി ബിസി'ആവുകയും ചെയ്തു.

ആ സംഭവത്തിന് ശേഷം ചാള അവരാരും കഴിക്കാതെയായി. ചാള കണ്ടാൽ ഇപ്പോഴും ഉളുമ്പത്തുംകുന്നുകാർ തെറിപറയുമത്രേ..!

# 9

# നീർക്കോലിയും മൂർഖനും

*(November 07, 2005)*

തക്ഷകൻ V/Sപരീക്ഷിത്ത് കേസിന്റെ വിധി പ്രകാരം, പാമ്പുകൾ മനുഷ്യരെ അങ്ങോട്ട് ചെന്ന് കടിക്കില്ലെന്ന് സത്യം ചെയ്ത് കൊടുത്തിട്ടും എന്ത് ഫലം? പാമ്പുവർഗ്ഗത്തിലെന്തിനെ ക്കണ്ടാലും അതിനെ എത്രയും പെട്ടെന്ന് തല്ലിക്കൊല്ലാതെ നമുക്ക് കെടക്കമരിങ്ങ് കിട്ടുമോ? കടി കിട്ടിയാൽ കിട്ടിയപോലെയിരിക്കുന്ന വിഷപ്പാമ്പുകളെ കൊല്ലുന്നതിൽ വല്ല്യ അഭിപ്രായ വ്യത്യാസം എനിക്കില്ല. പക്ഷെ, ഒരു വിഷവുമില്ലാത്ത മഹാപ്രാക്കുകളായ നീർക്കോലികളെ എന്തിന്...

കൊയ്ത്ത് സീസണായാൽ കൊടകര പാടത്ത് നീർക്കോലിപ്പാമ്പുകളുടെ സംസ്ഥാന സമ്മേളനം നടക്കും. കൊയ്ത്ത് കൂട്ടിയ നെല്ലിൻ ചുരുട്ടുകൾക്കടിയിൽ കയറിക്കൂടി, ആ ഇളം ചൂടിൽ കുറച്ചുനേര മൊന്ന് നടുവളച്ച് റെസ്റ്റ് ചെയ്യാനെത്തുന്ന പാവം നീർക്കോലി പൈലുകളെ, കറ്റയെടുക്കുമ്പോൾ ക്രൂരമായി തല്ലിക്കൊന്നാൽ വല്ലാത്തൊരു സായൂജ്യം കിട്ടിയിരുന്നൊരു കാലം എനിക്കുമുണ്ടാ യിരുന്നു.

കൊന്ന് കൂട്ടിയിട്ട്, 'കംബ്ലീറ്റ് പാമ്പിനേയും കൊന്നു, ഇനി ആർക്കും ഒന്നും പേടിക്കാനില്ല'എ ന്ന്, കൊയ്ത്ത്കാറ് പെണ്ണുങ്ങളുടെയിടയിൽ നിന്ന് നെഞ്ചും വിരിച്ച് പറയുമ്പോൾ, 'കണ്ണേ എൻ മുന്നേ കടലും തുള്ളാത്' എന്ന ഭാവമായിരിക്കുമെനിക്ക് .

കാലങ്ങൾ കടന്നുപോയപ്പോൾ ഇമ്മാതിരി അഭ്യാസങ്ങളും ഒന്നിനുപിറകേ ഒന്നായി എന്നെ വിട്ടൊഴിഞ്ഞുപോയി. അങ്ങിനെയിരിക്കേ ഒരു ദിവസം, ഞാൻ ചേട്ടന്റെ കല്യാണം ക്ഷണി ക്കാനായി ചാലക്കുടിക്കടുത്ത് കുന്നപ്പിള്ളി എന്ന സ്ഥലത്തുള്ള എന്റെ ബന്ധുവീട്ടിൽ പോയി, ചായക്കും എസ്കോർട്ടായി പോകുന്ന കായവറുത്തതിനുമിടയിലുള്ള ഗ്യാപ്പിൽ കല്യാണവിശേഷ ങ്ങൾ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ, അവരുടെ പറമ്പിൽ നിന്നൊരു ബഹളം.

പാമ്പ്...പാമ്പ്

പറമ്പ് പണിക്ക് വന്ന കുറച്ച് പേർ പാമ്പിനെ കണ്ട് ബഹളം വച്ചതാണ്.

എന്റെ മനസ്സിലുറങ്ങിക്കിടന്നിരുന്ന പഴയ ആ പാമ്പ്കൊല്ലി, സടകുടഞ്ഞെണീക്കാൻ സെക്ക ന്റുകൾ മാത്രമേ വേണ്ടി വന്നുള്ളൂ...! കല്യാണം ക്ഷണിക്കാൻ പോയ ഞാൻ, ആ വീട്ടുകാരെ

ഒന്നടങ്കം അമ്പരപ്പിച്ചുകൊണ്ട്, ബാധകൂടിയപോലെ പറമ്പിലേക്കോടി, വഴിയിൽ കിടന്ന ഒരു വടിയും എടുത്തോണ്ട്. വെളിച്ചപ്പാടിന്റെ പിന്നാലെ ഓടുന്ന ഭക്തരെപ്പോലെ വീട്ടുകാരും.

സ്പോട്ടിൽ ചെല്ലുമ്പോൾ നമ്മുടെ ചുള്ളൻ, ഔസേപ്പേട്ടൻ പറ്റായി റോഡ്സൈഡിലെ കാനയിൽ കെടക്കണോണം കിടക്കുകയാണ്. സാക്ഷാൽ പുല്ലാനി മൂർഖൻ.

ഞാൻ വന്നത് അറിയാഞ്ഞഞ്ഞിട്ടാണോ, അതോ കണ്ടിട്ടും 'പോയേരാ ചെക്കാ'എന്ന റോളിലാണോ എന്ന് വ്യക്തമായില്ല., പാമ്പ് നമ്മളെ മൈന്റ് ചെയ്യാതെ ചെറിയ തോട്ടിൽ കിടക്കുകയാണ്.

എന്റെ പ്രകടനം കാണാൻ പണിക്കാരും പിന്നെ ആ വീട്ടിലെ ചേച്ചിമാരും പിന്നിലായി അണിനിരന്നു. ഇടതുമാറി വലതുമാറി വലിഞ്ഞമർന്ന് ഞാൻ കൈപാങ്ങ് നോക്കി. എയിം ശരിയാവുന്നില്ല. ആ സെറ്റപ്പിൽ അടി കിട്ടിയാലൊന്നും പാമ്പിന് കനപ്പെടില്ല എന്ന് എനിക്ക് മനസ്സിലായി.

പാമ്പിനോട് 'ഒന്നഡ്ജസ്റ്റ് ചെയ്ത് കിടക്കാൻ'പറയാൻ പറ്റാത്തതുകൊണ്ട്, ഉദ്വേഗജനകമായ നിമിഷങ്ങളവസാനിപ്പിച്ച് കാണികളുടെ അക്ഷമയെക്കരുതി, ഞാൻ സർവ്വശക്തിയുമെടുത്ത് കിട്ടിയാ കിട്ടി പോയാ പോയി എന്ന നിലപാടിൽ, ഒറ്റ പെടയങ്ങ് കൊടുത്തു.

മൂർഖനും നീർക്കോലിയും തമ്മിലുള്ള പ്രധാന വ്യത്യാസം അപ്പോ എനിക്ക് മനസ്സിലായി.

അടികൊണ്ടവശം പാമ്പ്, ശ്ശ്ശ്ശൂ... എന്നൊരു ശബ്ദമുണ്ടാക്കി രണ്ടടിയോളം പൊങ്ങി ഒറ്റ വരവായിരുന്നു എന്റെ നേരെ. അപ്രതീക്ഷിതമായ ആ പ്രത്യാക്രമണത്തിൽ സകല കണ്ട്രോളും പോയ ഞാൻ, പാമ്പുണ്ടാക്കിയതിനേക്കാളും പത്തിരട്ടി ഒച്ചയിൽ ഒരു പ്രത്യേകതരം ശബ്ദം പുറപ്പെടുവിച്ചുകൊണ്ട് തിരിഞ്ഞോടി. ഓടാനുള്ള ശേഷിയൊഴിച്ചെല്ലാം നഷ്ടപ്പെട്ട ഞാൻ അങ്ങിനെ ഹാപ്പിയായി പവലിയനിലേക്ക് മടങ്ങി. കാണികൾ നിരാശരായി.

'വിവാഹം ക്ഷണിക്കാൻ പോയ യുവാവ് പാമ്പുകടികൊണ്ട് മരിച്ചു', 'ആഗ്രഹങ്ങൾ ബാക്കിയാക്കി യുവാവ് യാത്രയായി'എന്നീ ഹെഡിങ്ങുകളിൽ പത്രത്തിൽ എന്നെപ്പറ്റി ഒറ്റക്കോളം ന്യൂസ് വരുന്നതിൽ എനിക്ക് വല്യ ത്രില്ലൊന്നുമില്ലാത്തതുകൊണ്ടും ഞാൻ മൂലം ചേട്ടന്റെ കല്യാണം മുടങ്ങേണ്ട എന്നു വിചാരിച്ചും, ഞാൻ ആ പാമ്പിനെ വെറുതെ വിട്ടു.

തിരിച്ചുവന്ന് തണുത്ത ചായ കുടിച്ചവസാനിപ്പിക്കുമ്പോൾ, ആ വീട്ടിലെ എല്ലാവരുടെയും മുഖത്ത് കണ്ട ആ ചെറുപുഞ്ചിരി, എന്തിനാണെന്ന് എനിക്കെത്ര ആലോചിച്ചിട്ടും മനസ്സിലായില്ല. പക്ഷെ, 'ഒന്നും വേണ്ടായിരുന്നു'എന്നെന്റെ മനസ്സ് പറയുന്നുണ്ടായിരുന്നു.

അങ്ങിനെ, രാത്രിയിൽ ഭീകരസ്വപ്നങ്ങൾ കളിക്കുന്ന എന്റെ മനസ്സിന്റെ തീയറ്ററിൽ അന്നുമുതൽ പുതിയ ഒരു സ്വപ്നം കൂടെ റിലീസായി. പല പല രാവുകളിലും ഈ പാമ്പ് എന്നെ കൊത്താനോടിച്ചു; ഇപ്പോഴും ഓടിച്ചുകൊണ്ടേയിരിക്കുന്നു.

# 10

# പാപി

*(November 16, 2005)*

മകരമാസത്തിലെ ഒരു രാത്രിയിൽ, ചിത്രഹാറിന്റെ സമയത്ത് ശാന്തി ആശുപത്രിയിൽ വച്ച് എന്റെ സുഹൃത്ത് മാത്തന്റെ അമ്മാമ്മക്ക് സെഞ്ചുറി, കപ്പിനും ചുണ്ടിനുമിടക്ക് നഷ്ടപ്പെട്ടു. തേഡ് അമ്പയറിന് കൊടുത്ത് കുറച്ചധികം ടൈമെടുത്ത് ഔട്ടാകുകയായിരുന്നുവെന്നതിനാൽ അന്നേരം ആശുപത്രിയിൽ അമ്മാമ്മക്ക് കൂട്ടായി മാത്തനും, അവനു കൂട്ട് ഞാനും മാത്രമേ ഉണ്ടായിരുന്നുള്ളൂ.

പൊതുവേ, ജീവനുള്ളവയെന്നും ഇല്ലാത്തവയെന്നും വ്യത്യാസമില്ലാതെ, സഞ്ചാരമൊരുക്കാനു ള്ള വാഹനങ്ങൾ കൊടകരയുണ്ടെങ്കിലും, മനുഷ്യന്റെ കേസിൽ മാത്രം, ജീവൻ പോയാൽ പിന്നെ ചാലക്കുടിക്കാരെ ഡിപ്പന്റ് ചെയ്യേണ്ടിവരും.

ഭാസ്കരൻ ഡോക്ടറുടെ കത്ത് വാങ്ങി, സെന്റ് ജേയിംസിൽ നിന്ന് ആംബുലൻസ് ഏർപ്പാടാക്കി പറഞ്ഞുവിട്ടപ്പോഴേക്കും, തട്ടുകടകളുടെ 'ഹൈറോഡ്' ഉള്ള ചാലക്കുടി ഹൈവേയിൽ എനിക്കും അവനും, ഓംലെറ്റുകളും ബുൾസൈകളും വേവാൻ തുടങ്ങിയിരുന്നു. വിജയങ്ങളും പരാജയങ്ങളും ലാഭങ്ങളും നഷ്ടങ്ങളും ജനനങ്ങളും മരണങ്ങളും ആഘോഷിച്ചിരുന്ന ഒരു കാലം. അമ്മാമ്മ, മാത്തന്റെയായതുകൊണ്ട്, ചിലവും അവന്റെ വക.

മുട്ട മൊരിയുന്ന മാദക ഗന്ധത്തിൽ, പെട്രോൾ മാക്സിന്റെ ചൂടിൽ, സിസർ പാക്കറ്റുകൊണ്ടുള്ള തൊപ്പിവച്ച മണ്ണെണ്ണ വിളക്കിൽ നിന്ന് സിഗരറ്റ് കൂട് വെട്ടിയുണ്ടാക്കിയ കൊള്ളികൊണ്ട് തീ യെടുത്ത് വിൽസ് കത്തിച്ച് ഓംലെറ്റിനായി കാത്തിരുന്നു.

ആകൃതിയും സീറ്റിങ്ങും നഷ്ടപ്പെട്ടു തുടങ്ങിയ അലൂമിനിയം പ്ലേറ്റിൽ ഒആംലെറ്റ് നിസ്സഹായയാ യി കിടന്നു. ഉപ്പും കുരുമുളക് പൊടിയും കൊണ്ട് ഡെക്കറേറ്റ് ചെയ്ത് ഞാൻ സ്പൂണുകൊണ്ട്, ഒരു 'അരു'മുറിച്ചെടുത്ത് കഴിക്കാനോങ്ങിയപ്പോൾ, ഒരു സംശയം.

"ടാ., നിന്റെ അമ്മാമ്മ മരിച്ചിരിക്കല്ലേ, നിനക്ക് ഇനി ഇതൊന്നും ഒരാഴ്ചത്തേക്ക് കഴിക്കാൻ പാടുണ്ടോ?"

ഓംലെറ്റിനെ അതിഭയങ്കരമായി മോഹിച്ച്, ബെഡിൽ കിടന്ന് വനിത വായിക്കുന്ന ജയഭാരതി യെക്കണ്ട ബാലൻ.കെ. നായരെപ്പോലെയായ മാത്തൻ,

'ഒന്നു പോടാ.. ഞങ്ങൾ മാപ്ലമാർക്ക് നോൺ വെജൊഴിവാക്കിയിട്ടൊരു എടപാടില്ല' എന്നമറി.

ADSLകണക്ഷനിൽ 100 kbയുടെ ഒരു ഫൈൽ ഡൗൺലോഡ് ചെയ്യുന്ന സമയം മാത്രമേ ഞങ്ങൾക്ക് ഓംലെറ്റ് ഫിനിഷ് ചെയ്യാൻ അന്നും വേണ്ടി വന്നുള്ളൂ.

തിരിച്ചെത്തിയ ഞങ്ങളുടെ അടുത്ത ജോലി, ആളൂർമുതൽ കോടാലി വരെയുള്ള ഈ ബന്ധുക്കളെ അറിയിക്കലായിരുന്നു.

അങ്ങിനെ മൂന്നുമുറി എന്ന സ്ഥലത്തുള്ള അവരുടെ ഒരു ബന്ധുവിന്റെ വീട്ടിൽ പോകുമ്പോൾ സമയം അർദ്ധരാത്രി ഒന്നരയെങ്കിലും ആയിക്കാണണം. ഞാൻ കോളിംഗ് ബെല്ലടിച്ചു. അകത്തുനിന്ന് ഒരു മുരളൻ ചോദ്യം 'ആരരാആ ഇത് ?'. മറുപടിയിൽ മാത്തനെ തിരിച്ചറിഞ്ഞ അദ്ദേഹം ഞങ്ങളുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടത്, തൃശ്ശൂർ പാറമേക്കാവ് വിമൻസ് കോളേജിന്റെ മുൻപിൽ പഞ്ചാരയടിക്കാനായെന്നപോലെ രാവുപകല് നിന്ന നിൽപ് നിൽക്കുന്ന ശ്രീ. കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ സ്റ്റാച്ച്യൂ (?) കണക്കെയായിരുന്നു. ഒരു തലപ്പാവിന്റെ കുറവേ ഉണ്ടായിരുന്നുള്ളൂ...

ഉടുത്തിരുന്ന മുണ്ട് തോളിലിട്ട് അത് രണ്ടുകൈകൊണ്ടും വകഞ്ഞ് മാറ്റി, കുന്നത്തിന്റെ ഷഡ്ഡിയും ഇട്ടോണ്ട് 'സൂപ്പർമാനെ'പ്പോലെ നിന്ന റപ്പായേട്ടനെ കണ്ടിട്ട് ചിരിയുടെ കണ്ട്രോൾ പോയ ഞാൻ ഒന്നും പറയാതെ, ഒതുക്കിച്ചിരിച്ച് തിരിഞ്ഞു നടന്നു.

ചിരിയൊതുക്കാൻ കഴിയാതെ പാവം മാത്തൻ, പൊട്ടിച്ചിരിച്ചുകൊണ്ട് പറഞ്ഞു.

'അമ്മാമ്മ മരിച്ചു'

# 11

# കുടുംബം കലക്കി

*(November 20, 2005)*

വർഷാവർഷം വീട്ടിൽ നിന്നും സ്കൂളിൽ നിന്നും സുലഭമായി കിട്ടിപ്പോന്നിരുന്ന തല്ല് പോരാഞ്ഞിട്ട്, അമ്മാവന്റെ കയ്യിലുള്ളതുകൂടെ വാങ്ങിച്ചെടുക്കാൻ ഞാൻ സ്കൂൾ പൂട്ടിയതിന്റെ പിറ്റേന്ന് തന്നെ അമ്മവീടായ ആനന്ദപുരത്തേക്ക് പോകും.

സുന്ദരമായൊരു ഗ്രാമമായിരുന്ന ആനന്ദപുരം. ഗ്രാമത്തിന്റെ നിഷ്കളങ്കതയും റൊമാന്റിക്ക് അന്തരീക്ഷവും എന്റെ അച്ചാച്ഛനെയും അമ്മാമ്മയേയും; ഷാജഹാന്റെയും മുംതാസിനെയും പോലെ 'മേയ്ഡ് ഫോർ ഈച്ച് അദർ'ദമ്പതിമാരാക്കിത്തീർത്തു. എന്തായാലും അവരങ്ങിനെ ഒരാത്മാവും രണ്ട് ശരീരവുമായി കഴിഞ്ഞിരുന്നതുകൊണ്ട്, അമ്മാമ്മക്ക് പേറൊഴിഞ്ഞിട്ട് നേരമുണ്ടായിരുന്നില്ല.! ബ്രാല് പാറ്റിയപോലെ, പതിനാലെണ്ണം. കരിയോയിലിൽ വീണ് ചീർത്ത അഞ്ച് ഴിത്തിക് രോഷന്മാരും ഒമ്പത് ഐശ്വര്യാറായിമാരും. അച്ഛനും മക്കളും നിരന്ന് നിന്നാൽ പൂരത്തിന് പാറമേക്കാവ് വിഭാഗം ആനകൾ പുറം തിരിഞ്ഞുനിൽക്കുകയാണെന്നേ തോന്നൂ..!

അവരുടെ മക്കളും മരുമക്കളും തമ്മിൽ തമ്മിൽ ഇത്രമേൽ 'ആത്മാർത്ഥത'ഇല്ലാത്തതുകൊണ്ടാണോ അതോ ഹോബികളിൽ വന്ന മാറ്റമാണോ എന്തോ, ഭാഗ്യം, മക്കൾ നാലിൽ കൂടിയില്ല. എങ്കിലും, പലതുള്ളി പെരുവെള്ളം എന്ന് പറഞ്ഞോണം, സ്കൂളടച്ചാൽ, നാനാദിക്കിൽ നിന്നും അമ്മ വീട് ലക്ഷ്യമായൊഴികിയെത്തുന്നവരെല്ലാം വന്നുചേർന്നാൽ, അമ്മാവന്റെ വീട്, ഒരു ദുർഗുണപരിഹാരപാഠശാല പോലെയായി മാറും.

ബാലപീഢനകലയിൽ അതിനിപുണനായിരുന്ന ചെറിയമ്മാവന്റെ ശിക്ഷണത്തിൽ ആൺജാതിയിൽ പെട്ട അന്തേവാസികൾ, ഞങ്ങൾ, സപ്തസ്വരങ്ങളിൽ അകറിക്കരയാൻ നിത്യേനെയെന്നോണം പ്രാക്റ്റീസ് നടത്താറുണ്ട്.

പറമ്പും പാടവുമായി വലിയ ഒരു ഏരിയ തന്നെ സ്വന്തമായുണ്ടായിരുന്ന അമ്മാവന്; തല്ലാനുള്ള വടിയടക്കം ഒരുമാതിരി എല്ലാ കൃഷിയുമുണ്ടായിരുന്നു. അന്നാട്ടിൽ ഏറ്റവും ആദ്യം പത്തിന്റെ പമ്പ്(മോട്ടോർ) വാങ്ങിയത് താനായതുകൊണ്ട് ലോകത്തുള്ളവരെല്ലാം തന്നെ പേടിക്കുകയും ബഹുമാനിക്കുകയും വേണമെന്ന പ്രകൃതക്കാരനുമായിരുന്നു അദ്ദേഹം.

അമ്മാവന്റെ വളപ്പിലെ കിഴക്കുഭാഗം മുഴുവൻ കശുമാവാണ്. സ്കൂളടക്കുന്ന സീസണിലാണല്ലോ കശനണ്ടി വിളയുക. ബാലവേല നിരോധനനിയമമൊന്നും പ്രാബല്യത്തിൽ വരാതിരുന്ന അക്കാലത്ത്, കൊപ്ര കുത്തൽ, നെല്ല് ഉണക്കൽ, പറമ്പിൽ വെള്ളം തിരിക്കൽ, കൊള്ളിക്കിഴങ്ങ്

പറക്കൽ, കുർക്ക കുത്തൽ തുടങ്ങിയ പല പല ഗെയിമുകളേപ്പോലെ, കമ്പൽസറിയായി കളിക്കേണ്ടിയിരുന്ന ഒന്നാണ് രാവിലെയുള്ള കശനണ്ടി പെറുക്കൽ.

കൊടകര സ്കൂളിന് മുൻപിൽ ഐസ് വിൽക്കണ കൃഷ്ണൻകുട്ട്യേട്ടൻ സ്കൂൾ പൂട്ടിയാൽ ഓൾട്ടെർണേറ്റീവ് ഡേയ്സിൽ ആനന്ദപുരം വഴിക്ക കറങ്ങും. ഐസ് ഫ്രൂട്ട്, ബാർട്ടർ സമ്പ്രദായത്തിൽ കിട്ടിയിരുന്നു. 10 കശനണ്ടിക്ക് ഒരു സേമിയ ഐസ്, അതായിരുന്ന എക്സ്ചേഞ്ച് റേറ്റ്. നാളികേരം ഇടുന്നവർ ഒരു തേങ്ങ സാമ്പിളായി എടുത്തുമാറ്റിക്കൊണ്ടുപോകുന്നപോലെ, കിട്ടുന്നതിൽ കുറേ എണ്ണം ഞങ്ങൾ ഒരു പൊത്തിൽ ഇട്ടുവക്കും. ഇനിയാരെങ്കിലും കണ്ടുപിടിച്ചാൽ തന്നെ, എലി കൊണ്ടുവച്ചതാണെന്നും പറയാമല്ലോ!

ഉച്ചഭക്ഷണം കഴിഞ്ഞ് അമ്മാവനുറങ്ങിക്കഴിയുമ്പോഴാണ് ഐസുകാരന്റെ മണിയടി കേൾക്കുക. ഒരു ദിവസം പശുവിനെ കറക്കാൻ നേരത്തേയെണീറ്റ അമ്മാവൻ വരിവരിയായി വരുന്ന ഞങ്ങളെക്കാണുകയും ഓറഞ്ച് കളറുള്ള നാക്ക് കണ്ട് സംഭവം ഊഹിച്ചെടുക്കുകയും ചെയ്തു. അമ്മാവനെ അണ്ടർ എസ്റ്റിമേറ്റ് ചെയ്ത്, 'സത്യായിട്ടും ഐസ് തിന്നിട്ടില്ല മാമാ'എന്ന 916 ടച്ച് ഹോൾമാർക്ക് സത്യം പറഞ്ഞതിൽ പ്രസാദിച്ച് അടുത്ത് കണ്ട നീരോലി ചെടി കടയോടെ പറച്ച്, 'മേലാൽ നീ നുണപറയരുത്'എന്ന് പറഞ്ഞെന്നെ അടിച്ചൊതുക്കി.

കുതറിയോടാനും എതിർത്ത് ജയിക്കാനും പറ്റാത്ത അവസ്ഥ. പ്രായഭേദമന്യേ വർഗ്ഗഭേദമന്യേ ഏതൊരുമനുഷ്യനും എന്തിന്റെപേരിലായാലും ഈ അവസ്ഥ സങ്കീർണ്ണമാണ്.

ഐസ് ഫ്രൂട്ട് കേയ്സിൽ രക്തസാക്ഷിയായ ഞാനൊരു പ്രതികാര ദാഹിയായി മാറുകയായിരുന്നു. വിറകുപുരയിലെ ചാരത്തിൽ ഉതിർന്നുവീണ എന്റെ കണ്ണുനീർ തുള്ളികളെ സാക്ഷി നിർത്തി, അമ്മാവനെ ചേനത്തണ്ടൻ പാമ്പുകടിക്കണേയെന്ന് ഞാൻ ഉള്ളുരുകി പ്രാർത്ഥിച്ചു; പ്രാർത്ഥന പാമ്പുകൾ മൈന്റ് ചെയ്തില്ലെങ്കിലും...!

ആനന്ദപുരത്തെ ദേശീയോത്സവമാണ് തറക്കൽ ഭരണി. അന്നേദിവസം അമ്മാവൻ ഭയങ്കര ലാവിഷാണ്. എല്ലാവർക്കും ഓരോ പിടിയാണ് ചില്ലറ തരിക. അതുകൊണ്ടാണ്, ജയന്റെ പാസ്സ്പോർട്ട് സൈസ് കളർ ഫോട്ടോ, ബൈനാക്കുലർ, മിറർ മോതിരം തുടങ്ങിയവ വാങ്ങൽ, ഒന്നുവച്ചാൽ രണ്ട്, കലണ്ടറിലെ സ്റ്റിക്കർ പൊളിച്ചുള്ള ഗാംപ്ലിംഗ് തുടങ്ങിയവയൊക്കെ നടത്തി ആർമാദിച്ചിരുന്നത്.

അക്കൊല്ലം ഭരണിത്തലേന്ന്, സ്വന്തം ഡിസ്റ്റില്ലറിയിലുണ്ടാക്കിയ കശുമാങ്ങ ചാരായം കുടിച്ച് അമ്മാവൻ ഒരാവേശത്തിന്റെ പുറത്ത് കോൺസിക്വൻസസിനെക്കുറിച്ചോർക്കാതെ, 'എന്റെ എല്ലാ കൂടപ്പിറപ്പുകളും എന്നെ പറ്റിച്ചിട്ടേയുള്ളൂ'എന്ന് ഒരു ജെനറൽ വിജ്ഞാപനം പുറപ്പെടുവിച്ചു.

അമ്മാവന് ഒരു പണികൊടുക്കാനായി ഒരു ചാൻസ് നോക്കിനിന്ന ഞാൻ,അമ്മവന്റെ ഡയലോഗ് 'കൊടകരക്കാർ പറ്റിച്ച്'എന്നാക്കി മാറ്റി അതുവച്ച് ആർഭാടമായി ഒരു പുരാണമുണ്ടാക്കാൻ തന്നെ തീരുമാനിച്ചു. പതിവിലും നേരത്തേ, പൂരവും രാത്രിയിലെ 'കുഞ്ഞാലിമരക്കാർ'നാടകവും കഴിഞ്ഞ് , അമ്മയുടെ കൂടെ പിറ്റേന്ന് കാലത്ത് തന്നെ ഞാൻ ആവേശത്തോടെ തുള്ളിച്ചാടി വീട്ടിൽ പോയി പുരാണം, അച്ഛന്റെ ബ്ലോഗിൽ പോസ്റ്റ് ചെയ്തു..!!!

അവൻ മുണ്ടക്ക മാധവനാണെങ്കിൽ ഞാൻ എടത്താടൻ രാമനാണെടീ.... അവനെപ്പറ്റിക്കേണ്ട ആവശ്യമെനിക്കില്ലെടീ.... എന്നുതുടങ്ങി കുറേ ആത്മപ്രശംസാ വാചകങ്ങൾ ഉൾപെടുത്തിക്കൊണ്ട് അച്ഛൻ നടത്തിയ വെല്ലുവിളികളെയും ബഹളത്തെയും തുടർന്ന്, അടയും ചക്കരയുമായി കഴിഞ്ഞിരുന്ന, മാസിലൊരിക്കൽ പൈന്റ് വാങ്ങി പകുത്തടിച്ചിരുന്ന ആ അളിയനും അളിയനും, പിന്നെ കൊല്ലങ്ങളോളം ഇന്ത്യയും പാക്കിസ്ഥാനും പോലെയായി മാറി. പാവങ്ങൾ..!

ആ സംഭവത്തിന് ശേഷം അമ്മവീട്ടുകാരെല്ലാവരും ചേർന്ന് എനിക്ക് 'കുടുംബം കലക്കി'എന്ന ബഹുമതി തന്നാദരിച്ചു.

# 12

# ഉൾപ്രേരണകൾ

*(November 26, 2005)*

ചിലകാര്യങ്ങൾ അങ്ങിനെയാണ്. മനസ്സ് എത്ര തവണ 'വേണ്ട... വേണ്ടാ..'എന്ന് പറഞ്ഞാലും ശ്രമത്തിൽ നിന്ന് പിന്തിരിയാനാവില്ല. അല്ലെങ്കിൽ യോഹന്നാൻ ചേട്ടന്, കുളിക്കുമുൻപ് മേലാസകലം എണ്ണതേച്ച്, ശരീരത്തിൽ പിടിക്കാനായി, കുട്ടിത്തോർത്തുമുണ്ടുടുത്ത് സ്വന്തം പറമ്പിലൂടെ നടക്കുമ്പോൾ, മാവിൻ കൊമ്പത്ത് ടെമ്പററിയായി വന്നിരുന്ന മഹാളിക്കൂട്ടത്തെ പട്ടവടിയെടുത്തെറിയേണ്ട വല്ല കാര്യമുണ്ടായിരുന്നോ..??

'യൂറേക്കാആആആ..'എന്ന് വിളിച്ചോടിയ ആർക്കമെഡിസിനെ പോലെ, ഞാറ് വലിക്കുന്ന പെണ്ണുങ്ങളുടെ ഇടയിലേക്ക് പ്രണരക്ഷാർത്ഥം ഓടിക്കയറിയപ്പോൾ, ആ പെണ്ണുങ്ങളും, പിന്നെ തോട്ടുവരമ്പത്തുകൂടെ സ്കൂളിലേക്ക് പോയിരുന്ന കന്യാസ്ത്രീകളും, കുട്ടികളും ചിതറിയോടിയത്, മഹാളിക്കൂട്ടത്തെ കണ്ടിട്ടല്ലായിരുന്നു. തുണിയും കോണാനുമില്ലാതെ പാഞ്ഞടുക്കുന്ന പഞ്ചായത്ത് മെമ്പർ യോഹന്നാൻ ചേട്ടൻ 'ഇതെന്തിനുള്ള വരവാണ്'എന്ന് മനസ്സിലാവാത്തതുകൊണ്ടായിരുന്നു.

തോട്ടിൽ ചാടി മുങ്ങിക്കിടന്നതുകാരണം, കടന്നലിന്റെ ഫാമിലിയിൽ പെട്ട, തേനീച്ചയുടെ റാണിയുടെ വലുപ്പമുള്ള ആ മഹാളികൾ നിരാശരായി 'ഓ. ഷിറ്റ്'എന്ന് പറഞ്ഞ് പെട്ടെന്ന് തന്നെ മടങ്ങിയതുകൊണ്ട്, ശാരീരികമായി ആൾക്ക് കേടുപാട് അധികം പറ്റിയില്ല; പിന്നാമ്പുറത്ത് നാലണ്ണം കിട്ടിയതൊഴിച്ചാൽ.

പക്ഷെ, ഒരു ദുർബല നിമിഷത്തിൽ തോന്നിയ ആ ഉൾപ്രേരണ മൂലം, യോഹന്നാൻ ചേട്ടന് ചില്ലറ കവറേജാണോ സ്വന്തം വാർഡിൽ കിട്ടിയത്? ഒന്നും രണ്ടും പേരാണോ മെമ്പറുടെ 'ബോഡിലാങ്ക്വേജ്'മനസ്സിലാക്കിയത്??

കുളിക്കാൻ എണ്ണതേച്ച് വീടിന്റെ താഴെപ്പറമ്പിൽ കാഡ്ബറീസിന്റെ കളറായ വെള്ളതോർത്തുമുണ്ടെടുത്ത് ചൂളമടിച്ച് പാട്ടുപാടി നിന്നിരുന്ന ഇതിയാൻ, ആരുടെയോ പുള്ളിമുണ്ടുടുത്ത് ഓട്ടോറിക്ഷയിൽ വന്നിറങ്ങി മന്ദം മന്ദം വരുന്നതുകണ്ട്, യോഹന്നാൻ ചേട്ടന്റെ ഭാര്യ, 'ഇതെന്തൊരു മറിമായമാണെന്റെ കർത്താവേ..'എന്നു പറഞ്ഞ് താടിയിൽ കൈ വച്ചു പോയി. പിന്നീട്, വിശദാംശങ്ങളറിഞ്ഞപ്പോൾ, 'ഇനി നിങ്ങളെ എനിക്ക് കാണേണ്ട മനുഷ്യാ..', എന്ന് പറഞ്ഞത് വിതുമ്പിക്കൊണ്ടായിരുന്നു. അതുപിന്നെ...

അന്നുമുതൽ, യോഹന്നാനെന്ന പേരിനേക്കാളും വെയ്റ്റുള്ള ആർക്കമിഡിസ് എന്ന് പേർ ഇരട്ട പ്പേരായി വീഴുകയും, ഈ സംഭവം നേരിട്ട് കാണാത്തവരും അറിയാത്തവരും വരെ, പിന്നീട്, ഈ പേരിന്റെ ഉത്ഭവം അന്വേഷിച്ചറിയുമ്പോൾ യോഹന്നാൻ ചേട്ടന്റെ സ്ലക്ചർ അവരവരുടേ ടേയ്സ്റ്റനുസരിച്ച്, ഭാവനയിൽ കാണുകയും ചെയ്തു.

"ആൾക്ക് മഹാളിക്കൂട്ടത്തെ പട്ടവടിയെടുത്തെറിയേണ്ട വല്ല കാര്യമുണ്ടായിരുന്നോ..??"

കയ്യെത്തും ദൂരത്തായി തെങ്ങിൻ പട്ട പഴുത്ത് നിന്നാൽ അത് വലിച്ചിടാൻ വല്ലാത്തൊരു ഉൾ പ്രേരണ എനിക്ക് തോന്നാറുണ്ട്. ഒറ്റ വലിക്ക് പോന്നാൽ വല്യകുഴപ്പമുണ്ടാവാറില്ല. പക്ഷെ, ഞാന്ന് കിടന്ന് വലിക്കേണ്ടി വരുമ്പോൾ, പട്ട തെങ്ങുമായുള്ള ബന്ധം വിച്ഛേദിക്കപ്പെടുന്ന 'ക്ലം'എന്ന ശബ്ദം കേട്ടാൽ, വിത്തിനിൻ ഫ്രാക്ഷൻ ഓഫ് സെക്കന്റ്, തെങ്ങിന്റെ അടിയിൽ നിന്ന് ഓടി മാറണം. അല്ലലെങ്കിൽ, ബോധം വരുമ്പോൾ ശാന്തിയിലെ ചകിരി ബെഡിൽ ഉജാല മുക്കിയ, പച്ച കരയുള്ള ബെഡ്ഷീറ്റിൽ കിടന്ന് മുകളിൽ ഫാൻ ഞെരങ്ങി കറങ്ങണത് കാണും. പട്ടയുടെ കടഭാഗം എന്റെ മെഡുല ഒബ്ലാങ്കേറ്റയിൽ വന്നിടിക്കുകയായിരുന്നത്രേ..!! അതും ഒഴിവാക്കാമായിരുന്നു.

ഉറുമ്പിനെ കൊന്നാൽ അതും പ്രേതമാകുമെന്നെ വിശ്വസിച്ചിരുന്ന സ്കൂൾ കാലഘട്ടത്തിൽ, കൊ ടകര ദ്വാരകയിൽ 'ലിസ'പടം വന്നപ്പോൾ മറ്റൊരു ഉൾപ്രേരണ ഉണ്ടായി. മനസ്സിന്റെ വേണ്ടാ വിളികൾക്കൊന്നും പ്രസ്റ്റീജ് ഇഷ്യൂവായിപ്പോയ ഇക്കാര്യത്തിൽ എന്നെ തടയുവാനായില്ല. ഇന്നത്തെക്കാലത്തെ കുട്ടികളെ പേടിപ്പിക്കാൻ ചിലപ്പോൾ ഈ സിനിമക്കാവില്ലായിരിക്കും. പക്ഷെ, എന്റെ രാത്രിയിലെ ഉറക്കത്തെയും, മറ്റുപലതിനെയും ലിസ സാരമായി ബാധിച്ചു.

രാത്രിയിൽ കരയുന്ന പൂച്ചകളുടെ നിലവിളിയിൽ സീമയുടെ 'എന്നെ അറിയില്ലേ'എന്ന ഡയ ലോഗ് ഞാൻ കേട്ടു., പലവട്ടം.മിക്കവാറും ദിവസങ്ങളിൽ ഞാൻ ഏറെക്കുറെ രാത്രി ഒരുമണി– രണ്ടുമണിയാകുമ്പോൾ അന്നത്തെ ഉറക്കം മതിയാക്കി എണീക്കും. അച്ചാച്ഛന്റെ കൂർക്കം വലി ക്കിടയിൽ ചിലപ്പോൾ കേൾക്കുന്ന 'കാളവണ്ടി ബ്രേക്ക്'പിടിക്കുന്ന പോലെയുള്ള ശബ്ദത്തിൽ, സീമ എന്റെ വീടിന്റെ വാതിൽ ഉറന്നുവരുകയാണോഎയെന്ന് വരെ ഞാൻ സംശയിച്ചിട്ടുണ്ട്.

അച്ഛന്റെ കരിമ്പടത്തിനടിയിൽ ഗർഭസ്ഥശിശു കിടക്കുന്നപോലെ കിടന്നാലും പുറത്തെ വളരെ ചെറിയ ശബ്ദം പോലും ഞാൻ കേട്ടിരുന്നു. അറ്റാച്ച്ഡ് ബാത്ത് റൂമൊന്നും സങ്കൽപത്തിൽ പോ ലുമില്ലാതിരുന്ന അന്ന്, രാത്രിയിലെ യൂറിൻ പാസിങ്ങ് ഒരു ജെന്യുയിൻ പ്രശ്നം തന്നെയാണ്. കംഗാരു എലി എത്ര ഭാഗ്യവാൻ..!

പിന്നെപ്പിന്നെ, കിടക്കാൻ നേരത്ത്, ഒരു ചെറിയ ബക്കറ്റ് ചായ്പ്പിൽ ആരുംകാണാതെ ചാക്കു കൊണ്ട് മൂടി വച്ചാണ് ഈ പ്രശ്നം ഒരളവുക്ക് സോൾവ് ചെയ്തിരുന്നത്. ഒന്നും രണ്ടും ദിവസമല്ല. ആഴ്ചകളോളം..!

എന്നാ പറയാനാ, പേടി മാറി മര്യാദക്കുറക്കം കിട്ടാൻ അന്നും ഭാസ്കരൻ ഡോക്ടറുടെ മരുന്ന് വേണ്ടിവന്നു.

# 13

# രക്ഷസ്സ്

*(December 04, 2005)*

ഭൂതപ്രേതപിശാചുകളുടെ തൃശ്ശൂർ ജില്ലയിലെ ആസ്ഥാനമായിരുന്നു ആനന്ദപുരം ഗ്രാമം. പ്രിയൂർ മാമ്പഴത്തിൽ പുഴവരുന്നതിന്റെ കാരണം അതിന്റെ അതിമാധുര്യമാണെന്നതുപോലെ, ആനന്ദപുരത്തിന്റെ ക്ലൈമാറ്റിക് കണ്ടീഷൻസും ലൊക്കേഷന്റെ സൗന്ദര്യവുമാണ് ഇങ്ങിനെയൊരു അവസ്ഥക്ക് കാരണമെന്നാണ് അന്നാട്ടുകാർ പറയുന്നത്.

പ്രേതങ്ങളും യക്ഷികളും പൊതുവേ പാലയിലോ പനയിലോ മറ്റോ കേറി കൂടുന്നവരും, തെണ്ടന്മാർ 24 മണിക്കൂറും തെണ്ടിത്തിരിഞ്ഞ് നടക്കുന്നവരുമാണെങ്കിലും രക്ഷസ്സുകൾ അങ്ങിനെയല്ല. സ്വസ്ഥമായി ഒരിടത്ത് തന്നെ കഴിയാൻ ആഗ്രഹിക്കുന്നവരാണിവർ. അതുകൊണ്ടാണത്രേ രക്ഷസ്സിന് മാത്രം ഒരു ചെറിയ സെറ്റപ്പുണ്ടാക്കി അതിൽ അക്കോമഡേഷനും ഫുഡും അറേഞ്ച് ചെയ്തുകൊടുക്കുന്നത്. രക്ഷസ്സ് കറങ്ങി നടക്കില്ല, ഇരുത്തിയാൽ ഇരുത്തിയോടത്ത്. ദിവസത്തിലൊരിക്കൽ മാത്രം പുറത്തിറങ്ങും, രണ്ട് പുഷപ്പും മൂന്ന് ഗ്രൗണ്ടുമെടുത്ത് വീണ്ടും ധ്യാനനിരതനാകും.

ഇത്തരം അക്കോമഡേഷനുകൾക്കെല്ലാം പിന്നിൽ ഓരോരോ കഥകളുണ്ടായിരിക്കണം. ആനന്ദപുരത്തെ അത്തരമൊരു കഥയിലേക്ക്.....

ചൊവ്വാഴ്ചയായിരുന്നന്ന്. ഇരിങ്ങാലക്കുട ചന്ത കൂടുന്ന ദിവസം. സമീപ ഗ്രാമങ്ങളിലെ കർഷകരുടെ വിയർപ്പിന്, മണ്ണ് നിറഞ്ഞ ഹൃദയത്തോടെ കൊടുക്കുന്ന പുണ്യം മാർക്കറ്റ് ചെയ്യപ്പെടുന്ന ദിവസം. ഏഴരവെളുപ്പിന് തന്നെ അദ്ദേഹം എണീറ്റു. അല്ലെങ്കിലും തിങ്കളാഴ്ചകളിലെ രാത്രികളിൽ പൊതുവേ മൂപ്പർക്ക് ഉറക്കം കുറവാണ്. മനസ്സിൽ നിറയേ പ്രതീക്ഷകളും ആശങ്കകളുമായി കിടന്നാൽ ആർക്കാ ഉറങ്ങാനൊക്കുക. വെള്ളത്തിലിട്ട തലേന്നത്തെ ചോറും തൈരും പച്ചമുളകും കൂട്ടിക്കുഴച്ച് ഒരു പിടി പിടിച്ചുകൊണ്ടിരിക്കേയാണ് അദ്ദേഹത്തിന്റെ പത്നി ആ വിഷയത്തെപ്പറ്റി സൂചിപ്പിച്ചത്.

നിഷ്ലിഫെയറിന് പോകാനൊരുങ്ങിയ ആക്ലിനോവിന്റെ ഭാര്യയെപ്പോലെ അദ്ദേഹത്തിന്റെ ഭാര്യയും രാത്രിയിലൊരു സ്വപ്നം കണ്ടിരിക്കുന്നു. പക്ഷെ, മുടിയും താടിയും നരച്ച് വൃദ്ധനായിമാറിയെന്ന സ്വപ്നമല്ലായിരുന്നു ഇവിടത്തെ സ്വപ്നം.

കതിനക്കുറ്റിക്ക് കയ്യും കാലും വച്ച പോലെയിരിക്കുന്ന തന്റെ ഹബ്ബി കൊള്ളിക്കിഴങ്ങ് തൊണ്ട് കളഞ്ഞപോലെ വെളുത്തെന്ന ഒരു പ്രത്യേകതരം സ്വപ്നം.

സ്വപ്നത്തിന്റെ അസ്വാഭാവികതയിൽ, അസ്വസ്ഥമായി 'എന്താപത്താണീശ്വരാ വരാൻ പോകുന്നതെന്ന' ആവലാതിക്ക് ചെവികൊടുക്കാതെ, ചന്തയിലേക്ക് കൊണ്ടുപോകുന്ന സാധനങ്ങളുടെ വിലനിലവാരത്തെക്കുറിച്ചോർത്തുള്ള രാത്രിയിലെ ടെൻഷനിൽ തന്നെയായിരുന്നു അദ്ദേഹമപ്പോഴും.

പതിനാല് കൊല നേന്ത്രൻ, ചെറുകായ അഞ്ച്, മത്തൻ ജംബോ സൈസ് ആറെണ്ണം, ഇളവനും വെള്ളരിയും പന്ത്രണ്ടും പതിനെട്ടും വീതം, ഒരു ത്ലാനോളം പയറും തെക്കേലെ വറുതുണ്ണ്യേട്ടന്റെ പത്തിരുപത് കിലോ കൈപ്പക്കയും. അതാണന്നത്തെ ലോഡ്.

'തൃശ്ശൂർന്ന് വണ്ടിക്കാർ വന്നാൽ കഴിഞ്ഞാശ്ചയിലെപ്പോലെ ഇത്തവണയും ബ്രാല് വെള്ളത്തിലാവും' അദ്ദേഹം ദീർഘനിശ്വാസമുതിർത്തു.

കുടി കൊടുത്ത് വണ്ടിയിൽ കെട്ടിയ മൂരിക്കുട്ടന്മാർ റെഡി റ്റു മൂവ് എന്ന മട്ടിൽ ഏകാഗ്രതയോടെ യജമാനന്റെ 'ഹിയർ വി ഗോ'ക്ക് കാതോർത്തു. തോർത്തുമുണ്ട് തലയിൽ കെട്ടി, കാള വണ്ടിയിൽ ചാടിക്കയറി അദ്ദേഹം സീറ്റ് ബെൽട്ടിട്ട് 'ംബ്രേ..ംബ്രേ' എന്ന പ്രത്യേകതരം ശബ്ദം പുറപ്പെടുവിച്ചപ്പോൾ കാളകൾ ആവേശത്തിലായി.

ദേ.. സൂക്ഷിച്ചും കണ്ടുമൊക്കെ പോണം ട്ടാന്നുള്ള പതിവില്ലാതെയുള്ള പതിഞ്ഞ പറച്ചിലിന് ഒരു നോട്ടത്തിൽ കൂടിയ ഒരുത്തരവും വേണ്ടെന്ന് തീരുമാനിച്ച് അദ്ദേഹം വീണ്ടും ംബ്രേ..ംബ്രേ.. എന്ന ശബ്ദമുണ്ടാക്കിക്കൊണ്ട് ചാട്ടവാർ ചുഴറ്റിയടിച്ചു.

മാപ്രാണം ബണ്ടിലെ മണൽത്തരികളെയും ചരലിനെയും പുലർച്ചെ വിളിച്ചെണീപ്പിച്ച്, അങ്ങിനെ കാളവണ്ടികൾ ഇരിങ്ങാലക്കുടയിലേക്ക് പറന്നു.

പ്രത്യേകിച്ചൊന്നും സംഭവിച്ചില്ല. ടെൻഷനടിച്ചത് വെറുതേയായി. കരിമ്പനിയിൽ ജയൻ വരുമ്പോലെ പാട്ടും പാടി അദ്ദേഹം തിരിച്ചെത്തി. ഒരു പോറൽ പോലുമേൽക്കാതെ, തികഞ്ഞ സന്തോഷവാനായി.

അക്കാലത്ത് തറവാടിനുമുൻപിൽ പാതിമൂടിയ ഒരു കിണറുണ്ടായിരുന്നു. അത്യാവശ്യം സ്റ്റിപ്പായും ഉപയോഗിച്ചിരുന്നതുകൊണ്ട്, കുരുവീണ് മുളച്ച് വളർന്ന് വന്ന നാലഞ്ച് പ്ലാവിൻ തൈകൾ കൊക്കരണിയിൽ നിന്നുയർന്നു വന്നു. പക്ഷെ, എന്തോ കായ്ക്കാൻ നിൽക്കാതെ എല്ലാ പ്ലാവുകളും ഒന്നൊന്നായി ഉണങ്ങിപ്പോയി.

പതിവിലും വിട്ട് നേരത്തെ തിരിച്ചെത്തിയ അദ്ദേഹം വാട്ട് നെക്സ്റ്റ് എന്നാലോചിച്ചപ്പോൾ കൊക്കരണിയിലിറങ്ങി പ്ലാവൊക്കെയൊന്ന് വെട്ടി മാറ്റാനൊരു ഉൾപ്രേരണ അദ്ദേഹത്തിനുണ്ടായി.കോടാലിയും വെട്ടുകത്തിയും എളാങ്കുമായി പരസഹായമില്ലാതെ ഇറങ്ങിയ അദ്ദേഹത്തിന്റെ തരക്കേടില്ലാത്ത ഒരു അകർച്ച കേട്ട് മറ്റുള്ളവർ കിണറിനടുത്തേക്ക് ഓടി ചെല്ലുമ്പോൾ, തവള മലന്ന് കിടക്കുമ്പോലെ, കെടക്കുന്ന അച്ചാച്ചനെയാണ് കണ്ടത്. കസാര കെട്ടിയിറക്കി മുകളിലെത്തിക്കുമ്പോഴും ബോധം തിരിച്ചുകിട്ടിയിട്ടില്ലായിരുന്നു.

ദേഹമെല്ലാം തുടച്ച് കുറച്ച് കഞ്ഞിവെള്ളം കുടിപ്പിച്ചപ്പോൾ ആൾ പതുക്കെ ഉഷാറായി. പക്ഷെ, കിണറ്റിലിറങ്ങിയ നാരായണനായിരുന്നില്ല കയറിയ നാരായണൻ. നോട്ടത്തിലും ഭാവത്തിലും പ്രകടമായ മാറ്റം.എന്തുപറ്റിയെന്ന ചോദ്യത്തിനുത്തരമായി ആൾ പറഞ്ഞു:എനിക്കൊന്ന് നന്നായി കുളിക്കണം.

കുളികഴിഞ്ഞ് ഫ്രഷായി വന്നയുടൻ എനിക്കൊന്നും കൂടെ കുളിക്കണമെന്ന് പറഞ്ഞ് കുളത്തിലേക്ക് വീണ്ടും പോയി. വീണ്ടും വീണ്ടും അങ്ങിനെ ഒരു നാലഞ്ച് കണ്ടിന്യുവസ്സ് കുളി.

ഇങ്ങേരിനി വല്ല കുളിസീൻ കാണവാനാണോ ഇങ്ങിനെയൊരു കുളിക്കാമ്പോക്ക് എന്നോർത്ത് കൂട്ടിനപോയ അമ്മാമ്മക്ക് എന്തൊക്കെയോ സ്വയം പറഞ്ഞുകൊണ്ട് കുളിക്കുന്ന ഭർത്താവ് നോർമ്മലല്ലെന്ന് ഉൾക്കിടലത്തോടെ മനസ്സിലാവുകയും സ്വപ്നത്തിന്റെ ഇൻഡിക്കേഷൻ ക്ലിയറാവുകയും ചെയ്തു.

അടുത്ത ദിവസം തന്നെ, നാട്ടുനടപ്പ് പ്രകാരം, പ്രശ്നം വെപ്പുകാരനെ വരുത്തി, പ്രശ്നം വച്ചപ്പോഴാണ് അന്നുവരെ ആർക്കുമറിയാതിരുന്ന ആ രഹസ്യങ്ങൾ പുറത്തുവന്നത്.

നൂറ്റാണ്ടുകൾക്ക് മുൻപ് ഈ തറവാടിരിക്കുന്ന സ്ഥലം ഏതോ പേരുകേട്ട നമ്പൂതിരി കുടുംബത്തിന്റെയായിരുന്നത്രേ. അടിയന്തിരമായി അവിടം വിട്ടുപോകേണ്ടി വന്ന ഒരു സാഹചര്യത്തിൽ അവർ തങ്ങളുടെ ലിക്വിഡ് അസെറ്റെല്ലാം ഒരു 16 കാതുള്ള ഒരു സൂപ്പർ ചരക്കിൽ (വലിയ ചെമ്പ്..ഡോണ്ട് മിസ്സണ്ടർസ്റ്റാന്റ് മി) ഇട്ട് അത് കിണറ്റിലിറക്കി വച്ച് സെക്യൂരിറ്റിയായി ഒരു രക്ഷസ്സിനെ ഏർപ്പാടാക്കുകയും ചെയ്തുവത്രേ.

കാലങ്ങൾ ഒരുപാട് കഴിഞ്ഞിട്ടും ആ രക്ഷസ്സ് കിണറ് വിട്ട് പോയില്ല. ആയുധങ്ങളുമായി കിണറ്റിലിറങ്ങിയ അച്ചാച്ഛൻ ഈ ചെമ്പെടുക്കാനാണെന്ന് തെറ്റിദ്ധരിച്ച രക്ഷസ്സ്, മൈക്ക് ടൈസന്റെ പോലെ 1000 പൗണ്ട് ഭാരമുള്ള ഒരു ഇടി കൊടുക്കാൻ വന്നിട്ട്, അച്ചാച്ഛന്റെ പാവത കണ്ട് അല്ലെങ്കിൽ വേണ്ട എന്ന് വിചാരിച്ച് വെറും 25 പൗണ്ടിന്റെ ഒരു തേമ്പ് കൊടുക്കുകയായിരുന്നു.

ഈ ചെമ്പിനകത്തേക്ക് വേറ് ഇറങ്ങിയതുകൊണ്ടാണ് പ്ലാവുകൾ ഉണങ്ങിയതെന്നും കൂടെ പറഞ്ഞപ്പോൾ, ആർക്കും ആ കഥ വിശ്വസിക്കതിരിക്കാൻ കഴിഞ്ഞില്ല. പ്രതിവിധിയായി പിന്നീട് ആ കിണർ മൂടുകയും തൊട്ടടുത്ത് ഒരു സ്റ്റുഡിയോ അപാർട്ട്മെന്റുണ്ടാക്കി രക്ഷസ്സിനെ അവിടേക്ക് മാറ്റിയിരുത്തുകയും ചെയ്തു.

കാലക്രമേണ അച്ചാച്ഛന്റെ കുളിക്കാനുള്ള ടെന്റൻസിയൊക്കെ മാറി, നോർമ്മലായി ചൊവ്വാഴ്ചകളിൽ പച്ചകറികളും കൊണ്ട് ഇരിങ്ങാലക്കുടക്ക് പോക്ക് പുനരാരംഭിച്ചു.

# 14

# ഏടാകൂടം

*(December 11, 2005)*

അരവിന്ദേട്ടൻ ഗർജ്ജിക്കുന്നൊരു സിംഹമായിരുന്നെന്നാണ് അദ്ദേഹത്തിന്റെ വീട്ടുകാരുടെ അഭിപ്രായം.പക്ഷെ, എന്തുകൊണ്ടോ വീട്ടിനുപുറത്ത് ഒരിക്കൽ പോലും ആ സിഹം ഗർജ്ജിക്കാൻ ട്രൈ ചെയ്തിട്ടില്ല. ജീവിതത്തിന്റെ സിംഹഭാഗവും നാട്ടിലില്ലാതിരുന്നതും നാട്ടുകാർ ഗർജ്ജനത്തെക്കുറിച്ചറിയതെപോയതിന് ഒരു പ്രധാന കാരണമാണ്.

എട്ടാം ക്ലാസിൽ വീണ്ടും തോൽക്കാൻ നിൽക്കാതെ, അന്നത്തെക്കാലത്തെ പുറപ്പെട്ടോടുന്നവരുടെ എക്സ്ക്ലൂസീവ് ഡെസ്റ്റിനേഷനായ മദ്രാസിലേക്ക് കള്ളവണ്ടി കേറി ഒറ്റപ്പോക്കല്ലായിരുന്നോ!വില്ലിവാക്കത്ത് ചാമിക്കുട്ടിയെന്ന് പേരായ ഒരു പാണ്ടിയുടെ കൂടെ നിന്നാണ് ഉന്നൽ പണി പഠിച്ചത്. അവിടെനിന്ന് പിന്നെ ഡെൽഹിയിൽ, കൽക്കട്ടയിൽ, ബോബെയിൽ…അങ്ങിനെയങ്ങിനെ…. ഇന്ത്യാമഹാരാജ്യം മൊത്തം വട്ടമ്പാലം കോഴിമ്പാലം ആൾ കറങ്ങി.

കുറെയധികം കൊല്ലങ്ങൾ തന്നെ കാത്തിരിക്കേണ്ടി വന്നു കൊടകരക്കാർക്ക്, വീണ്ടും ദർശനഭാഗ്യം കൈവരാൻ. തറവാട് ഭാഗം വക്കാൻ നേരം എങ്ങിനെയോ, ആരോ പറഞ്ഞറിഞ്ഞ്, തന്റെ പെറ്റുവളർന്ന കുടിയിലേക്ക്, സദ്ദാമിനെപ്പേടിച്ച് കുവൈറ്റുകാർ നാട്ടിലെത്തിയപോലെ വന്നപ്പോൾ ബോബെയിൽ നിന്ന് കെട്ടിയ മഹാരാഷ്ട്രക്കാരി മിന്നുവും പിന്നെ, ഒമ്പത് വയ്സായ മകളും കൂട്ടിനുണ്ടായിരുന്നു.

പോയിടത്തെല്ലാം രാജാവിനെപ്പോലെയാണത്രേ ജീവിച്ചത്. ധർമ്മക്കാരനെപ്പോലെ മരിക്കാതിരിക്കാനായിട്ടായിരിക്കണം നാട്ടിലേക്ക് മടങ്ങിയതെന്ന് ജനം അടക്കം പറഞ്ഞു. അരവിന്ദേട്ടന്റെ ജോലിയെപ്പറ്റി ആരെങ്കിലും ചോദിച്ചാൽ, ഓ, ആൾ വല്ലാതെയങ്ങ് വാചാലനായിപ്പോകും; പാമ്പുഗുളിക കത്തിച്ചപോലെ.

മദ്രാസിലായിരുന്നപ്പോൾ എം.ജി.ആറിന്റെ ഭാര്യയുടെ ജാക്കറ്റ് സ്ഥിരമായി തച്ചിരുന്ന ആ അരവി തമ്പി യാറ്?

അരവിന്ദേട്ടൻ.!

അങ്ങ് ഡെൽഹിയിലെത്തിയപ്പോൾ ഫ്രൻസ് ടൈലേഷ്സിൽ വച്ച് സാക്ഷാൽ ഇന്ദിരാ ഗാന്ധിയുടെ ജാക്കറ്റടിച്ചിരുന്ന അരവന്ദ് ബായി കോൻ?

ഓർ കോൻ? അതും അരവിയേട്ടൻ.

'നീ ഇപ്പറയുന്നതൊക്കെ നേരാണോ എന്റെ അരവീ'എന്ന ചോദ്യത്തെ ചൊടിച്ചുകൊണ്ടിങ്ങനെ അദ്ദേഹം അതിശക്തമായി നേരിട്ടു.

"സംശയമുണ്ടെങ്കിൽ ഇന്ദിരാഗാന്ധിയുടെ ജാക്കറ്റിന്റെ പിൻഭാഗം ഒന്ന് പൊക്കി നോക്ക്.! ഫ്രണ്ട്സ് ടൈലേഴ്സിന്റെ സ്റ്റിക്കർ ഉണ്ടോന്ന്?"

വളരെ ലളിതവും ശാസ്ത്രീയവുമായ ഒരു തെളിവെടുപ്പ്. പ്രധാനമന്ത്രിയുടെ പിന്നിൽ കൂളിങ്ങ് ഗ്ലാസ്സുവച്ച്; ചുട്ട ഗൗരവത്തിൽ നിൽക്കുന്ന സഫാരി സ്യൂട്ടിട്ട ഗണ്മാന്റെ വെടിയുണ്ട തിരുനെറ്റിയിൽ കൂടെ ഊളാക്കകുത്തി പോകുന്നത് സങ്കൽപ്പിക്കാൻ പോലും ശക്തിയില്ലാത്ത നാട്ടുകാർ കൂടുതൽ ക്ലാരിഫിക്കേഷന് നിന്നില്ല.

ഗഡി, അടിപ്പാവാട തയ്ച്ചുകൊടുക്കാഞ്ഞിരുന്നത് എന്തായാലും ഭാഗ്യായി. അല്ലെങ്കിൽ....

ആക്ച്വലി, അണ്ണാച്ചിയുടെ പോക്കറ്റടിച്ചാണ് മദ്രാസിൽ നിന്ന് മുങ്ങിയെന്നും , ജീവിതയാത്രയിൽ പലരുടെയും മറ്റുപലതുമടിച്ചെന്നും അവസാനം സ്വന്തം നാട്ടിലേക്ക് രക്ഷപ്പെട്ട് തെറിക്കുകയായിരുന്നെന്നുമെല്ലാം എന്തായാലും പിൽക്കാലത്ത് നാട്ടിലെ ബാർബർ ഷണ്മുഖനും കല്യാണിവേലത്തിയും ബി.ബി.സി. ഭാസ്കരേട്ടനും നടത്തിയ ഗവേഷണങ്ങളിൽ തെളിഞ്ഞു.

കൊടകര തുടങ്ങിയ ഫ്രൻസ് ടൈലേഴ്സിന്റെ ഫ്രാഞ്ചൈസിയുമായി മുന്നോട്ട് പോകുമ്പാഴായിരുന്നു, ആളുടെ മുൻപിൽ ദൈവം വിസയുടെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടത്. അദ്ദേഹം ദൈവത്തിനെ പ്രകീർത്തിച്ചുകൊണ്ട്, ഏതോ നോട്ടീസ് അഞ്ഞൂറ് പേർക്ക് വിതരണം ചെയ്യതിന് കിട്ടിയ ഫലമാണോ എന്നറിയില്ല...!

വരുമാനക്കണക്കിൽ അത്ര വലിയ മാറ്റമൊന്നും ഉണ്ടായില്ലെങ്കിലും ആൾക്കും വീട്ടുകാർക്കും നാട്ടുകാരുടെയിടയിലെ ഇമേജിന് കാര്യമായ മാറ്റം വന്നു. ബോംബെയിൽ നിന്ന് നാട്ടിലെത്തിയപ്പോൾ 'എവിട്യാർന്നൂറാ നീ' എന്ന പുഛത്തിന്റെ ആറ്റങ്ങൾ കലർന്ന ആ ഒറ്റ ചോദ്യത്തിൽ നിന്ന്, സ്നേഹബഹുമാനങ്ങളിൽ മുങ്ങിക്കുതിർന്ന 'എന്നാ വന്നത്? ഇനി എന്നാ തിരിച്ച്?'എന്ന 'ഇരട്ട'ചോദ്യത്തിലേക്ക് മാറിയ നാട്ടുകാരുടെ മനോഭാവം അരവിന്ദേട്ടനെ മരണം വരെ ഗൾഫുകാരനായി തുടരാൻ പ്രേരിപ്പിച്ചു. ഇരുപത്തിരണ്ട് മാസങ്ങൾ കഴിയുമ്പോൾ രണ്ടുമാസം ഭാര്യക്കും കുട്ടികൾക്കും നാട്ടുകാർക്കുമൊത്തുള്ള ജീവിതത്തിനായി മാറ്റി വച്ച് സന്തോഷത്തോടെ കബ്ബൂസിന്റെയും ചിക്കൻ ചുക്കയുടേയും ദാലിന്റെ ദഹിയുടെയും ഇടയിൽ ഒട്ടും നഷ്ടബോധമില്ലാതെ തന്നെ അരവിയേട്ടൻ ജീവിച്ചു. മാസാവസാനം ഡി.ഡി. കളെടുത്ത് നാട്ടിലേക്കയച്ച് കൗണ്ടർ ഫോയിലുകൾ കൂട്ടി നോക്കി സായൂജ്യമടഞ്ഞു.

അപ്പോഴും ഗർജ്ജിക്കുന്ന സിംഹമെന്ന വിശേഷണം സ്വന്തം വീട്ടുകാർക്ക്, പ്രത്യേകിച്ച് തന്റെ ഭർത്താവിനോടും മകനോടും തോന്നുന്ന വെറും തോന്നൽ മാത്രമാണെന്ന ജനത്തിന്റെ വിശ്വസം തകർക്കപ്പിട്ടിരുന്നില്ല.

ഒരിക്കൽ ലീവിന് വന്ന് പോയിട്ട് മൂന്നു മാസമ്പോലുമായിരുന്നില്ല, പെട്ടെന്ന് അമ്മക്കൊരു തളർച്ച, അറിയിക്കേണ്ടവരെ അറിയിച്ചോളാൻ ഡോക്ടർ അറിയിച്ചതിന് തുടന്ന് മാതൃസ്നേഹം അധികം അനുഭവിക്കാൻ യോഗമില്ലാതിരുന്ന അദ്ദേഹം തിടുക്കത്തിൽ നാട്ടിലേക്ക് മടങ്ങാൻ തീരുമാനിച്ചു.

സുഹൃത്ത് ആനന്ദനായിരുന്നു കോഴിക്കോട് വഴി അഞ്ചുകിലോ സ്വർണ്ണം വഹിച്ചാൽ ഒരു വൺവേ ടിക്കറ്റ് ഫ്രീ കിട്ടുന്ന സ്പെഷൽ സ്കീമിനെക്കുറിച്ചാളോട് പറഞ്ഞത്.കേട്ടപ്പോൾ പേടിയും പിന്നെപ്പിന്നെ, എല്ലാവർക്കുമാകാമെങ്കിൽ....എന്തൊകൊണ്ട്...എന്ന് സമാധാനിച്ച്, അങ്ങിനെ ടിക്കറ്റിന്റെ പൈസ ലാഭിച്ച് അഞ്ചുകിലോ വി.ഐ.പി. ലഗേജുമായി അദ്ദേഹം കോഴിക്കോട്ടിറങ്ങി.

പറഞ്ഞേൽപിച്ച പോലെ എയർപോർട്ടിൽ അദ്ദേഹത്തെ കാത്തുനിന്ന വ്യക്തിക്ക് പെട്ടി കൈമാറുമ്പോൾ നേരിയ ഒരു സംശയം മനസ്സിൽ തോന്നത്തക്ക ഒരു വിശേഷം ഉണ്ടായിരുന്നു. ആളുടെ സ്പെസിഫിക്കേഷൻ കേട്ടപ്പോൾ മനസ്സിൽ തോന്നിയ രൂപം സിലോൺ മനോഹറിന്റേതായിരുന്നുവെങ്കിലും പെട്ടികൊടുത്തത് ടീ ഷർട്ടിട്ട ചുരുണ്ടമുടിയുള്ള ഒരു സാദാ മലയാളിക്കായിരുന്നു. ബാക്കിയെല്ലാം പറഞ്ഞപോലെയായിരുന്നതുകൊണ്ട്, തോന്നലിന് വലിയ പ്രസക്തിയില്ലെന്ന് മനസ്സിലാക്കി, അമ്മയെക്കാണാനുള്ള ധൃതിയിൽ പെട്ടെന്ന് തന്നെ അദ്ദേഹം കൊടകരക്ക് പോയി.

ലാന്റ് ചെയ്ത ദിവസം എലൈറ്റ് ഹോസ്പിറ്റലിൽ അമ്മക്ക് കൂട്ട് കിടന്ന അരവിയേട്ടൻ, പിറ്റേന്ന് ഉച്ചയോടെയായിരുന്നു വീട്ടിലെത്തിയത്. കുളികഴിഞ്ഞ് ഭക്ഷണം കഴിക്കുമ്പോഴാണ് ഭാര്യ ആ കാര്യം പറഞ്ഞത്.

'ഇന്നലെ ഉച്ചതിരിഞ്ഞ്, ഷാർജ്ജയിൽ നിന്ന് വന്ന അരവിന്ദന്റെ വീടിതല്ലേ എന്ന് ചോദിച്ച് ഒരു വെള്ളകാറിൽ 3 ആൾക്കാർ വന്നിരുന്നു. '

ചോറുണ്ണൽ നിറുത്തി ആദികലർന്ന സ്വരത്തിൽ അരിവിച്ചേട്ടൻ ചോദിച്ചു:

ആറ്? എന്തുകാര്യത്തിന്?

ഓ! ചേട്ടൻ ഇവിടെയില്ലെന്ന് പറഞ്ഞപ്പോ, എന്നാൽ നാളെവരാമെന്ന് പറഞ്ഞ് അപ്പോൾ തന്നെ പോയി. എന്തായാലും ഇവിടെയടുത്തുള്ള ആൾക്കാരല്ല, തിരിച്ച് കാറിൽ കയറാൻ നേരം കറുത്ത് ചുരുണ്ടമുടിക്കാരനായ ഒരു ഉണ്ടൻ മറ്റുള്ളവരോട് 'ആളെ നമുക്ക് നാളെ പിടിക്കാം'എന്നുപറഞ്ഞത് കേട്ടു.

ആറുലക്ഷം ഉടമ്പുഞ്ഞരമ്പുകളും മൊത്തത്തിൽ കോച്ചിവലിക്കണപോലെത്തോന്നിയ ആ സമയത്ത് അരവിയേട്ടൻ ഇന്നസെന്റ് സ്റ്റൈലിൽ സ്വയം ചോദിച്ചു. "അപ്പോ പെട്ടി കൊടുത്ത ആൾ മാറി ല്ലേ..?'

സന്ധ്യക്ക് ആശുപത്രിയിലേക്ക് പോയ ചുള്ളനെ, അമ്മയുടെ അസുഖത്തെക്കാളും പീഢിപ്പിച്ചത് അഞ്ചുകിലോ സ്വർണ്ണം എവിടന്നുണ്ടാക്കുമെന്ന ചിന്തയായിരുന്നു.

എങ്ങിനെയൊക്കെ സമാധാനിച്ചിട്ടും ആ ദിവസം ഒരു വറ്റ് ചോറ് കഴിക്കാനോ ഒരു പോള കണ്ണടക്കാനോ പറ്റിയില്ല. കണ്ണടച്ചാൽ സിലോൺ മനോഹർ 'തടവറ'യിലെ പോലെ അട്ടഹസിച്ചുകൊണ്ട് 'എവിടെടാ എന്റെ പെട്ടി'എന്ന് ചോദിച്ചു. പിന്നെ എങ്ങിനെ....

പിറ്റേന്ന് രാവിലെ തന്നെ 'ദൈവമേ അങ്ങയെ ഞാൻ വന്ദിക്കുന്നേ'എന്ന പ്രാർത്ഥിക്ക ഒന്നരലക്ഷം തവണ, രാത്രിയിൽ ചൊല്ലിയ ആത്മവിശ്വാസത്തിൽ, വീട്ടിലേക്ക് തിരിച്ചു.

വീട്ടിന് മുൻപിലെ വെള്ളകാറ് അകലെനിന്ന് കാണുമാറായതുമുതലേ തന്നെ അദ്ദേഹം, കണ്ട്രോൾ റൂം ബന്ധം വിഛേദിക്കപ്പെട്ട ഫ്ലൈറ്റുപോലെയായി മാറിയിരുന്നു.

വസന്ത പിടിച്ച കോഴിയേപ്പോലെ വീട്ടിലേക്ക് വന്ന അരവിയേട്ടന് ഷേയ്ക്ക് ഹാന്റ് കൊടുത്തുകൊണ്ട്, അപരിചിതരിലൊരുവൻ ഇങ്ങിനെ പറഞ്ഞു.

"ഞാൻ സുകുമാരൻ, ഷാർജ്ജയിലെ ആനന്ദന്റെ അളിയൻ. എൽ.ഐ.സി. ഏജന്റാണ്. കഴിഞ്ഞകൊല്ലം കോടിപതിയായിരുന്നു. ഇവർ ഫീൽഡ് ഓഫീസർമാരാണ്. മിനിമം ഒരു പത്തുലക്ഷത്തിന്റെയെങ്കിലും മണി ബാക്ക് പോളിസി അരവിന്ദേട്ടനെക്കൊണ്ടെടുപ്പിച്ചോളാൻ അളിയൻ പറഞ്ഞിട്ടുണ്ട്"

പിന്നെയവിടെ നടന്നത് ഒരു ഗർജ്ജനം തന്നെയായിരുന്നു.

കഥകളിക്കാരെപ്പോലെ രൗദ്രഭാവം മുഖത്ത് വരുത്തി തമിഴ്, ഹിന്ദി, ബംഗാളി തുടങ്ങിയ ഭാഷകളിലെ അതിഭയങ്കരമായ തെറികൾക്കിടയിലുള്ള ഗ്യാപ്പിലിങ്ങനെ പറഞ്ഞു:

'നിന്നെയൊക്കെ പാമ്പുകടിച്ച് പണ്ടാരമടങ്ങാനായിട്ട് ഇതൊന്ന് ഇന്നലെത്തന്നെ പറഞ്ഞു തുലയ്ക്കാമായിരുന്നില്ലേടാ...ഋഅണ്ടുദിവസം മുൻപ് നാട്ടിലെത്തിയ ബാക്കിയൊള്ളോൻ ഈ നിമിഷം വരെ മനസ്സമാധാനത്തോടെ എന്തെങ്കിലും തിന്നുകയോ മര്യാദക്കൊന്ന് ഉറങ്ങുകയോ ചെയ്തിട്ടില്ലടാ.. നിന്റെ അപ്പാപ്പന്റെ മണി ബാക്ക്"

# 15

# ക്രിസ്മസ്സ് കേക്ക്

*(December 21, 2005)*

പലതും പലരെയും ഞാൻ മറന്നു. പക്ഷെ, കാലത്തിന്റെ ജലം കൊണ്ട് കെടുത്താനാകാത്ത ഓർമ്മയുടെ തീയെന്നൊക്കെ പറയാവുന്ന ചിലത്, അതൊരിക്കലും മറക്കാനാവില്ല.

ജിമ്നേഷ്യത്തിന് പോകുന്ന നാട്ടിലെ ചെറുകട്ടകൾക്ക് എല്ലാകാലത്തും നേരിടേണ്ടിവരുന്ന പ്രധാന പ്രശ്നം, 'ഷോ'നടത്താനൊരിടമില്ല എന്നതാണ്. വലിയ കട്ടകൾടെ പോലെ ഷഡ്ഡിമാത്രമിട്ട് സ്റ്റേജിൽ നിൽക്കാൻ പറ്റാത്ത ഇത്തരം കട്ടകൾ തങ്ങളുടെ 'മീനിന് പലിഞ്ഞീൻ വന്നപോലെയുള്ള'മസിലുകളുടെ പ്രദർശനത്തിന് പ്രധാനമായും ആശ്രയിക്കുക, കുളിക്കടവും അമ്പലവും അതുപോലെ കല്യാണവീട്ടിലെ നാളികേരം ചിരകലുമൊക്കെയായിരിക്കും.

ചുറ്റവട്ടത്ത് ഒരു കല്യാണമുണ്ടെങ്കിൽ, വിളിച്ചില്ലെങ്കിലും തലേദിവസം പോയി ഇത്തരക്കാർ നാളികേരം ചിരകി കൊടുക്കും. കുറച്ച് ചിരകുമ്പോൾ സ്വാഭാവികയി വിയർക്കുകയും ഷർട്ടൂരുകയും ചെയ്യും. അതാണ് അതിന്റെയൊരു രീതി. ഇത്തരത്തിൽ ഷോകൾ നടത്തി നടത്തി, സാമാന്യം അറിയപ്പെടുന്ന ഒരു നാളികേരം ചിരകിയായി മാറിയ എന്നോട്,

" നീ തൃശ്ശൂർക്ക് കമ്പ്യൂട്ടർ പഠിക്കാനാ പോണേന്ന് പറഞ്ഞിട്ട് അവിടെ തേങ്ങ ചിരകലാണ്ല്ലേ പഠിക്കണേ?" എന്നു വരെ ചോദിച്ചുതുടങ്ങി.

കൊടകരക്കും നെല്ലായിക്കുമിടക്കുള്ള, കുളത്തൂർ പാടത്തെ ചിറ, പരിസരത്തെ ഏറ്റവും വലിയതും കണ്ണീർ പോലത്തെ തെളി വെള്ളമുള്ളതുമായതുകൊണ്ട്, ഒരു പാട് പേർക്ക് സ്ഥിരം കളിക്കാനും അലക്കാനുമുള്ള വേദിയായിരുന്നത്.

'കൊടകര നിന്ന് കുറച്ച് കട്ടകൾ കുളിക്കാൻ വരുന്നുണ്ട്' എന്ന് ആരോ ഞങ്ങളെപ്പറ്റി പറഞ്ഞെന്ന് കേട്ടതിൽ പിന്നെ, വല്ലപ്പോഴും കുളിക്കാൻ പോയിരുന്ന ഞങ്ങൾ അവിടത്തെ സ്ഥിരം കുളിക്കാരായി മാറി.

ചിറയിൽ രണ്ടാൾക്ക് ആഴം കാണുമെങ്കിലും, മണ്ണുവന്ന് കൂനയുള്ള ഒരു സ്പോട്ടിൽ ഏറെക്കുറെ അഞ്ചടി മാത്രമേ ആഴമുള്ളൂ. ഒരു ദിവസം, നീന്തലിനിടക്കുള്ള ബ്രേക്കിൽ, ഈ സ്പോട്ടിൽ നിന്നുകൊണ്ട്, വനിതയിലേയും ഗൃഹലക്ഷ്മിയിലേയുമൊക്കെ 'ഡോക്ടറോട് ചോദിക്കുക''മനശ്ശാസ്ത്രജ്ഞന്റെ മറുപടി'തുടങ്ങിയവയെക്കുറിച്ച് ഡിസ്കസ് ചെയ്ത് നിൽക്കെ, ഒരുത്തൻ മാക്രി ചാട്ടം പോലെ, കുറച്ചകലെ കൈതയുടെ പിന്നിലായി ഒരു ചാട്ടം.

വെള്ളം മൊത്തം കലക്കി ചാടിയ മഹാനുഭാവൻ യാറ് എന്നറിയാൻ വെറുതെയൊന്ന് നോക്കിയപ്പോൾ, പൊന്തിവന്ന ആ നീർക്കുതിരയെ കാണുകയും 'അപ്പോളോ ടയെഴ്സിൽ ജോലിയുള്ള ഡേവിസേട്ടന്റെ മകൻ ജിൻസൻ'എന്ന് തിരിച്ചറിയുകയും, ശ്രദ്ധ മറ്റുകാഴ്ചകളിലേക്ക് തിരിക്കുകയും ചെയ്തു.

പക്ഷെ, പിറ്റേദിവസം പത്രത്തിൽ ഫോട്ടോ വരാനുള്ള യോഗ്യത ആ തവളച്ചാട്ടത്തിനുണ്ടായിരുന്നെന്ന് കുറച്ച് കഴിഞ്ഞപ്പോൾ ചുള്ളന്റെ മുങ്ങലും പൊന്തലും, പൊന്തിവരുമ്പോൾ മുഖത്ത് മിന്നിമറയുന്ന ഭാവങ്ങളും കണ്ടപ്പോൾ എനിക്ക് മനസ്സിലായി.

എനിക്ക് ഇതൊക്കെയൊരു വിഷയമാണോ എന്ന മട്ടിൽ, രാഷ്ട്രപതിയുടെ കയ്യീന്ന് ധീരതക്കുള്ള അവാർഡ് ഒറ്റക്ക് വാങ്ങിച്ചെടുക്കാൻ വേണ്ടി ആരോടും മിണ്ടാതെ തനിയെ ഊളാക്കുകുത്തി ചെന്ന് ചുള്ളാപ്പിയെ ഒറ്റക്ക് രക്ഷപ്പെടുത്താൻ ഞാൻ തീരുമാനിച്ചു.

ആദ്യം, കയ്യിൽ പിടിച്ചുയർത്താൻ നോക്കി. രക്ഷയില്ല. ബോളിങ്ങ് ആക്ഷനിൽ, മുത്തയ്യ മുരളീധരന്റെ മുഖം പോലെയായ അവന്റെ മുഖം കണ്ടപ്പോൾ, അവനെ രക്ഷിക്കാൻ ഞാൻ കുറച്ചുകൂടി വലിയ ബുദ്ധി പ്രയോഗിച്ചു. നേരെ വെള്ളത്തിനടിയിലേക്ക് പോയി അവന്റെ അരയിൽ പിടിച്ച് പൊക്കി.

പൊന്തി വന്നതും പ്രാണരക്ഷാർത്ഥം, അതിലും വലിയൊരു ബുദ്ധി അവനും കാണിച്ചു. എന്റെ കഴുത്തിൽ, കൊച്ചു കുട്ടികൾ പൂരത്തിന് പോകുമ്പോൾ കയറുന്നതുപോലെ, നല്ല സീറ്റിങ്ങിൽ അങ്ങ് കയറിയിരുന്നു.

ജിമ്മായിട്ടൊന്നും യാതൊരു കാര്യവുമില്ല എന്ന് എന്നെനിക്കപ്പോൾ നന്നായി ബോധ്യായി. ഒറ്റ ട്രിപ്പിന് നൂറ്(കുറച്ച് കുറക്കാം) പുഷപ്പ് എടുക്കുന്ന എനിക്ക്, എന്റെ കയ്യൊന്നുയർത്താനോ അവന്റെ കാലിന്റെ ഇടയിൽ നിന്ന് തലയൂരാനോ.. പോലും പറ്റാത്ത അവസ്ഥയിലായി.

അവൻ എന്റെ കഴുത്തിലിരുന്ന് 'പ്രാണായാമം'പ്രാക്ടീസ് ചെയ്തപ്പോൾ വെള്ളത്തിനടിയിൽ ഞാൻ പതുക്കെ പതുക്കെ ശവാസന പ്രാക്ടീസ് തുടങ്ങിയിരുന്നു..!

ശ്വാസമെടുക്കാനുള്ള സമയം ഓവർ ഡ്യൂ ആയിപ്പോയ പരാക്രമത്തിൽ എന്റെ ഇടതുവശത്തായി ഞാൻ അപ്പോൾ ഒരു രൂപം കണ്ടു. അതെ, സാക്ഷാൽ കാലൻ, ഗണ്മാന്റെ റോളിൽ നിൽക്കുന്നു.

എന്നെ നരകത്തിലേക്ക് മൈഗ്രേറ്റ് ചെയ്യിപ്പിക്കാൻ എല്ലാ സെറ്റപ്പുമായി വന്ന ഗഡി, 'ടേയ്...കേറടാ ജീപ്പില്' എന്ന് അരുൾ ചെയ്തു. എനിക്ക് മനസ്സിലായി. ഞാൻ മരിക്കാൻ തുടങ്ങുകയാണ്.... വെളുത്ത മുണ്ട് പുതച്ച് തലക്കാം ഭാഗത്ത് നിലവിളക്കും ചന്ദനത്തിരിയുമായി.....കിടക്കാൻ നേരമടുക്കുന്നു..!

നരകത്തിൽ കത്തുന്ന ടൺ ടൺ കണക്കിനുള്ള ചിരട്ടകളുടെയും പുളിവിറകിന്റെയും ചൂടിനെ എനിക്ക് പേടിയില്ല, പക്ഷെ, എന്റെ ആഗ്രഹങ്ങൾ. എന്റെ സ്വപ്നങ്ങൾ.... അതൊക്കെ ഞാനെങ്ങിനെ പാതിവഴിയിലുപേക്ഷിക്കും..?

'ജോലി, വരുമാനം, സ്വന്തമായി 12 ഡിജിറ്റിന്റെ ഒരു കാൽകുലേട്ടർ, വീഡിയോ, ഫോൺ, ഫ്രിഡ്ജ്, ഗ്യാസ് സ്റ്റൗ, വാട്ടർ ടാങ്ക്, കുഷ്യനിട്ട ചൂരൽ കസേര, തേക്കിന്റെ ഡൈനിങ്ങ് ടേബിൾ, ഹീറോ ഹോണ്ട SS, വീടിന് അപ്സ്റ്റെയർ, മാരുതിക്കാറ്, അമ്മക്കും അച്ഛനും എന്റെ ശമ്പളം കൊണ്ട് വാങ്ങുന്ന മണിമാല, ചേട്ടന്റെയും ചേച്ചിയുടെയും വീട്ടുപണിക്ക്, അവർക്കഭിമാനിക്കാവുന്ന തരത്തിലുള്ള എന്റെ വക വലിയ സംഭാവനകൾ...."

'എനിക്കിപ്പോൾ മരിക്കേണ്ട...പ്ലീസ്. കുറച്ചുകൂടെ നാൾ എനിക്ക് ജീവിക്കണം, എന്നെക്കൊണ്ടുപോവല്ലേ...'ഞാൻ യമനോട് കൊച്ചുകുട്ടികളെപ്പോലെ കരഞ്ഞു യാചിച്ചു. എന്റെ കണ്ണീർകലർന്ന് ചിറയിലെ വെള്ളം മുഴുവൻ ഉപ്പുവെള്ളമായി മാറി.

യമൻ ചിന്താമഗ്നനായി രണ്ടുമിനിറ്റ് നിന്നു. ഞാൻ പൊട്ടിപ്പൊട്ടിയുള്ള എന്റെ കരച്ചിലിന്റെ ശക്തി കൂട്ടി. അവസാനം, യമ ഹൃദയത്തിനലിവു തോന്നി, കണ്ണിൽ പച്ച ലൈറ്റ് കത്തുകയു ം, നോട്ടൗട്ട് എന്ന് വിധിച്ച് ... 'സീ.യൂ'എന്ന് മൊഴിഞ്ഞ് കാലൻ എന്റെ സമീപത്തുനിന്ന് അപ്രത്യക്ഷനായി.

ഈ സംഭവമൊന്നും അറിയാതെ നിന്ന എന്റെ കൂട്ടുകാർ, എന്നെ കാണാഞ്ഞ് എന്നെ അ ന്വേഷിക്കുകയും കണ്ടെത്തുകയും എന്റെ മുതുകിലിരിക്കുന്ന കുഞ്ഞാടിനെ വലിച്ചിറക്കി, എന്നെ പൊക്കിയെടുക്കുകയും ചെയ്തപ്പോഴേക്കും എന്റെ മുഖവും മുരളീധരന്റെ പോലെയാകുകയും ഒരൊ ന്നൊന്നര ലിറ്റർ ഉപ്പുവെള്ളം കുടിക്കുകയും ചെയ്തിരുന്നു.

അവിടെ ആദ്യമായി കുളിക്കാൻ വന്നതായിരുന്നു അവൻ. ഞങ്ങൾ നട്ടുക്കെ നിൽക്കുന്നത് കണ്ട്, അത്രയേ ആഴമുണ്ടാകൂ എന്ന് വിചാരിച്ചാണത്രേ നീന്താനറിയാത്ത ചുള്ളൻ വെള്ളത്തിലേക്ക് ചാടിയത്.

ഒരുവന്റെ ജീവൻ രക്ഷിക്കാൻ ശ്രമിച്ച്, സ്വന്തം ജീവനുവേണ്ടി കാലനോട് യാചിച്ച അവസ്ഥയു ടെ നാണക്കേടോർത്ത് ഞാനായിട്ട്, ഈ സംഭവത്തെപ്പറ്റി പുറത്താരോടും പറയാൻ നിന്നില്ല. എന്നാൽ, ആ കൊല്ലം ക്രിസ്തുമസ്സിന് അപ്പോളോ ഡേവീസേട്ടനും ഭാര്യയും എന്റെ വീട്ടിൽ വന്നു, ഒരു വലിയ കേക്കുമായി. എന്നിട്ട് എന്റെ വീട്ടുകാരുടെ മുൻപിൽ വച്ച് 'ദേ ഇവനാ എന്റെ മോനെ രക്ഷിച്ചത് എന്നുപറഞ്ഞെന്നെ കെട്ടിപ്പിടിച്ചു.

എനിക്ക് ജീവിതത്തിൽ കിട്ടിയ ഏറ്റവും വലിയ ക്രിസ്തുമസ്സ് സമ്മാനം, ഞാൻ കഴിച്ചിട്ടുള്ളതിൽ വച്ചേറ്റവും രുചിയുള്ള ക്രിസ്മസ്സ് കേക്ക്.!

# 16

# ഗൂർക്കയുടെ കണ്ടകശ്ശനി

*(December 22, 2005)*

ഒരു വർഷക്കാലത്ത്, എവിടെനിന്നോ കറങ്ങിത്തിരിഞ്ഞ് 55 കിലോ വിഭാഗത്തിൽ പെട്ട ഒരു നാടൻ ഗൂർക്ക കൊടകരയിൽ എത്തപ്പെട്ടു.

നേപ്പാളിലെ നാടോടി നൃത്തവും സൈക്കിൾ ചവിട്ട് യജ്ഞവും കണ്ടുകൊണ്ടാടുവാനുള്ള മോഹങ്ങൾക്ക് വിശപ്പ് വിഘ്നമായപ്പോൾ, ഗോതമ്പിന്റെ നിറമുള്ള ആ സാധു മനുഷ്യൻ, സ്വപ്നങ്ങൾ ഒതുക്കിയടക്കി വച്ച മാറാപ്പൊന്നുമെടുക്കാതെ, കരിം പച്ച നിറമുള്ള ഷർട്ടും അതേകളറിലുള്ള പാന്റുമിട്ട് ടൈറ്റ് ചെയ്ത തരക്കേടില്ലാത്ത കപ്പാസിറ്റിയുള്ള ഒരു വയറുമായി വന്നു.

ഇന്ത്യാ മഹാരാജ്യത്ത് ഇത്രമാത്രം പട്ടണങ്ങളും ഗ്രാമങ്ങളുമുണ്ടായിട്ടും കൊടകര തന്നെ തിരഞ്ഞുപിറ്റിച്ചുവന്ന ചുള്ളനെ സമ്മതിക്കണം..!

ജനസംഖ്യയുടെ 90–95 ശതമാനവും ഡോക്ടർമാർ, എൻജിനീയർമാർ, അബ്കാരികൾ, ചിട്ടിക്കമ്പനി മുതലാളിമാർ, ജന്മികൾ തുടങ്ങിയ മേലാൾ സമൂഹമായതുകൊണ്ട്, അവരുടെ ബംഗ്ലാവുകൾ കൊണ്ട് നിറഞ്ഞ കൊടകരയിൽ അക്കാലത്ത് വീടൊന്നുക്ക് കുറഞ്ഞത് ഒന്നര ഗൂർക്കയെങ്കിലും വേണമെന്ന അവസ്ഥയായിരുന്നു.! :)

കൊടകരയിൽ കാലുകുത്തിയ ദിവസം, ആദ്യം ചെയ്തത്, പാലാസ് രാമേട്ടന്റെ ഹോട്ടലിലിൽ നിന്ന് രണ്ടു ബോണ്ടയും കട്ടപ്പത്തിൽ മധുരം കുറച്ച് ഒരു ചായയും കഴിക്കലായിരുന്നു.അപ്പത്തന്നെ വിവരമുള്ളവനാണെങ്കിൽ, സ്ഥലത്തെക്കുറിച്ചും ആളുകളെക്കുറിച്ചും ഏറെക്കുറെ ഒരു ഐഡിയ കിട്ടി അവിടെ നിന്ന് കിട്ടാവുന്ന വേഗത്തിൽ ഓടി രക്ഷപ്പെടേണ്ടതായിരുന്നു. കാരണം രാമേട്ടന്റെ ബോണ്ടകളും ചായഗ്ലാസും പ്ലേയ്റ്റും വെയിറ്ററുടെ യൂണീഫോമും അവിടത്തെ ടേബിളും സ്റ്റൂളുകളും വാഷ് ബേയ്സനും, ഹൈജീനിക്കിൽ അന്താരാഷ്ട്ര ശ്രദ്ധ പിടിച്ചുപറ്റിയവയായിരുന്നു.

ആരോ കൂടോത്രം ചെയ്തതിന്റെ ഫലമായിട്ട് കൊടകര എത്തിപ്പെട്ട അദ്ദേഹം എങ്ങിനെ പോകാൻ...

അന്നുതന്നെ ഖൂർക്ക പ്രദേശത്തെ വീടുകളെല്ലാം സന്ദർശിച്ച് സ്വയം ഇൻറ്റ്രൊഡ്യൂസ് ചെയ്തു: 'മേം ഹൂം. മൽമൽ സിംഗ്. ഇദർ കാ നയാ ഗൂർക്ക. ഡിയർ ബായിയോം ഓർ ബഹനോം, ആജ് സെ ആപ്പ്ലോക് രാത് മേം അരാംസെ സോ ജാവോ, നോ നീഡ് റ്റു ഫിക്കർ, മേം ഹൂ നാ.!

'ഇയ്യാള് ഇതാർടെ അപ്പൻ ചത്തകാര്യമാണീ പറയുന്നതെന്ന്'കുമാരേട്ടന്റെ സംശയത്തിന്, കരയിൽ ആകപ്പാടെ ഹിന്ദി അറിയുന്ന ആളായിരുന്ന മിലിട്ടറി ഭാസ്കരേട്ടൻ, 'നിങ്ങളെല്ലാവരും ഇനി രാത്രിയിൽ ബിന്ദാസായി, തെല്ലും ഭയപ്പെടാതെ ഉറങ്ങിക്കോ, ഇങ്ങേറ് കാവലുണ്ട്'എന്ന് ട്രാൻസലേറ്റ് ചെയ്തുകൊടുത്തു.

'ഓ പിന്നേ.....പത്തിന്റെ പൈസ കിട്ടുമെന്ന് വിചാരിച്ച് ഇങ്ങേറ് ഇവിടെ കറങ്ങണ്ട, നേരത്തിന് വന്നാ വേണമെങ്കിൽ വല്ല കഞ്ഞ്യോ ചോറോ കൊടുക്കാം'നാട്ടുകാർ നിലപാട് വ്യക്തമാക്കി.

'അമ്മിണിയെങ്കിൽ അമ്മിണി'എന്ന് വിചാരിച്ചിട്ടായിരിക്കണം, ഗൂർക്കക്ക് അതും സമ്മതമായിരുന്നു. ചോറിന് വേണ്ടിയുള്ള 'ചോർ'വേട്ട.

ഗൂർക്ക യുടെ ഗ യും കൂർക്കയുടെ ക യും തമ്മിലുള്ള വിത്യാസത്തിന് വലിയ സീരിയസ്നെസ്സ് കൊടുക്കാത്ത വലിയൊരു സമൂഹം അദ്ദേഹത്തെ 'കൂർക്കേ...കൂർക്കേ..' എന്ന് വിളിച്ചിരുന്നു. കഞ്ഞിക്ക് സൂപ്പർ കോമ്പിനേഷനായ മണി മണി പോലുള്ള ഒരു ഭക്ഷ്യവസ്തുവിന്റെ പേരിട്ടാണ് തന്നെ വിളിക്കുന്നതെന്ന് അറിഞ്ഞോ അറിയാതെയോ, 'കൂർക്കെ ഇന്നാ ചോറ്'എന്ന് കേൾക്കുമ്പോളേക്കും 'ജീ സാബ്'എന്ന് പറഞ്ഞ് ആൾ ഇറയത്ത് ചമ്രം പടിഞ്ഞിരുന്നു.

തന്റെ ബുദ്ധി വികസിപ്പിക്കുന്നതിന്റെ ഭാഗമായി കുബുദ്ധികളുമായി കൂട്ടുകൂടി, കൂട്ടുകൂടി അങ്ങിനെ രാത്രിയിൽ കറങ്ങി നടക്കുന്ന വീടും കുടിയുമില്ലാത്ത പലരും കൂർക്കയുടെ ഗഡികളായി മാറുകയും കൊടകര ബോയ്സ് സ്കൂളിനടുത്തുള്ള ഗുരുകുലം എന്ന കെട്ടിടം, ടീച്ചർമാരുടെയും മാഷന്മാരുടെയും കരിക്കട്ട പടങ്ങൾക്കും കഥകൾക്കും മാത്രമല്ലാ, ഈ കൂർക്കക്ക് ഉറങ്ങാനും ചീട്ടുകളിച്ചിരിക്കാനുമെല്ലാമുള്ള സങ്കേതമായി മാറുകയും ചെയ്തു.

വാള പാറ്റിയപോലെ മെലിഞ്ഞിരുന്ന ഇദ്ദേഹം വെറും ആഴ്ചകൾ കൊണ്ട്, പിണ്ണാക്ക് ചാക്ക് വെള്ളത്തിലിട്ട പോലെയായി രൂപാന്തരം പ്രാപിച്ചു. അതുപിന്നെ, കൊടകരയിലെ ജസ്റ്റ് കാറ്റേറ്റാൽ തന്നെ, അസുരന്മാർ ദേവന്മാരാകുമെന്നും (ദേവരാഗം), കൊണ്ടലീസ റൈസ്; കേയ്റ്റ് വിൻസ്ലെറ്റിനെപ്പോലെയാകുമെന്നും സറീന വില്ല്യംസ് നമ്മുടെ സാനിയ മിർസയെപ്പോലെയാകുമെന്നൊക്കെയല്ലേ...!! (കാര്യായിട്ട്)

അങ്ങിനെ തെണ്ടി തീറ്റയും കുടിയുമായി ജീവിതം ആസ്വദിച്ചുതിമർക്കെ, ഒരു ദിവസം, ഗുരുകുലത്തിലെ അന്തേവാസിയും ഗൂർക്കയുടെ ക്ലോസ് ഫ്രണ്ടുമായിരുന്ന ഒറ്റക്കാളവണ്ടിക്കാരൻ പൗലോസ് ചേട്ടൻ കഞ്ചാവ് വലിച്ച് വലിച്ച് ബോറടിച്ചപ്പോൾ ഗുരുകുലത്തിൽ, കെട്ടിത്തൂങ്ങി മരിച്ചു, ആൾടെ കാളയെയും വണ്ടിയേയും ഒരു ജോഡി പ്ലാസ്റ്റിക്ക് ചെരിപ്പിനേയും അനാഥരാക്കിക്കൊണ്ട്..

ധൈര്യത്തിന് കുറവുണ്ടായിട്ടല്ല, എന്നാലും റിസ്കിന്റെ അനന്തസാധ്യതകളെക്കുറിച്ച് ആലോചിച്ചപ്പോൾ ഒരു പരീക്ഷണത്തിന് നിൽക്കാതെ അന്നുമുതൽ ഗൂർക്ക താവളം താൽക്കാലികമായി ഒന്ന് ഷിഫ്റ്റ് ചെയ്തു.

ഈ സംഭവത്തിന്റെ നാലാം നാൾ, പാതിരാത്രിയിൽ അതുവഴി രാവി രാവി നടന്ന ഗൂർക്കയെ, പൗലോസേട്ടന്റെ ശരീരപ്രകൃതിയുള്ള 'തന്നാടൻ ദേവസ്സിച്ചേട്ടൻ'പ്രത്യേകിച്ചൊരു പ്രകോപനവും കൂടാതെ, വെള്ളത്തിന്റെ പുറത്ത് ആളുമാറി, പിന്നിലൂടെ ചെന്ന് " നിന്നെ ഞാനിന്ന് കൊല്ലുടാ പന്നീ'എന്ന് ഉറക്കെ പറഞ്ഞ് വട്ടം കെട്ടിപ്പിടിച്ചു. ഗൂർക്കക്ക് പിന്നെ ഒന്നും ഓർമ്മയില്ല.

പിറ്റേ ദിവസം, ഒറ്റക്കാളവണ്ടിക്കാരൻ ഔസേപ്പേട്ടന്റെ പ്രേതം പിടിച്ച ഗൂർക്ക ബോധമില്ലാതെ വഴിയിൽ കിടക്കുന്നെന്ന ഫ്ലാഷ് ന്യൂസ് കേട്ടാണ് പലരുമുണർന്നത്. പിന്നെ, ഒരാഴ്ചയോളം ഖൂർക്കയെ ആരും പുറത്ത് കണ്ടില്ല. രാത്രിയും പകലും.

കൂനിന്മേൽ കുരു അതിന്റെ മുകളിൽ ഒരു പാലുണ്ണി എന്ന് പറഞ്ഞകണക്കെ, ആൾടെ ഈ വെക്കേഷൻ പീരിയഡിൽ ആ പ്രദേശത്ത് മൂന്ന് കളവുകൾ നടന്നു.

ഈ കേയ്സുകളുമായി യാതൊരു വക ബന്ധമില്ലാഞ്ഞിട്ടും, രാത്രി ഉറക്കമില്ലാതെ നടക്കാറുള്ള ആളല്ലേ, എന്ന 'പരിഗണയുടെ'പുറത്ത് അന്നത്തെ കൊടകര എസ്.ഐ. ആയിരുന്ന മിന്നൽ പ്രഭ ഇങ്ങേരെ, സ്റ്റേഷനിലേക്ക് വിളിപ്പിച്ചു.

സ്റ്റേഷനിൽ വച്ച് മിന്നൽ ഇങ്ങേരോട് മര്യാദക്ക് സംസാരിച്ചപ്പോൾ, ചുള്ളൻ വാചാലനായി. കേസന്വേഷണത്തെക്കുറിച്ച് മിന്നലിന് ക്ലാസെടുക്കുകയും വേണ്ട ഉപദേശം കൊടുക്കുകയും ചെയ്തുത്രേ. മിന്നലിനെ ആരാ എസ്. ഐ. ആക്കിയേ എന്ന റോളിൽ വരെ 'കള്ളന്മാരെ പിടിക്കാനുള്ള അറിവ് ജന്മനാൽ ലഭിക്കുന്ന'ഗൂർക്കവർഗ്ഗത്തിൽ പെട്ട നമ്മുടെ ഗഡി എടുത്തു. ബെസ്റ്റ്.!

'നിർത്തറാ പന്നീ', എന്ന് മിന്നൽ പറയുന്നതുവരെ, ഗഡി ക്ലാസെടുത്തു.

മിന്നലിന്റെ മിരട്ടലിൽ ഒട്ടും കൂസാതെ 'യെ ദിൽ മാംഗേ മോർ'എന്ന റോളിൽ 'സർ ഉഢാക്കെ'നിന്ന ഗൂർക്കേനെ, പിന്നീട് മിന്നലും സഹപ്രവർത്തകരും കൂടെ അരമണിക്കൂർ ഡീസന്റായിട്ടൊന്ന് മെടഞ്ഞു.

ചിരിയങ്കണ്ടത്ത് ജ്വല്ലറിയുടെ ഷട്ടറിടുമ്പോൾ കേൾക്കുന്ന 'റേ'ന്നുള്ള സൗണ്ട് അന്ന് സ്റ്റേഷനീന്ന് പലതവണ കേട്ടത്രേ..

പാർട്ടി കഴിഞ്ഞ് പിരിയാൻ നേരം, 'നാളെ മേലാൽ ഈ ഏരിയയിൽ നിന്നെ കണ്ടാൽ പിന്നെ നേപ്പാളിലേക്ക് നീ കാർഗോയായിട്ടാടാ പോവുക'എന്ന മിന്നലിന്റെ ഭീഷണിക്ക് പുല്ലുവില കൽപിച്ച്, പുശ്ചിച്ച് തള്ളിക്കൊണ്ട്, നമ്മുടെ ഗൂർക്ക ഒരു സെക്കന്റ് പോലും വേയ്സ്റ്റാക്കാതെ കൊടകരയിൽ നിന്ന് സ്കൂട്ടായി..!

കൂടോത്രത്തിന്റെ ഗ്യാസ് പോയിരിക്കണം, അല്ലെങ്കിൽ കണ്ടകശ്ശനിയുടെ അപഹാരം തീർന്നിരിക്കണം.

# 17

# ബർഗ്ഗർ

*(January 03, 2006)*

ഒരു പത്തുകൊല്ലം മുൻപായിരുന്നത്. വീട്ടുകാരുടെ പ്രതീക്ഷകൾക്കപ്പുറത്തേക്ക്, ബോംബെയും ചാടി കടന്ന് നോം ഓടിപ്പോയി.

ഓ.എൻ.വി. സാറ് പറഞ്ഞപോലെ, പെറ്റുവളർന്ന കുടിവിട്ട്, മറ്റൊരിടത്ത് കുടിവെയ്പ്പ്. നാട്ടിൽ നിന്നാലൊന്നും എന്റെ മാവ് പൂക്കില്ലെന്ന് ബോധ്യായപ്പോൾ, അമ്പ് പെരുന്നാളിന്റന്ന് മാലപ്പടക്കം കയ്യിൽ പിടിച്ച പൊട്ടിക്കലും ഏറ്റുമീൻ പിടിക്കലും പഞ്ചഗുസ്തിയുമെല്ലാം ഉപേക്ഷിച്ച് എന്നെ ഞാൻ തന്നെ മുൻ കൈയെടുത്ത് ദുബായിലേക്ക് പറിച്ചുനട്ടുവിച്ചു.

അന്നൊക്കെ, ഭർത്താവിന്റെ വീട്ടിലെത്തിയെത്തിയ പുത്തനച്ചിയുടെ റോളിലായിരുന്നു ഞാൻ. സൗമ്യൻ, സുസ്മേര വദനി, വിനിയകുനിയൻ, .....

കന്തൂറയിട്ട് നടക്കുന്ന ആരെക്കാണ്ടാലും, അതിനി, മലപ്പുറം മാൾബറോ (മലബാറി)യായാലും, ളോഹയിട്ട പള്ളീലച്ചനായാലും അറബിയാണെന്ന് കരുതി പേടിച്ച 'അസ്സലാമു അലൈക്കും'എന്ന് പറഞ്ഞിരുന്നു.

അങ്ങിനെ, ഓഫീസിലെ ചെയറിനെയും ടേബിളിനേയും ബോസിനെയും ബോസിന്റെ കാറിനേയും എന്നുതുടങ്ങി കാണുന്നതിനെയെല്ലാം ആവശ്യത്തിനും അനാവശ്യത്തിനും ബഹുമാനിച്ച് ജീവിക്കുന്ന കാലത്ത്, ഒരു ദിവസം, സകുടുംബം ഓഫീസിൽ വന്ന മാനേജർ, ഉച്ചക്ക് ഭക്ഷണം കഴിക്കാൻ എന്നെ ക്ഷണിക്കുകയുണ്ടായി.

ഓർമ്മ വച്ച കാലം മുതലേ കാലത്ത് കഞ്ഞി കുടിക്കാത്ത ദിവസങ്ങളിൽ ഒരു മണിയാവുമ്പോഴേക്കും വയറ് കങ്ങം പിടിച്ച തുടങ്ങും എനിക്ക്. ആ സമയത്ത്, കണ്ണും പുരികവും ഉപയോഗിച്ച് തലയൊന്ന് വെട്ടിച്ച് ചോറുണ്ണാൻ 'പൂവാം'എന്നൊരു സിമ്പിൾ ആക്ഷൻ കിട്ടിയാൽ, ആരുടെ കൂടെ വേണമെങ്കിലും പോകുന്ന ഞാൻ ആർഭാടമായ ക്ഷണം കേട്ട് കോരിത്തരിച്ചല്ലേ പറ്റൂ.

'മക്ഡൊണാൾഡ്സ്'എന്ന് വായിക്കാൻ എന്നെ സഹായിച്ചതിന് 'മക്ഡവൽസ്'ബ്രാന്റിനോട് നന്ദി തോന്നി. അകത്തുകയറി കൗണ്ടറിനടുത്തുവച്ച് എന്നോട് മാനേജർ സീരിയസ്സായി ചോദിച്ചു.

നിനക്കിതിലേത് കഴിക്കേണം??

തികച്ചും അപ്രസക്തമായതും പ്രത്യേകിച്ചൊരുത്തരമില്ലാത്തതുമായ ഇത്തരത്തിലൊരു ചോദ്യം ഫ്ലൈറ്റിൽ വച്ചും ഞാൻ കേട്ടതാണ്. അന്നത് എയർഹോസ്റ്റസ് കുട്ടിമാണിയിൽ നിന്നുമിങ്ങനെയായിരുന്നു.

മട്ടൺ ഓർ ചിക്കൻ??

'എന്റെ പൊന്നു കൂടെപ്പിറപ്പേ, രണ്ടിനോടും നമുക്ക് ഒരേ മനോഭാവമാണ്, ചെറുങ്ങനെയൊന്ന് നിർബന്ധിച്ചാൽ ഞാൻ രണ്ടും കഴിക്കും..'

എന്നായിരുന്നു എന്റെ സത്യസന്ധമായ അഭിപ്രായം. പക്ഷെ, ഫ്ലൈറ്റല്ലേ? ചീപ്പാവാൻ പാടുണ്ടോ? എയർ ഇന്ത്യക്കല്ലേ അതിന്റെ മാനക്കേട്.!

സംഗതി, നമ്മടോടെ ഇപ്പറയുന്ന ഐറ്റംസ്, വിരുന്നുകാർ വരുമ്പോഴോ ചങ്കരാന്തിക്കോ കൊടകര ഷഷ്ഠിക്കോ മാത്രം സംഭവിക്കുന്നതുകൊണ്ട് അങ്ങിനെയൊരു 'പക്ഷപാതം'തോന്നാനുള്ള ചാൻസൊന്നും വന്നിട്ടില്ല. പലതരം രുചിയുള്ള, മീൻ കറിയും ബീഫ് ഫ്രൈയും കൂർക്ക ഉപ്പേരിയും അച്ചാറും മോരും ഒരുമിച്ച് ചോറിനൊപ്പൊം ചേർത്ത് മിശ്രിതമാക്കി; ഉരുളയാക്കി, ലഡുവിന്റെ മുകളിൽ ഉണക്കമുന്തിരി വക്കുമ്പോലെ, മീൻ ഫ്രൈ നുള്ളി വച്ച് , അണ്ണാക്കിലേക്ക് എറിയുന്ന, കോമ്പിനേഷൻ സെൻസില്ലാത്ത ഒരു പാവം കൊടകരക്കാരനായ ഞാൻ, തൊട്ടടുത്ത സീറ്റിൽ കോട്ടിട്ടിരിക്കുന്ന VIPചേട്ടൻ മട്ടൺ എന്ന് പറഞ്ഞതുകൊണ്ട് മാത്രമാണ് അന്ന് ചിക്കൻ എന്ന് പറഞ്ഞത്.

ഇപ്പോൾ വീണ്ടും അതേ പ്രശ്നം.

സത്യത്തിൽ ഈ ഭൂമിയിലെ എന്റെ ജനനത്തിനുശേഷം ആദ്യായിട്ടാണ് ബർഗ്ഗർ എന്ന് കേൾക്കുണത് തന്നെ. പടം കണ്ടപ്പോൾ 'ബെന്നിന്റെ ഉള്ളിൽ കട്‌ലേറ്റും തക്കാളിയും ക്യാബേജുമൊക്കെ വച്ചിട്ടുള്ള ബെന്നപ്പം'എന്നൂഹിച്ചു. ഇതിന് എരുവാണൊ മധുരമാണോ ഇനി ചവർപ്പാണോ എന്നൊന്നുപോലുമറിയാത്ത ഞാൻ എന്തറഞ്ഞിട്ടാ ഇന്നത് വേണമെന്ന് പറയുക?

ഭക്ഷണസാധനങ്ങൾ ഏത് വേണം എന്ന് ചോദിച്ചാൽ, ഫാസ്റ്റ് ഓപ്ഷൻ എപ്പോഴും, അതിനി പല്ലുവേദനയായിട്ട് ഒന്നും കഴിക്കാൻ പറ്റാതിരിക്കുകയാണെങ്കിൽ പോലും, 'ഏറ്റവും വലുത്'എന്ന് പറയുന്ന ടീമിൽപെട്ട ഞാൻ, കൂട്ടത്തിൽ ഏറ്റവും ഹൈറ്റുള്ള 'ഡബിൾ ഡക്കർ'ബർഗർ തന്നെ ചൂണ്ടിക്കാട്ടിക്കൊടുത്തു.

ഒരു വെട്ട് ഗ്ലാസ് അരിയുടെ ചോറുകൊണ്ടുള്ള കോർക്ക് ബോൾ പോലത്തെ ചോറുരുളകൾക്കുള്ള ദഹനരസവുമായി കാത്ത് നിൽക്കുന്ന എന്റെ നിഷ്കളങ്കനായ അമാശയത്തിനോടു ചെയ്യുന്ന പാപമായിരിക്കുമോ ഈ ബെന്നാഹാരം എന്നോർത്തപ്പോൾ സങ്കടം തോന്നി.

'എങ്ങിനെ ഇത് കഴിക്കും? 'എന്നത് പുതിയ തരം ഭക്ഷണം കഴിക്കുമ്പോൾ പൊതുവേയുള്ള ഒരു പ്രശ്നമാണല്ലോ. അതുകൊണ്ട്, അന്നും കൂടെ വന്നവർ കഴിച്ചു തുടങ്ങും വരെ തട്ടിയും മുട്ടിയും ഇരിക്കേണ്ടി വന്നു കഴിപ്പിന്റെ ടെക്നിക്ക് പിടികിട്ടാൻ.

കഴിക്കാൻ നോക്കിയപ്പോൾ ഒരു ചെറിയ പ്രശ്നം. ഞാനെന്റെ വായ പരമാവധി പൊളിച്ചു പിടിച്ചിട്ടും ഉദ്ദേശിച്ചപോലെ കടിക്കാൻ പറ്റണില്ല.. അവരൊക്കെ കൂളായി കഴിക്കുന്നുമുണ്ട്. ഞാൻ ഒന്നു കൂടെ ആർഭാടമായി വായപോളിക്കാൻ തീരുമാനിച്ചു. അപ്പോൾ മനസ്സിലൂടെ ഒരു മിന്നായം.

പണ്ട്, കൊയ്യാൻ വന്നിരുന്ന ആനകാർത്ത്യേച്ചി കോട്ടുവാ ഇട്ടപ്പോൾ കോച്ചിപ്പിടിച്ച് ഉറന്ന വായുമായി ഓട്ടോ റിക്ഷയിൽ ആശുപത്രീപ്പോയതിന്റെ ചിത്രം തെളിഞ്ഞങ്ങിനെ വരുന്നു.

അയ്യോ..! ഈ ചെറിയ കാര്യത്തിന് അത്രക്കും റിസ്കെടുക്കണോ?. വായ പൊളിച്ചുപിടിച്ച ആങ്കിളിൽ ദുബായിലൂടെ പോകുന്ന എന്നെ എനിക്ക് സങ്കൽപിക്കാൻ പോലും കഴിയുന്നില്ല..!

എന്നാലും ഒരു ശ്രമം കൂടി നടത്താം, എന്നിട്ടും പറ്റിയില്ലെങ്കിൽ മുകളീന്ന് ഓരോന്നും എടുത്ത് ഹൈറ്റ് കുറക്കാമെന്നും ഉറപ്പിച്ചു. അങ്ങിനെ, ബർഗർ പരമാവധി അമർത്തിപ്പിടിച്ച്, കോച്ചിപ്പിടിക്കല്ലേ മുത്തപ്പാ എന്ന് പ്രാർത്ഥിച്ച് കണ്ണടച്ചുപിടിച്ച് ദന്ത ഡോക്ടർടെ അടുത്ത് ചെന്നോണം വാ പൊളിച്ച് ഒറ്റ കടിയങ്ങ് കൊടുത്തു.

വെയ്റ്റ് വെയ്റ്റ്... എന്ന മാനേജരുടെ ശബ്ദം കേട്ട് ഞാൻ കണ്ണുതുറക്കുമ്പോൾ, അടിയിലെ ബെന്നിങ്കഷണവും മോളിലെ കഷണവും എന്റെ വിരലുകളിക്കിടയിൽ ഭദ്രം പക്ഷെ, പലവ്യഞ്ജനങ്ങൾ മിക്കതും ടേബിളിൽ. തക്കാളിയുടെ ഒരു പീസ് സ്ലോമോഷനിൽ ഷർട്ടിലൂടെ താഴോട്ട്.....

അപ്പോൾ ജർമ്മൻ ഭാഷയിൽ മാനേജരുടെ ഭാര്യ ആളോട് എന്തോ പറയുന്നത് കേട്ടു. പറഞ്ഞത് മനസ്സിലായില്ലെങ്കിലും 'എരുമ കഞ്ഞികടിച്ചാൽ ഇത്രക്കും വൃത്തികേടാവില്ല' എന്നായിരിക്കും ഒരുപക്ഷെ, പറഞ്ഞിരിക്കുക എന്ന് ഞാൻ ഊഹിച്ചെടുത്തു. ഹവ്വെവർ, പിന്നെ ആളെന്നെ ഒരിക്കലും, നാളിന്നുവരെ ബർഗർ കഴിക്കാൻ വിളിച്ചിട്ടില്ല...!

'എന്റെ അമ്മക്കും അമ്മാമ്മക്കും ബർഗ്ഗർ ഉണ്ടാക്കാനറിയാഞ്ഞതും കൊടകര മക്ഡോണാൾഡ്സിന് ഔട്ട് ലെറ്റ് ഇല്ലാതെപോയതും എന്റെ കുറ്റമാണോ?'

# 18

# പോളേട്ടൻ

*(January 15, 2006)*

കൊടകര ഇലക്ട്രിസിറ്റി ഓഫീസിലെ ആദർശധീരനായൊരു ലൈന്മാനായിരുന്നു, പോളേട്ടൻ. ദുശ്ശീലങ്ങളെന്ന് ക്യാറ്റഗറൈസ് ചെയ്യപ്പെട്ട കുടി–പിടി–വലികളൊന്നും ശീലമായിട്ടില്ലാത്തൊരു എണ്ണം പറഞ്ഞ ചേട്ടൻ.

അമ്പിന്റന്ന് അലമ്പുണ്ടാക്കാത്തവൻ, എളേപ്പന്റെ മക്കളുമായി എതതർക്കത്തിന് നിൽക്കാത്തവൻ, അണ പൈസ വാങ്ങാതെ, എപ്പോൾ വിളിച്ചാലും ലൈനിന്റെ കേടുതീർക്കാനെത്തുന്നവൻ..

പക്ഷെ, അധികകാലം ആ പണിചെയ്യാൻ ആൾക്ക് യോഗമുണ്ടായില്ല. . ഒരു ദിവസം, പൊട്ടിയ ലൈനുകളെ കൂട്ടിയിണക്കാനായി പോസ്റ്റിൽ കയറിയ പോളേട്ടനെ കരണ്ട് കൂട്ടിപ്പിണക്കിയപ്പോൾ, പോസ്റ്റിന്റെ മുകളീന്ന് ടാറിട്ട റോഡിലേക്ക് പോളേട്ടൻ മസിൽ കുത്തടിച്ചു.

ഗീവർഗ്ഗീസ് പുണ്യാളൻ കാത്തതുകൊണ്ട്, ആൾ പടമായില്ല. എന്നാലും പൂജ വെപ്പ് ഓണമായതുകൊണ്ടോ എന്തോ, പുണ്യാളൻ പോളേട്ടന്റെ ബോധം രണ്ട് ദിവസം പൂജക്ക് വച്ചതിന് ശേഷേ തിരിച്ചുകൊടുത്തുള്ളൂ.!

തുടർന്ന് മാസങ്ങളോളം, തൃശ്ശൂർ മെഡിക്കൽ കോളേജിൽ മോഡേൺ ബ്രഡും പാലുമൊക്കെ കഴിച്ച് ......

പോളേട്ടന്റെ വീഴ്ചയിൽ ആകപ്പാടെ ആൾടെ വല്ല്യമ്മച്ചി മാത്രം ഇച്ചിരി സന്തോഷിച്ചു. മെഡിക്കൽ കോളേജിൽ, പോളേട്ടന്റെ കൂടെ നിൽക്കവേയാണത്രേ ആ അമ്മാമ്മ ജീവിതത്തിൽ ആദ്യമായി തൃശ്ശൂർ പൂരവും കുടമാറ്റവും കണ്ടത്.! മരിക്കും മുമ്പേ അമ്മാമ്മക്കതൊന്നു കാണണംന്ന് വല്യ മോഹായിരുന്നു. എന്നുവച്ചാൽ, പോളേട്ടൻ മസിൽകുത്തടിച്ച് വീണത് അമ്മാമ്മയുടേ പ്രാർത്ഥനയുടെ ഫലം.

വീട്ടിൽ കൊണ്ടുവന്ന്, തിരുമ്മലിനും ഉഴിച്ചിലിനും ശേഷം, കോഴിമരുന്നും ആട് ബ്രാത്തുമൊക്കെ കഴിച്ചപ്പോൾ ആൾക്ക് ഏറേക്കുറെ ശാരീരക ക്ഷമത വീണ്ടെടുക്കാനായി. പക്ഷെ, മാനസിക ക്ഷമത അത്രക്കങ്ങ്ട് ഓക്കെയായില്ല. എവിടെയോ എന്തോ അപ്പോഴും ചുറ്റിപ്പിണഞ്ഞുകിടന്നു. അങ്ങിനെയാണ് ജോലിയിൽ നിന്ന് വിരമിക്കേണ്ടി വന്നത്.

ആ വീഴ്ചക്ക് ശേഷം പോളേട്ടനെ ചിരിച്ചാരും കണ്ടില്ല. ഉറക്കമില്ലായ്മ, കുളിക്കായ്മ, പല്ലുതേയ്ക്കായ്മ, തുടങ്ങിയ ഇല്ലായമകൾ പോളേട്ടനെ മൊത്തത്തിൽ തന്നെ മാറ്റി. വീട്ടിലിരിക്കാതെ രാവെന്നോ പകലെന്നോയില്ലാതെ കറങ്ങി നടക്കുന്ന പോളേട്ടൻ രാത്രികാലങ്ങളിൽ സാക്ഷാൽ ഔസേപ്പ് പുണ്യാളനുമായി 'പന്നിമലത്ത് കളിക്കാറുണ്ടെന്ന് അവകാശപ്പെട്ടതോടെയാണ്' ചൂടൻ പോളെ ന്ന് പരക്കെ അറിയപ്പെടാൻ തുടങ്ങിയത്.

നേർച്ചകൾക്കും ചികിത്സകൾക്കും ഒടുവിൽ, മാസങ്ങൾ കഴിഞ്ഞപ്പോൾ, പോളേട്ടൻ പതുക്കെ നോർമലായി, ഓൾമോസ്റ്റ് പെർഫെക്റ്റിലി ഓൾറൈറ്റായി. എങ്കിലും, പോളേട്ടന് ഭാസ്കരൻ ഡോക്ടർ ശാന്തിയിലെ വാച്ച്മാന്റെ പണി കൊടുത്തത് പലർക്കും അത്ഭുതമുണ്ടാക്കുന്ന ഒരു കാര്യമായിരുന്നു.

പോളേട്ടൻ പറയും എനിക്ക് കാണപ്പെട്ട ദൈവങ്ങൾ മൂന്നാണെന്ന്. സ്വന്തം അപ്പനും അമ്മയും പിന്നെ ഭാസ്കരൻ ഡോക്ടറും. ചൂടൻ പോളെന്ന് വിളിച്ച് കളിയാക്കിയ നാട്ടിലെ പ്രമാണിമാരേ ക്കാളും ബന്ധുക്കളേലും, തന്റെ കുടുംബത്തെക്കരുതി, തനിക്ക് ഉത്തരവാദിത്വമുള്ള വാച്ച്മാൻ പണി തന്ന ഡോക്ടറേ പോളേട്ടൻ സ്നേഹിച്ചു. ബഹുമാനിച്ചു.

പോളേട്ടൻ വന്നതോടെ അങ്ങാടിയിലെ പലർക്കും ശാന്തിയിലെ നേഴ്സുമാരുടെ വിശേഷങ്ങളറി യാൻ ആ ഭാഗത്തേക്ക് അടുക്കാൻ പറ്റാതായി. ഏതെങ്കിലുമൊരുത്തന്റെ കയ്യൊന്നുമുറിഞ്ഞാൽ പോലും കൂട്ടമായി വൈകീട്ട് ഏഴുമണിക്ക് ശാന്തിയിലേക്ക് നീങ്ങിയിരുന്ന യുവരക്തന്മാർ പോ ളേട്ടനെ പേടിച്ച് പോകാതായി. പോളേട്ടൻ 'എക്സമ്പ്റ്റഡ് കാറ്റഗറിയാണല്ലോ.! ആളിനി ആരെയെങ്കിലും കൊന്നാൽ പോലും 'പാവം, മാനസികം'എന്ന് പറഞ്ഞ് കോടതി വെറുതെ വിടില്ലേ.?

ഏത് അസുഖമായി വന്നാലും, രോഗികൾക്ക് എനിമ കൊടുക്കുകയെന്നത് വീക്ക്നെസ്സായിപ്പോ യ ഒരു പാർട്ട് ടൈം ഡോക്ടറുണ്ടായിരുന്നു ശാന്തിയിൽ.

ഒരിക്കൽ ആ ഡോക്ടറുടെ സ്വന്തം അച്ഛന് എന്തോ അസുഖമായി മോന്റെ അടുത്ത് ചികിത്സക്ക് വന്നു. ആ പാവം പിതാവിനും കൊടുത്തു എനിമ.

പക്ഷെ, സോപ്പുവെള്ളം പമ്പ് ചെയ്യതിന് ശേഷം, പൈപ്പ് എടുത്തപ്പോൾ ഒരു അത്യാഹിതം സംഭവിച്ചു. റബറിന്റെ നോസിൽ അവിടെ സ്റ്റക്ക് ആയിപ്പോയി.!!!!

വയറിൽ ഫുൾടാങ്ക് സോപ്പുവെള്ളം നിറച്ച് ക്യാപ്പിട്ടിരിക്കുന്ന, ഡോക്ടറുടെ അച്ഛൻ കണ്ണുരുട്ടി മകന്റെ മുഖത്തേക്ക് നോക്കി പുരികമുയർത്തിയപ്പോൾ ഡോക്ടർ എന്തുചെയ്യണമെന്നറിയാതെ ഒരു നിമിഷം പകച്ചുനിന്നുപോയി. നഴ്സുമാരെല്ലാം മടിച്ചുനിന്നപ്പോൾ ആകെ പരിഭ്രമിച്ചുപോയ ഡോക്ടർ അപ്പോൾ ഡ്യൂട്ടിയിലുണ്ടായിരുന്ന പോളേട്ടനെ വിളിപ്പിക്കുകയായിരുന്നു.

ഇതൊന്നും തന്റെ പണിയിൽ പെട്ടതല്ലെന്ന് അറിയുമായിരുന്നിട്ടും, പോളേട്ടൻ, ശ്രദ്ധയോടെ, സൂക്ഷിച്ച്, റബർ ക്യാപ്പിനെ ക്ലോസപ്പിൽ കണ്ട്, സ്റ്റിച്ചിടുന്ന ചവണ ഉപയോഗിച്ച് ക്യാപ്പിൽ പിടിച്ച് ഒറ്റ വലിയങ്ങ് കൊടുത്തു.!

അടുത്ത സീനിൽ, പെരുവണ്ണാപുരത്തെ വിശേഷങ്ങൾ സിനിമയിൽ തലയിലും മുഖത്തും സോ പ്പുതേച്ച് നിൽക്കുന്ന ജഗതിയെപ്പോലെ നിൽക്കുന്ന പോളേട്ടനെയാണ് അവിടെ കണ്ടത്... !!

'എന്തിറ്റാ ഇപ്പോ ഇവിടെ സംഭവിച്ചേ...'എന്ന് ചിന്തിച്ച്, ഒന്നും മനസ്സിലാവാത്തപോലെ, ഒരു നിമിഷത്തേക്ക് പോളേട്ടൻ പകച്ചു നിന്നുപോയി.

തള്ളവിരൽ കൊണ്ട്, കണ്ണിന്റെയും വായുടെയും ഭാഗം ഒന്ന് തുടച്ച്, ചെമ്പരത്തി താളിയിൽ ചെറുപയർ പൊടി ചേർത്ത് തലയിൽ തേച്ച് പിടിപ്പിച്ച് കുളിക്കാൻ പോകുന്നപോലെ അടുത്ത്

ബാത്ത് റൂം എവിടെയാണ് എന്ന് നോക്കി പോകുമ്പോൾ, ഡോക്ടറുടെ അച്ഛനോട് പോളേട്ടൻ ദയനീയമായി ചോദിച്ചു.

'ഇതെത്ര ആഴ്ചയായി.....?'

# 19

# കർക്കിടക ചെകുത്താൻ

*(January 28, 2006)*

അപ്പുട്ടേട്ടൻ സൈസിൽ ചെറുതായിരുന്നു.

കാഴ്ചക്ക് ബോൺസായി മരം പോലെയിരുന്നാലെന്താ..? തെങ്ങ് കയറ്റം, അടക്കാരം കയറ്റം, നാളികേരം പൊളി, കാവടിയാട്ടം തുടങ്ങിയ കലാപരിപാടികളിൽ അപ്പുട്ടേട്ടനെ പിടിക്കാൻ അക്കാലത്ത് ചുറ്റുവട്ടത്തൊന്നും ചന്തുവിന്റെ കാര്യം പറഞ്ഞോണം. 'ആണായിപ്പിറന്നവരിൽ ആരുമുണ്ടായിരുന്നില്ല'.

ഹൈറ്റ്, വെയ്റ്റ്, ബോഡി, കളറ്, ഗ്ലാമറ്, വിദ്യഭ്യാസം, വിവിധ ഭാഷാജ്ഞാനം, ലോകവിവരം, കുടുംബമഹിമ, തുടങ്ങി സാധാരണഗതിയിൽ ഒരു മനുഷ്യന് ആളുവില കിട്ടാനുതകുന്ന സ്പെസിഫിക്കേഷനുകളൊന്നുമില്ലെങ്കിലും സ്വന്തം നാട്ടിൽ ഒരു പുലിയായി, നാട്ടുകാർക്ക് പ്രിയപ്പെട്ടവനായി ആർമാദിച്ച് ജീവിതം നയിക്കാമെന്ന് അപ്പുട്ടേട്ടനും തെളിയിച്ചു.

ചെയ്യുന്ന പണികളിൽ അതിസമർത്ഥനായതുകൊണ്ട് അപ്പുകുട്ടൻ എന്ന ഓർഡിനറി പേരിൽ ആളെ ഒതുക്കരുതെന്ന പൊതു അഭിപ്രായം കണക്കിലെടുത്ത്, കഞ്ചാവടിച്ച പോലെയുള്ള ചോരക്കണ്ണും, കട്ടപ്പുരികവും, കാന്തത്തിനെ കാന്തനായിക്കണ്ട് മോഹപാരവശ്യം പൂണ്ട ഇരുമ്പയിറ് പോലെ നിൽക്കുന്ന മീശയുമെല്ലാമെല്ലാമുള്ള രൂപത്തിന് ചേർന്ന 'കർക്കിടക ചെകുത്താൻ'എന്ന് നാമധേയം ആരോ നൽകി. കാലാന്തരങ്ങളിൽ ഈ പേറ് ലോപിച്ച് ലോപിച്ച്,'കർക്കടം'എന്നായി മാറുകയായിരുന്നു.

കാട്ടുമുയൽ ഓടിപ്പോകുമ്പോലെ കർക്കടം തെങ്ങിൽ കയറുന്നത് കണ്ടാൽ, 'ഈ കുരുപ്പ് ഇങ്ങോട്ട് പോരുമോ'എന്ന സംശത്താൽ പലരും മുകളിലെത്തും വരെ ടെൻഷനോടെ കുറച്ച് നേരം നോക്കി നിന്നുപോകുമായിരുന്നു.

കർക്കടത്തിന്റെ കാവടിയാട്ടം പ്രശസ്തമാണ്. 50 നിലയുള്ള കാവടികൾ വരെ ഇദ്ദേഹം 'വയ്ക്കോൽ കണ്ണ്'എടുക്കുമ്പോലെ തലയിൽ എടുത്തുവച്ചാട്ടുമത്രെ..! (അതുവ്വ, കാര്യമൊക്കെ ശരി, എന്നാലും 50 നിലക്കാവടി അങ്ങേരെടുത്ത് തലയിൽ വച്ചാൽ, ഗഡി ഒന്നുകൂടെ കുറുതായി, ഉയരം രണ്ടടിയിൽ താഴെയാവും.!) അങ്ങിനെ 25 നിലയുള്ള കാവടികൾ വരെ അദ്ദേഹം തലയിലും തോളിലും വച്ച്, തകിലടിയുടെ മാസ്മരിക താളത്തിനൊത്ത് തിമിർത്താടുന്നത് കരക്കാരെ മാത്രമല്ല, കരകാട്ടത്തിന് തമിഴ്നാട്ടിൽ നിന്നെത്തുന്ന മിസ്സ് ഇന്ത്യമാരെ പ്പോലും ആകർഷിച്ചിരുന്നു.

കർക്കടം സ്മാർട്ടായിരുന്നു. പതിനെട്ടുവയസ്സിൽ മേയ്ഡ് ഫോർ ഈച്ച് അദർ എന്നപോലെയുള്ള ഒരു ഭാര്യയെ കണ്ടുപിടിച്ചു, പത്തൊൻപതാം വയസ്സിൽ അച്ഛനുമായി.

കർക്കടത്തിന് മക്കൾ രണ്ടാണ്. പുത്രൻ സുബാഷ്,കാഴ്ചക്ക്, കർക്കടം എങ്ങോട്ട് പോയീന്ന് നോക്കണ്ട. അത്രക്കും സാമ്യമായിരുന്നു.

അമരം സിനിമ കണ്ടതിന് ശേഷണോ എന്നറിയില്ല, എത്ര കഷ്ടപ്പെട്ടിട്ടായാലും വേണ്ടീല്ല്യ, തന്റെ മകനെ ഒരു ഡോക്ടറാക്കണം എന്ന ഒരാഗ്രഹം എപ്പഴോ.. കർക്കടത്തിനുണ്ടായി. ഒറ്റക്ക് കിട്ടുന്ന സമയങ്ങളിൽ കർക്കടം മകനോട് അമരത്തിലെ മമ്മൂട്ടി പറയുന്ന ഡയലോഗ് പറഞ്ഞ് സെന്റി നമ്പറടിച്ചു. 'മോനേ, നിന്റെ അച്ചാമ്മ ചോര പോയിട്ടാണ് മരിച്ചത്. പായേലും തറയിലും എല്ലാം ചോര'. ഡോക്ടറെ വിളിച്ചപ്പോൾ 'ചക്കംകുറ്റി കോളനിയിലേക്ക് പാതിരാത്രി വന്ന് വെട്ട് കൊണ്ട് ചാവാൻ ഒഴിവില്ലാ'എന്ന് പറഞ്ഞ് ഡോക്ടർ കയ്യൊഴിഞ്ഞു.....

'നീ പഠിച്ച് ഒരു ഡോക്ടറാവണം. ഈ ചക്കൻ കുറ്റി കോളനിക്ക് അഭിമാനമായി, രാത്രിയെന്നോ പകലെന്നോ മഴയെന്നോ വെയിലെന്നോ നോക്കാതെ, ഏത് സമയത്തും രോഗികളെ ചികിത്സിക്കുന്ന, പുല്ലുപറമ്പൻ അപ്പുട്ടന്റെ മകൻ, ഡോക്ടർ.സുബാഷ് '.

സംഗതി, പത്തൊന്ന് കടന്ന് കിട്ടിയാൽ ഏത് കോളേജിൽ വേണമെങ്കിലും ഏതു ഗ്രൂപ്പും കിട്ടുമായിരുന്നിട്ടും, സുബാഷ്, ഏഴു വരെ പഠിച്ചപ്പോഴേക്കും, എടവാട് നിർത്തി. 'എൻ വഴി തനി വഴി'എന്നു പറഞ്ഞു കൊടകര ടൗണിൽ,

'തക്കാളി കിലോ പത്ത്..പച്ച..പ്പയറ് പത്ത്... വെണ്ടക്കായ വിലകുറവ്... ക്ലർക്ക കൊണ്ടുവാം..'എന്ന് ഉറക്കെ വിളിച്ചുപറയുന്ന പച്ചക്കറി സെയിൽസമാനായി മാറി.

മാനസികമായി കർക്കടത്തിനെ തകർത്തൊരു സംഭവമായിരുന്നു അത്. സദാ ഊർജ്ജസ്വലനായി നടന്നിരുന്ന അദ്ദേഹം പിന്നെ വളരെ വിഷാദനായി മാറി.

'ഡോക്ടറായി കൊമ്പും കുഴലും കൊണ്ട് നടക്കേണ്ട ചെക്കനാ... ആ സ്ഥാനത്ത്, പച്ചപ്പയറും തക്കാളിയും.'ടൗണിൽ വച്ച് മകനെ കാണുമ്പോൾ, കർക്കടം സ്വയം പറഞ്ഞു.

എന്തായാലും അധികം കാലമങ്ങിനെ നിരാശനായി നടക്കാൻ അപ്പുട്ടേട്ടന് കഴിഞ്ഞില്ല. അപ്പുട്ടേട്ടന്റെ കുടുംബത്തിൽ ഒരു ഡോക്ടർ വേണം, അതിനൊരു പോംവഴി ആൾ കണ്ടു.

ഒരു നാടൻ പട്ടിക്കുഞ്ഞിനെ പിടിച്ചോണ്ട് വന്ന് വാല് മുറിച്ച് കളഞ്ഞു ഡോബർമാനാക്കി മാറ്റി, ലോകത്തിന്നുവരെ ആരും ഒരു പട്ടിക്കിടാത്ത ഒരു പേരിട്ടു വിളിച്ചു. 'ഡോക്ടർ'

ഒരച്ഛന്റെ സ്നേഹവാത്സല്യങ്ങൾ നൽകി കർക്കടം പട്ടിയെ വളർത്തി. കർക്കടം പോകുന്നിടത്തെല്ലാം ഡോക്ടർ കൂട്ട് പോയി. എപ്പോഴും എവിടെയും ഡോക്ടറുടെ എസ്കോർട്ടുണ്ടാകും. ലൈഫ്ബോയ് സോപ്പിന്റെ പരസ്യം പോലെ, കർക്കടം എവിടെയുണ്ടോ അവിടെ ഡോകടറുമുണ്ട് എന്ന അവസ്ഥ.

സ്വന്തം മകൻ ഡോക്ടറാവാത്തതിലുള്ള വിഷമം മറക്കാനായി, കർക്കടം കരക്കാരോടിടക്കെല്ലാം പറഞ്ഞു ചിരിച്ചു:

'എന്റെ വളർത്തുമകൻ ഡോക്ടറാണ്'

# 20

# പാക്കിസ്ഥാൻ ചാരൻ

*(February 11, 2006)*

നാടിന്റെ മാറ്റങ്ങളുടെ നിജസ്ഥിതികളെക്കുറിച്ചറിയാൻ വായിച്ചാലും കേട്ടാലുമൊന്നും പോരാ, കൺകുളിർക്കെ ക്ലോസപ്പിൽ കാണുകയും വേണമെന്ന വിശ്വാസമാണ്, വെക്കേഷന് നാട്ടിൽ പോകുമ്പോൾ അയൽ സംസ്ഥാനങ്ങളായ മനക്കുളങ്ങര, നെല്ലായി, മറ്റത്തൂർ, പേരാമ്പ്ര എന്നിവിടങ്ങളിലേക്ക് എന്നെക്കൊണ്ട് സൈക്കിൾ സവാരി നടത്തിക്കുന്നത്.

നാട്ടിൽ പോക്ക് അടുക്കുന്തോറും എന്റെ രാവുകളെ നിദ്രാവിഹീനങ്ങളാക്കി മാറ്റുന്ന ആവേശങ്ങളായ, അമ്മയുണ്ടാക്കി വിളമ്പിത്തരുന്ന ചോറിന്റെയും കൂട്ടാന്റെയും അച്ഛന്റെയൊപ്പമുള്ള തറവാട്ടിൽ പോക്കിന്റെയും, മാപ്രാണം കള്ള് ഷാപ്പിൽ വച്ച് പിള്ളേഴ്സിന് കൊടുക്കുന്ന ട്രീറ്റിന്റേയും കൂട്ടത്തിൽ ഈ കറക്കവും പെട്ടിരുന്നു.

പടിഞ്ഞാറൻ കാറ്റിന്റെ സ്നേഹത്തോടെയുള്ള ഉന്തലിൽ, പഴുത്ത തുടു കശുമാങ്ങകൾ ബാലൻസ് പോയി താഴെവീണ് പിളരുന്ന, ഉണങ്ങിയ പഞ്ഞിക്കായകൾ കുരു തെറിപ്പിച്ച് കളത്തിൽ വീണ് പൊട്ടി ഷേയ്പ്പ്ലെസ്സാകുന്ന ഒരു ടിപ്പിക്കൽ വേനൽക്കാലത്തായിരുന്നു ഒരിക്കൽ ഞാൻ നാട്ടിൽ പോയത്.

പൊടിക്കാറ്റിന്റെയും പ്രസരിപ്പില്ലാത്ത പ്രവാസികളുടെയും ഇടയിൽ നിന്ന് അങ്ങിനെ, പൂക്കാറ്റിന്റെയും പൂക്കാവടികളുടെയും നാടായ എന്റെ കൊടകരയിലേക്ക്....

ഇന്നുവരെ ഒരു പെർഫ്യൂം കമ്പനിക്കാരുമിറക്കാത്ത, കശുമാമ്പൂവിന്റെയും മുരിക്കിൻ പൂവിന്റെയും ഗന്ധമുള്ള ഇടവഴികളിലൂടെ, കാക്കയുടെ കരച്ചിലും, അലക്കുകല്ലിൽ തുണി വന്ന് വീഴുമ്പോഴുള്ള ശബ്ദവും, മീൻകാരന്റെ കൂവലും, മുട്ടയിട്ട കോഴികളുണ്ടാക്കുന്ന ശബ്ദവുമെല്ലാം ഒരു ബാക്ക്ഗ്രൗണ്ട് മ്യൂസിക്ക് പോലെ ആസ്വദിച്ച് ഞാനിങ്ങനെ റ്റു ഡു ലിസ്റ്റിന്റെ പ്രഷറൊന്നുമില്ലാതെ റിലാക്സ്ഡായി ഓരോന്നാലോചിച്ചങ്ങിനെ പോകും.

യാദൃശ്ചികമായി വഴിയിൽ കണ്ടുമുട്ടുന്ന സഹപാഠികളുമായുള്ള ചുളുക്കുവീണ സൗഹൃദങ്ങളുടെ ഇസ്തിരിയിടൽ ഈ യാത്രയുടെ ഒരു ബൈ പ്രോഡക്റ്റ് ആണ്. കൂടെ പഠിച്ച പെണ്മാനസങ്ങൾ തങ്ങളുടെ അഞ്ചും പത്തും വയസ്സായ കുട്ടികളെയും കൊണ്ട് പോകുമ്പോൾ, 'ഈ മാമൻ അമ്മേടെ കൂടെ പഠിച്ചതാ'എന്നു പറഞ്ഞെന്നെ ഇൻട്രോഡ്യൂസ് ചെയ്യുമ്പോൾ, 'ഒത്താൽ ഇവളെത്തന്നെ കെട്ടണം'എന്നാഗ്രഹിച്ചു നടന്ന എന്റെ നിശബ്ദപ്രേമത്തെക്കുറിച്ചോർത്ത് ഞാൻ ഒരു ചമ്മലിട്ട ചിരി ചിരിക്കും.

മറ്റത്തൂർ മെട്രോപൊളിസിൽ അങ്ങിനെ കറങ്ങിത്തിരിയുന്ന ഒരു ദിവസം, വഴിയിൽ വച്ച് ബോയ്സിൽ എന്റെ കൂടെപ്പഠിച്ച, സദാനന്ദൻ എന്നെ കൈ കൊട്ടി വിളിച്ചു.

വേലിത്തലപ്പിൽ പിടിച്ച്, ഇടവഴിയിൽ നിർത്തി ചോദിച്ചാലൊന്നും വിസ ശരിയാക്കുന്നതിലേക്കെന്നെ നയിക്കാൻ പറ്റില്ലെന്ന് തോന്നിയതുകൊണ്ട്, വീട്ടിൽ കയറ്റി സൽക്കരിച്ച്, കടിക്കാനും കുടിക്കാനും തന്ന് വിശേഷങ്ങൾ ചോദിക്കാൻ അവൻ തീരുമാനിച്ചു.

വീട്ടിൽ അമ്മയില്ലാതിരുന്നിട്ടും, സദു, എന്നെ നിരാശപ്പെടുത്തിയില്ല. ഡാർക്ക് മഞ്ഞക്കളറുള്ള സ്ക്വാഷ് വെള്ളം പൂ ഗ്ലാസിൽ കുടിക്കാൻ തന്നു, പഞ്ചസാരയിട്ട അവലോസ് പൊടി 'കറുമുറെ'തിന്നാനും.

കവർ ചെയ്യാൻ ഏരിയകൾ ബാക്കിയുണ്ടെന്നത് സൂചിപ്പിക്കയാൽ, ബയോ ഡാറ്റയെടുക്കാൻ അകത്തേക്ക് സദാനന്ദൻ പോയപ്പോൾ, അതുവരെ എന്നെ മെയിന്റ് പോലും ചെയ്യാതിരുന്ന സദുവിന്റെ കൊച്ചച്ഛനോടായി ഞാൻ ചോദിച്ചു:

ഇവിടത്തെ കിണറെങ്ങിനെ, വറ്റാറുണ്ടോ??

'ങ്ങേ..??'കൊച്ചച്ഛൻ.

അല്ലാ, വേനക്ക് കുടിക്കാനും പറമ്പ് തിരിക്കാനും കിണറ്റിൽ വെള്ളമുണ്ടോ എന്ന് ചോദിക്കായിരുന്നു.

ങ്ങും..! ഒരു മൂളൽ മാത്രമായിരുന്നു മറുപടി.

ഇവിടെ തെങ്ങുകൾക്കൊന്നും മണ്ഡരി പ്രശ്നമൊന്നുമില്ലല്ലേ..?? എന്റെ അടുത്ത ചോദ്യം'

ങ്ങേ..??'വീണ്ടും കൊച്ചച്ഛൻ.

അല്ലാ, തെങ്ങിന് വല്ല്യ കേടൊന്നും കാണാനില്ലാന്ന് പറയുകയായിരുന്നു..

ങ്ങും..! അതിലും ഗൗരവത്തിൽ ഒരു മൂളൽ.

ഇവിടെ കനാലിൽ വെള്ളം കിട്ടുമോ? ഞാൻ വീണ്ടും.

ങ്ങേ...??

അല്ല, കനാല് വെള്ളം....

ങ്ങും.! എന്നെ തുറിച്ച് നോക്കിയായിരുന്നു ആ മൂളൽ.

ചോദ്യവും ഉത്തരവും ഞാൻ തന്നെ പറയുന്ന ആ രീതിയൊന്നു മാറ്റാൻ, ഞാൻ.

എന്ത്യേ ഒന്നും സംസാരിക്കാത്തെ, നല്ല സുഖമില്ലേ..?

ഒരു മിനിറ്റ് നേരത്തെ മൗനത്തിന് ശേഷം അതിന് മറുപടി വന്നു.

'എങ്ങിനെ മിണ്ടും. അങ്ങിനെയുള്ള ഒരു പോസ്റ്റല്ലേ എന്റെ.! എന്റെ വായിൽ നിന്നെന്തെങ്കിലുംപുറത്ത് ചാടുന്നത് നോക്കിയിരിപ്പല്ലേ ചുറ്റിനുമുള്ള ചാരന്മാർ, പാക്കിസ്ഥാന് കൈമാറി കോടികൾ വാങ്ങാൻ'

ചാരന്മാർ.! തൊട്ടടുത്ത മുറിയിൽ തുറന്നിട്ട ജനലിലൂടെ, വല്യ താമസല്യാണ്ട് ചാരമാവാറായ ഒരു അമ്മാമ്മ പാക്കുവെട്ടികൊണ്ട് അടക്കവെട്ടുന്നത് ഞാൻ കണ്ടു, പിന്നെ അവിടെ ആകപ്പാടെയുള്ളത് നാട്ടുകാണാനിറങ്ങിയ ഞാനാണ്.

എന്റെ പെരുവിരലിൽ നിന്ന് തലച്ചോറിലേക്ക് ഒരു ജീരകമിഠായി പാഞ്ഞു. എന്റെ എല്ലാം സംശയവും മാറി.

കൊച്ചച്ഛന്റെ പിറകിലായി ചുമരിൽ ചാരിവച്ചിരിക്കുന്ന പണിയായുധങ്ങളായ എളാങ്കും പിക്കാസും കൈകോട്ടും എന്നെ വല്ലാതെ ഭയപ്പെടുത്തി. ഗഡി പോളേട്ടന്റെ ടീമാണ്. മൂപ്പർക്ക് ഇപ്പോഴത്തേതിലും ഉയർന്ന പോസ്റ്റിലേക്ക് വല്ല പ്രമോഷനെങ്ങാനും കിട്ടുവാനായിക്കൊണ്ട്, എളാങ്ക് കൊണ്ട് പാക്കിസ്ഥാൻ ചാരനായ എന്റെ നെറുന്തലയിൽ ഒരു പളങ്ക് തന്നാൽ എന്റെ തലക്കകത്തെ 'ഡെബിറ്റുകളും ക്രെഡിറ്റുകളും എൽ.സി.യും ബാങ്കിങ്ങും'നാലുപാടും ചിന്നിച്ചിതറി, നാടിന്റെ മാറ്റങ്ങളുടെ നിജസ്ഥിതികളെക്കുറിച്ച് ശരിക്കും ബോധ്യാവും.

അവലോസ് പൊടി തിന്നോടത്തോളം മതിയെന്ന് സമാധാനിച്ച് , 'സദ്വോ.. ഞാൻ വഴീല് നിൽക്കാടാ...'എന്ന് വിളിച്ച് പറഞ്ഞ് ഞാൻ കോമ്പൗണ്ടിന് പുറത്തേക്ക് സ്പീഡിൽ നടന്നു..ഓടുകയാണെന്ന് സദുവിന് തോന്നിയെങ്കിലും.

പേടിച്ചാൽ ദു:ഖിക്കേണ്ട എന്നാണല്ലോ.

ഓടിയതിൽ എനിക്കിപ്പോഴും മനസ്ഥാപമില്ല. കാരണം, നമ്മൾ അലമ്പുണ്ടാക്കിയിട്ട് അടികൊള്ളുക എന്ന് പറഞ്ഞാൽ അതിലൊരു രസംണ്ട്. ഇത് മനുഷ്യൻ മനസാ വാചാ അറിയാത്ത കേസിന് എളാങ്ക് കൊണ്ടൊക്കെ അടിവാങ്ങുക എന്നുപറഞ്ഞാൽ...!

# 21

# ദിവാകരേട്ടൻ

*(February 21, 2006)*

എ.ഡി.1992 ഏപ്രിൽ മാസത്തിലായിരുന്നു എന്റെ സഹ ഉദരൻ, ഉദാര മനസ്കന് ബഹറിനിലെ തന്റെ മൂന്നാമത്തെ പണിയും പോയിക്കിട്ടിയെന്ന അറിയിപ്പ് ഞങ്ങൾക്ക് കിട്ടിയത്.

മേലനങ്ങുമ്പോഴുള്ള ദേഷ്യം വരവ്, വല്ലായ്മ, താൽപര്യക്കുറവ്, എന്നീ ചൊട്ടയിലേയുള്ള ഗുണങ്ങൾ മുറുകെപ്പിടിക്കുന്നതിനാലും കമ്പനിയോടുള്ള വെട്ടിയാൽ മുറിയാത്ത ആത്മാർത്ഥതയും അർപ്പണമനോഭാവവുമാണ് അദ്ദേഹത്തിന് പണിയും പദവിയും ഉപ്പുമാവും ഇടക്കിടെ നഷ്ടപ്പെടുന്നതെന്ന സത്യത്തെ ഉൾക്കൊള്ളാൻ തയ്യാറാകാതെ, മുപ്പതുവയസ്സുവരെ പൊന്നുംകട്ടയുടെ 'കൊച്ചുപുസ്തകം'പ്രകാരം കഷ്ടകാലമാണെന്നും അതിന്റെ സൈഡ് എഫക്ടാണീ ജോലിപോക്കെന്നും ടി കക്ഷിയുടെ (എന്റെയും) മാതാപിതാ ടീം വിശ്വസിച്ചു പോന്നു.

അങ്ങിനെ, ഉദരമേയ്റ്റിന്റെ ജോലിപോക്ക് ബന്ധുജനങ്ങളുടെയിടയിൽ സംസാരവിഷയമായപ്പോൾ, ഗുളികന്റെ ലൊക്കേഷൻ കണക്കാക്കീ വരാൻ നിയോഗിച്ച കമ്മീഷന്റെ ഉപാധ്യക്ഷൻ, വലിയച്ഛന്റെ മകൻ വിജയേട്ടൻ ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന കറുത്ത കൈകൾ ചാത്തന്റെയാണെന്ന് കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

കേട്ടപാതി കേൾക്കാത്തപാതി, റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങൾ അത്രയും ശരിയാകാൻ ചാൻസുണ്ടെന്നും, ചേട്ടൻ അഞ്ചാം വയസ്സിൽ മഞ്ഞപ്പിത്തം പിടിച്ച് ജില്ലാ ആശുപത്രിയിൽ അങ്ങടോ ഇങ്ങടോ എന്നറിയാതെ കിടന്നപ്പോൾ, ചാത്തന് ഓർഫർ ചെയ്തിരുന്നതും, അസുഖം മാറിയപ്പോൾ ഏസ് യൂഷ്വൽ മറന്നുപോവുകയും ചെയ്ത ആ ഔട്ട് സ്റ്റാൻഡിങ്ങ് 'ചാത്തൻ പാട്ടാണ്' ചാത്തന്റെ പ്രീണനനയത്തിന് വഴിയൊരുക്കിയതെന്നും ഉറപ്പിച്ചു.

പരിസരത്ത് ദുർമ്മരണങ്ങൾ വല്ലതും നടന്നാൽ പിന്നെ രാത്രി ഏഴ് മണി കഴിഞ്ഞാൽ കൊന്നാലും പുറത്തിറങ്ങണ കേയ്സില്ലെങ്കിലും, അടിസ്ഥാനപരമായി ഒരിക്കലും ഞാനൊരു അന്ധവിശ്വാസിയായിരുന്നില്ല..!

പെരുന്നാളായാലും പൂരമായാലും കെടക്കപ്പൊറുതിയില്ലാതാവുന്നത് കോഴികൾക്കാണെന്ന ലോകപ്രശസ്തമായ സ്റ്റേറ്റ്മെന്റ് പോലെ, വീട്ടിലെന്ത് കാര്യമുണ്ടായാലും ഓടാൻ ഞാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നതുകൊണ്ട്, എന്ത് പണികൾ പറഞ്ഞാലും എന്തെങ്കിലും മുട്ടാപ്പോക്ക് പറഞ്ഞ് പരമാവധി മുടക്കാൻ നോക്കുക എന്ന രീതി ഒരു ശീലമാക്കിയിരുന്നു.

'ഇതിനി കിട്ടാനൊന്നും പോണില്ലാന്ന് കരുതി ചാത്തൻ, സർക്കാർ കാർഷിക കടം എഴുതിത്തള്ളുമ്പോലെ ഉപേക്ഷിച്ചിരിക്കുമെന്നേ'എന്ന എന്റെ വിദഗ്ദാഭിപ്രായം ഉപ്പൂറ്റികൊണ്ട് ചവിട്ടിത്തിരിച്ച്, പിതാമഹൻ എത്രയും പെട്ടെന്നുതന്നെ പാട്ട് നടത്താൻ തീരുമാനിച്ചു.

ഒരുക്കങ്ങൾ പൂർത്തിയായി. ലിസ്റ്റ് പ്രകാരമുള്ള എല്ലാം ഏർപ്പാട് ചെയ്തു. പക്ഷെ, ഒരു പ്രശ്നം. അഡ്രസ്സ് ബുക്കിലുള്ള വെളിച്ചപ്പാടുമാർ ആരും അവൈലബിളല്ല. എന്തൊരു കഷ്ടം. അന്വേഷണം വ്യാപിപ്പിച്ചു. വ്യാപകമായ അന്വേഷണങ്ങൾക്കൊടുവിൽ അളഗപ്പ ടെക്സ്റ്റൈൽസിലെ ജോലിക്ക് പുറമേ, പാർട്ട് ടൈമായി അത്യാവശ്യം തുള്ളാൻ പോകുന്ന ദിവാകരൻ ചേട്ടനെന്ന ഒരു മൊതലിനെ തപ്പിപ്പിടിച്ചു.

പന്തിലിലിട്ട് മാനം മറച്ച സിമന്റിട്ട മുറ്റത്ത് ചാണകം മെഴുകി, വിവിധ വർണ്ണങ്ങൾ കൊണ്ട് ചാത്തന്റെ അടിപൊളി പടം വരച്ചു. കൊട്ടുകാരും പാട്ടുകാരും ടെസ്റ്റിങ്ങ് ആരംഭിച്ചു, കട്ടിലെടുത്ത് മാറ്റി വൃത്തിയാക്കിയ എന്റെ മുറിയിൽ സച്ചിന്റെയും മാധുരി ദീക്ഷിത്തിന്റെയും പടങ്ങൾക്ക് താഴെയായി നിലത്ത് മുട്ടിപ്പലകയും വടിയും ചാരായവും പിന്നെ തലയറുത്ത് ഷാമ്പെയിൻ പൊട്ടിച്ച് പിടിക്കുമ്പോലെ പിടിക്കാൻ ഒരു കോഴിയേയും സെറ്റപ്പ് ചെയ്തു. രംഗം സീരിയസ്സായി.

കൊട്ടും പാട്ടും മുറുകിയപ്പോളെപ്പോഴോ ദിവാകരേട്ടൻ തുള്ളാൻ തുടങ്ങി. ഫുൾ കോസ്റ്റ്യൂമിലൊന്നുമല്ലെങ്കിലും ആത്മാർത്ഥമായ ആ തുള്ളൽ കണ്ട്, ഇങ്ങിനെതുള്ളുന്നവർ ദേശത്തില്ലല എന്ന് കണ്ട് നിന്നവരെല്ലാം പറഞ്ഞു.

ഒന്നുരണ്ട് റൗണ്ട് തുള്ളിയോടി ഏറെക്കുറെ ദിവാകരേട്ടൻ ഫുൾ സ്വിങ്ങിലായപ്പോഴാണ്, ഭക്തജനങ്ങൾ അത് ശ്രദ്ധിച്ചത്.

അരമണിക്ക് താഴെയുള്ള ബെൽറ്റിന്റെയും മുണ്ടിന്റെയും അടിയിൽ വെളുത്ത മറ്റൊരു ബെൽറ്റ് കാണുന്നു.!

അധികം സമയം കഴിയും മുൻപേ, അത് ബെൽറ്റല്ല, ചുള്ളൻ തൃശ്ശൂർ റൗണ്ടിലെ ഫുഡ്പാത്തിൽ നിന്ന് ഏതോ ഒരു ഞായറാഴ്ച വാങ്ങിയ ഷഡിയുടെ രണ്ടിഞ്ച് വീതിയുള്ള അലാസ്റ്റിക്കാണെന്ന് എല്ലാവരും ഞെട്ടലോടെ മനസ്സിലാക്കി.

ഓരോ തുള്ളലിനും ആൾടെ ഉടുമുണ്ട് വീണ്ടും വീണ്ടും സ്ലിപ് ചെയ്ത് താഴോട്ട് വന്നപ്പോൾ തപാൽ പെട്ടിയുടെ കളറുള്ള, വെടിച്ചില്ല് ചുവപ്പിൽ വെള്ള ലൈനിങ്ങോടുകൂടിയ അണ്ടർവെയറിന്റെ മുകൾ ഭാഗം കൂടുതൽ കൂടുതൽ ദൃശ്യമായി.!

എല്ലാവരുടെയും മുഖത്ത് ഭയങ്കര ടെൻഷൻ. എന്തും സംഭവിക്കാം. സംഭവത്തിന്റെ സീരിയസ്സ്നെസ്സ് മനസ്സിലാക്കിയ സ്ത്രീജനങ്ങൾ പതുക്കെ പന്തലിൽ നിന്ന് മുങ്ങി. വെളിച്ചപ്പാട് ഷഡിമാത്രമിട്ട് അരമണിയും വാളും ചിലമ്പുമായി ഓടിയാൽ കളംപാട്ട് കൊളമായി 'കോമഡി ഷോ'യായി മാറി ചാത്തനെങ്ങാനും ഹർട്ടായാൽ, തറവാടിന്റെ ഗതിയെന്താകും? പ്രത്യേകിച്ച് നമ്മുടെ ചേട്ടന്റെ ഗതിയെന്താകും???

എന്തുചെയ്യണമെന്നറിയാതെ എല്ലാവരും പകച്ച നിന്ന ആ സമയത്ത്, വിജയൻ ചേട്ടൻ, മുണ്ടിന് ഒരു ഗ്രിപ്പ് കിട്ടാൻ വേണ്ടി, ദിവാകരേട്ടന്റെ പിന്നാലെ ചെന്ന് അരമണിയുടെ ഉള്ളിലൂടെ മുണ്ട് മുകളിലേക്ക് ഒറ്റ വലി കൊടുത്തു. അടിപൊളി. അപ്പോൾ ഏറെക്കുറെ ദിവാകരേട്ടന്റെ പിറകുവശം ഏയ്സ് തട്ടക്കാൻ കുനിഞ്ഞ് നിൽക്കുന്ന സ്റ്റെഫിഗ്രാഫിന്റെ പോലെയായി.!

എന്തൊരു ധർമ്മസങ്കടം. ചേട്ടന്റെ വിസ ക്യാൻസലായാലും സാരല്യ, ദിവാകരേട്ടന്റെ മുണ്ട് താങ്ങണേ എന്റെ ചാത്താ.... എന്നതായിരുന്നു അപ്പോൾ എല്ലാവരുടെയും പ്രാർത്ഥന.

ഹവ്വെവർ, ആ പ്രാർത്ഥന ചാത്തൻ കേട്ടു. അതിഭയങ്കരമായ കലിയാൽ ഉറഞ്ഞു തുള്ളുന്ന ദിവാകരേട്ടനപ്പോൾ കാര്യങ്ങൾ കൈവിട്ട് പോകുന്നതിനെക്കുറിച്ച് ഉൾവിളിയുണ്ടായി. ഡിവിഡിയിൽ പോസ് ഞെക്കിയപോലെ ചുള്ളൻ തുള്ളൽ ഒറ്റ നിർത്തൽ.! എന്നിട്ട് തികച്ചും

നോർമ്മലായി, വാളും ചിലമ്പും താഴെവച്ച് അരമണി അഴിച്ച് മുണ്ട് ശരിക്കും മുറുക്കിയുടുത്തു. എന്നിട്ട് 'ഹീ..യോ.....'എന്നൊരു ശബ്ദമുണ്ടാക്കിക്കൊണ്ട് , എവിടെ നിർത്തിയോ അവിടെ നിന്ന് ദിവാകരേട്ടൻ ജോലി പുനരാരംഭിച്ചു...

സംഭവം ഓർമ്മിപ്പിച്ചതിന് കടപ്പാട്: സാക്ഷിയുടെ വെളിച്ചപ്പാടിനോട്

# 22

# ചേടത്ത്യാര്

*(March 3, 2006)*

മനക്കുളങ്ങര–കൊടകര ബൈപാസിനു പിറകിലെ മാസ്റ്റർ മൈന്റ്, ശ്രീ. ഈച്ചരൻ കുഞ്ഞുവറീത് ജൂനിയറിന്റെ അപ്പൻ ശ്രീ. കുഞ്ഞുവറീത് സീനിയർ, മറിയ ചേടത്ത്യാരെ കെട്ടിക്കൊണ്ടു വരുമ്പോൾ, കൊടകരയിൽ അത്രേം എടുപ്പുള്ള മറ്റൊരു പെണ്ണും ഉണ്ടായിരുന്നില്ലാ.

ഒരു പത്ത് മുന്നൂറ് രൂപയിൽ കുറയാതെയുള്ള പണവും തത്തുല്ല്യമായ പണ്ടവും സ്ത്രീധനമായി ആരും കണ്ണടച്ച് കൊടുക്കുവാനുള്ള കുറാട്(സെറ്റപ്പ്) അന്ന് ഈച്ചരന്മാർക്കുണ്ടായിരുന്നിട്ടും, അണ പൈസ ചോദിക്കാതെ കുഞ്ഞറേതേട്ടൻ ഒന്നാമൻ മിസ്. മറിയത്തിനെ കെട്ടാനെന്താ കാരണം?

വാഴക്കണ്ണ് വാങ്ങാൻ വെള്ളിക്കുളങ്ങര പോയപ്പോൾ വരമ്പിലൂടെ പുല്ലും കെട്ട് തലയിൽ വച്ച്, അമ്പിന്റെ തലേന്ന് കപ്പേളയിലേക്ക് 'ലെഫ്റ്റ് റൈറ്റ്.. ലെഫ്റ്റ് റൈറ്റ് എന്നും പറഞ്ഞ് 'ചെർലക്കുട് കൊണ്ടുപോകുന്ന പോലെ, അന്നനട നടന്ന ആ അന്ന കുർണിക്കോവേനെ ലവ് അറ്റ് ഫസ്റ്റ് സൈറ്റായിപ്പോവുകയല്ലായിരുന്നോ!

ഗ്ലാമറിൽ മാത്രമല്ല, ബുദ്ധിശക്തി, തന്റേടം, ആരോഗ്യം, ബിസിനസ്സ് മൈന്റ്, പാചകം, എന്നീ ഗുണഗണങ്ങൾ ഒത്തുചേർന്ന ഒരു ഡൈനാമിക് പേർസണാലിറ്റിയെന്ന് ഇടവകയിൽ പേരെടുക്കാൻ അധികം നാൾ വേണ്ടിവന്നില്ല ചേടത്ത്യാർക്ക്.

പോർക്കിറച്ചിയിൽ കൂർക്കയിട്ട് വക്കുന്ന പുത്തൻ റെസിപ്പി കരയിൽ ആദ്യമായി ഇൻറ്റ്രൊഡ്യൂസ് ചെയ്തത് ചേടത്യാരായിരുന്നു. ചേടത്ത്യാരുണ്ടാക്കുന്ന കള്ളപ്പം, ക്.സ്.r.t.cബസിന്റെ സീറ്റ്, ബ്ലേഡ് കൊണ്ട് കീറി, കണ്ടക്ടർ കാണാതെ മാന്തിയെടുക്കുന്ന സ്പ്പോഞ്ചുപോലെ സോഫ്റ്റായിരുന്നു.

അച്ചപ്പം, കുഴലപ്പം, കുഴിയപ്പം തുടങ്ങി അപ്പങ്ങളായ അപ്പങ്ങളെല്ലാം കുടെക്കൂടെ ഉണ്ടാക്കിയും ബന്ധുവീട്ടുകളിലും അയൽപക്കങ്ങളിലും വിതരണം ചെയ്തും ചേടത്ത്യാറ് കൂടുതൽ കൂടുതൽ ഫേയ്മസായി.

ദാനധർമ്മി കൂടിയായ ചേടത്ത്യാറ് ഒരു ദിവസം വഴിയേ പോയ ഒരു ഭിക്ഷക്കാരന് ഒരു കിണ്ണം ചോറും അയലക്കൂട്ടാനും (വിത്ത് കഷണം) കഴിക്കാൻ കൊടുത്തപ്പോൾ കൂട്ടാന് എരിവ് കൂടി എന്ന കാരണത്താൽ

'എന്നെ കൊല്ലിക്കാനാണോടീ തറു പെരുച്ചാഴീ നീ ഇത്രക്കും എരിവ് ഇതിലിട്ടേക്കണേ'

എന്നുപറഞ്ഞ് കൂട്ടാൻ ഇറയത്തോഴിച്ച ആ ധർമ്മകാരനെ ചൂലും കെട്ടെടുത്ത് അടിച്ചോടിച്ചതോടെ ചേടത്ത്യാറ് സൂപ്പർ താരമായി മാറുകയും, പ്രായഭേദമന്യേ എല്ലാർക്കും ചെറുതല്ലാത്ത ഒരു ഭയം ചേടത്ത്യാരോട് തോന്നിത്തുടങ്ങുകയും ചെയ്തു.

ഷോലെയിലെ ഗബ്ബർ സിങ്ങിനെപ്പോലെ കൊടകരയിലെ കുട്ടികൾ ചേടത്ത്യാരെ പേടിച്ചു.

'പച്ചാസ് പച്ചാസ് ഖോസ് ദൂർ തക് ജബ് രാത് കോ ബച്ചാ റോത്തീ ഹെ തോ, മാ ലോക് കഹ്ത്തീഹെ 'ബേട്ടാ ദേഖ്, ചേടത്ത്യാർ ആരെ'

കാലങ്ങൾ കഴിഞ്ഞപ്പോൾ ചേടത്ത്യാർക്ക് പ്രായമായി. നല്ല പ്രായത്ത് എത്ര സൂപ്പറായിരുന്നാലും വയസായാൽ 'കഴിഞ്ഞു'എന്നത് ടൈറ്റാനിക്കിലെ റോസിനെ കണ്ടപ്പോൾ നമുക്ക് മനസ്സിലായതാണല്ലോ.!

വയസ്സായപ്പോൾ ഗ്ലാമർ ഒരു പൊടിക്ക് കുറഞ്ഞെങ്കിലും, മുല്ലമൊട്ട് പോലെയിരുന്ന പല്ലുകൾ കരിഞ്ഞ കാഷ്യൂനട്ട് പോലെയൊക്കെയായെങ്കിലും ധൈര്യത്തിന് യാതൊരു കുറവും വന്നിട്ടില്ലായിരുന്നു ചേടത്ത്യാർക്ക്.

എത്ര ധൈര്യമുള്ള മനുഷ്യനായാലും, ചില പ്രത്യേക സാഹചര്യങ്ങളിൽ പേടിച്ചുപോകും എന്ന സ്റ്റേറ്റമെന്റിന് അടിവരയിടുന്ന ഒരു സംഭവം അക്കാലത്ത് നടന്നു. ചേടത്ത്യാരുടെ വീട്ടിൽ കള്ളൻ കയറി.!!

ഉഷ്ണച്ചൂടുള്ള ഒരു വേനക്കാലത്ത്, നടപ്പുരയുടെ വാതിൽ പകുതി തുറന്നിട്ട് കാറ്റ് കിട്ടുവാൻ വാതിൽക്കൽ നിന്ന് രണ്ടുമീറ്റർ മാറി തറയിൽ കുറുകെ പായിട്ട് പതിവുപോലെ അന്നും കിടന്നുറങ്ങുകയായിരുന്നു, ചേറ്റത്ത്യാറ് .

വാതിൽ തുറന്ന് കിടക്കുന്നത് കണ്ട കള്ളൻ, 'ഇനിയിപ്പോ എന്തിനാ ഓട് പൊളിക്കണേ'എന്നോർത്തിട്ടാണോ എന്തോ വാതിൽ വഴി തന്നെ പമ്മി പമ്മി അകത്തുകടന്നു, ഞാണിലെ അഭ്യാസിയെപ്പോലെ പതുക്കെ പതുക്കെ വാതിൽ കടന്ന് മുന്നോട്ട് നീങ്ങി.

വഴിയിൽ മാർഗതടസ്സം സൃഷ്ടിച്ചുകൊണ്ട് ഇങ്ങിനെയൊരു മൊതല് കെടപ്പുണ്ടാവുമെന്ന് സ്വപ്നത്തിൽ പോലും പ്രതീക്ഷിക്കാത്ത കള്ളന്റെ കാൽ, ഒരു തവണ ലാന്റ് ചെയ്തത്, ചേറ്റത്ത്യാരുടെ വയറ്റത്തായിരുന്നു!

പൊറോട്ടക്ക് കുഴച്ചുവച്ചിരിക്കുന്ന മാവുപോലെയെന്തിലോ ചവിട്ടിയ പോലെ തോന്നിയ കള്ളന്റെ എല്ലാ ബാലൻസും പോയി, കാൽ മടങ്ങി അത്തോ പിത്തോന്ന് പറഞ്ഞ് താഴേക്ക് വീണുപോയി. നമ്മടെ ചേടത്ത്യാറ്ടെ മേത്തെക്ക്!

കണ്ണടച്ചാൽ കാലനെ സ്വപ്നം കാണുന്ന പ്രായമല്ലേ, ഏതോ ഹൊറർ സ്വപ്നം കണ്ടുകൊണ്ടിരുന്ന പാവം, കടവയറ്റിൽ ചവിട്ടും മേത്തെക്കെ എന്തോ വീഴ്ചയുമെല്ലാമായപ്പോൾ, ചേടത്ത്യാറ് തമിഴൻ ലോറി ബ്രേയ്ക്ക് പിടിക്കണ ഒച്ചയിൽ ഒന്നര കിലോമീറ്റർ ചുറ്റളവിൽ കേൾക്കുമാറ് ഒരു അകറലകറി, ഉടുമ്പ് പിടിക്കുമ്പോലെ കള്ളനെ വട്ടം കെട്ടിപ്പിടിച്ചോണ്ട്.

ഡോൾബി ഡിജിറ്റലിൽ സൗണ്ടില്ലുള്ള ആ അലറൽ ഡയറക്ട് ചെവിലേക്ക് കിട്ടി, കർണ്ണപടം പൊട്ടിപ്പോയ കള്ളൻ 'എന്റയ്യോ.....'എന്നൊരു മറുകരച്ചിൽ കരഞ്ഞ് അവശേഷിച്ച ജീവനും കൊണ്ട് പിടഞ്ഞെണീറ്റോടി മറഞ്ഞു.

അന്ന് പുലരുവോളം കരക്കാറ് തലങ്ങും തിരഞ്ഞിട്ടും കള്ളനെ പിടിക്കാനൊത്തില്ലെങ്കിലും, കള്ളന്റെ ചെവിയുടെ മൂളക്കം മാറിക്കിട്ടാൻ കുറച്ച് കാലം പിടിച്ചിരിക്കും!

സംഗതി പേടിച്ച് അന്തപ്രാണൻ കത്തിയിട്ടാണ് ചേടത്ത്യാറ് നിലവിളിച്ചതെങ്കിലും, 'നിറ കൊണ്ട പാതിരാക്ക്, കള്ളനെ പേടിപ്പിച്ചോടിച്ചവൾ ചേടത്ത്യാർ'എന്ന വാഴ്ത്തുമൊഴിയും കൂടെ അങ്ങിനെ ചേടത്ത്യാർക്ക് വന്നുചേർന്നു.

# 23

# വെളുക്കാൻ തേച്ചത്. . .

*(Thursday, March 16, 2006)*

ചോറും കലം കണ്ടാൽ ഡയറ്റിങ്ങ് മറക്കുന്ന, തീരെ മനക്കട്ടിയില്ലാത്ത പ്രകൃതമാണെങ്കിലും ആക്രാന്തനിവാരണത്തിന്റെ ആവശ്യകതയെപ്പറ്റിയും ആരോഗ്യപരിപാലനത്തെപ്പറ്റിയും ഞാൻ തികഞ്ഞ ബോധവാനാണ്.

ഇഷ്ട ബോജനങ്ങളെ മെനുവിൽ നിന്ന് പിണ്ഡം വച്ച് പുറത്താക്കിയാൽ ജീവിതത്തിന്റെ താളബോധം നഷ്ടപ്പെട്ടുപോകുമെന്ന തിരിച്ചറിവിൽ എന്റെ ഇൻടേക്കിനോട് കട്ടക്ക് നിൽക്കാൻ പോന്ന കടുത്ത എക്സൈസിന്റെ ഗോദായിലേക്കെടുത്ത് ചാടാൻ ഞാനൊരിക്കൽ തീരുമാനിച്ചു.

പക്ഷെ, ഏഴുമണിയോടടുത്ത് എഴുപത് കിലോമീറ്റർ എഴുപത് മിനിറ്റിൽ കൂടുതലെടുത്ത് വാഹനപ്രചരണ ജാഥയായി യാത്ര ചെയ്ത് കൂടണയുന്ന എനിക്ക് ഏത് എക്സൈസാണ് കൂടുതൽ ചേരുക?

ജിം? കരാട്ടെ? യോഗ? അതോ ഗോൾഡ് സൂക്കിന്റെ അടുത്തുള്ള പാർക്കിൽ നടത്തമോ മ്യൂസിയത്തിന് ചുറ്റുമുള്ള ഓട്ടമോ?

പെട്ടെന്നൊരു തീരുമാനത്തിലെത്താൻ അന്നുമെനിക്ക് കഴിഞ്ഞില്ല.

തേടിയ മുള്ളാണി കാലിൽ തറച്ചു എന്ന കണക്കെ എന്റെ ഡിലെമക്ക് പരിഹാരമായി ഒരു സന്ധ്യയിൽ ഫ്ലാറ്റിന്റെ മെയിൻ ഡോറിന് കീഴെ കണ്ട,

പഴയ എ.സി. നന്നാക്കാനുണ്ടോ....?

ഗ്യാസുകുറ്റി നിറക്കാനുണ്ടോ...?

ഭവനത്തിൽ, മൂട്ട, പാറ്റ, ഈച്ച, എറുമ്പ്, കൊതുക്, കോഴിപ്പേൻ..എന്നിവയുണ്ടോ..മണ്ണെണ്ണ വേണ്ടാ പമ്പു വേണ്ടാ..

എന്നിങ്ങനെ ചോദിച്ചുകൊണ്ടുള്ള സ്ഥിരം സ്റ്റിക്കറുകളുടെ കൂട്ടത്തിൽ, അന്തരീക്ഷ വായുവിൽ കവച്ച് നിൽക്കുന്ന കരാട്ടേക്കാരന്റെ പടത്തോടുകൂടിയ നോട്ടീസെന്നെ ഹഠാദാകർഷിക്കുകയും

ഞാൻ ഏറ്റവും അടുത്ത ശുഭമുഹൂർത്തത്തിൽ ഒരു കരാട്ടേക്കാരനാവാൻ തീരുമാനിച്ചുറക്കുകയും ചെയ്തു.

അങ്ങിനെയാണ് ഷാർജ്ജ റോളയിലുള്ള ഒരു കരാട്ടെ സെന്ററിൽ തായ്ക്കോണ്ട പഠിക്കാൻ ഞാൻ പോയിത്തുടങ്ങിയത്.

ഊർദ്ധശ്വാസമെടുക്കും പോലെ ശ്വാസം വലിച്ച് അരിച്ചരിച്ച് വിടൽ–10, മുന്നാട്ട് ചാട്ടം–25, പിന്നാട്ട് ചാട്ടം–25, അപ്ഡമൻ–51, തല തൊട്ട് പാദം വരെയുള്ള് ജോയിന്റുകൾ മൊത്തം ക്ലോക്ക് വൈസ് തിരി മൊത്തം–75 , ആന്റി ക്ലോക്ക് വൈസ് തിരി–75, പുഷപ്പ് പലവക–101, എന്നിങ്ങനെ ഒന്നൊന്നര മണിക്കൂർ കഴിയുമ്പോഴേക്കും പണ്ട് ഐന്തോവൻ ഇലവനുമായി കളിച്ച ഇന്ത്യൻ ടീമിന്റെ അന്നത്തെ ഗോളി, വെറും പതിനാലെണ്ണമൊഴിച്ച് ബാക്കി അമ്പതിൽ കുറയാത്ത ഡൈറക്റ്റ് ഷോട്ടുകൾ നെഞ്ചും വയറും ഉപയോഗിച്ച് തടുത്ത ചാക്കോയെപ്പോലെ എന്റെയും, അക്ഷരാർത്ഥത്തിൽ പരിപ്പിളകിപ്പോകാറുണ്ട്.

താമസിയാതെ എനിക്കൊരു കാര്യം മനസ്സിലായി. കരാട്ടെയുള്ള ദിവസങ്ങളിൽ, തിങ്കളാഴ്ചയും ബുധനാഴ്ചയും ആഴ്ചയിലെ ഞാൻ ഏറ്റവും വെറുക്കുന്ന ദിവസങ്ങളായി മാറുന്നുവെന്ന നഗ്നസത്യം.

ജിവിതത്തിന്റെ ഓരോ കാലഘട്ടങ്ങളിലും ദിവസങ്ങളോട് തോന്നുന്ന ഇഷ്ടത്തിന് മാറ്റം വന്നിരുന്നു.സ്കൂളിൽ പഠിക്കുന്ന കാലത്ത് ശനിയും ഞായറും സ്നേഹിച്ചിരുന്ന ഞാൻ, കുറച്ച് കൂടി മുതിർന്നപ്പോൾ ചിത്രഗീതമുള്ള ദിവസമായ വ്യാഴാഴ്ചയെയും പുതിയ സിനിമകൾ റിലീസാകുന്ന വെള്ളിയേയും സ്നേഹിച്ചുതുടങ്ങി.

പിന്നെപ്പിന്നെ ജോലിയാവുന്നതുവരെ എല്ലാ ദിവസവും സന്തോഷം, എന്നും ആർമാദം.

ബാറിൽ ജോലി ചെയ്യുമ്പോൾ മെസ്സിൽ, പൊറോട്ടയും ബീഫ് കറിയുമുണ്ടായിരുന്ന തിങ്കൾ ബുധൻ വെള്ളി എന്നീ ദിവസങ്ങളോട് ഞങ്ങൾ മാനേജ്മന്റ് സ്റ്റാഫിന് ഒരു പ്രത്യേക സ്നേഹം തോന്നിയിരുന്നെന്നതും അന്നാരും കഴിവതും ലീവ് എടുക്കാറില്ല എന്നതും ഒരു പരമാർത്ഥമായിരുന്നു.

ഇവിടെയെത്ത്തിയതിന് ശേഷം, എല്ലാവരെയും പോലെ വ്യാഴവും വെള്ളിയും ഇഷ്ടദിവസങ്ങളായി തീർന്നെങ്കിലും പിന്നെപ്പിന്നെ, മറ്റുള്ള ദിവസങ്ങളോട് ആദ്യമാദ്യമുണ്ടായിരുന്ന വെറുപ്പൊക്കെ മാറിയിരുന്നു. പക്ഷെ ഇപ്പോൾ കരാട്ടെ തുടങ്ങിയതിന് ശേഷം, തിങ്കളും ബുധനും ഒന്നിനും ഒരു താല്പര്യമില്ലാത്ത ദിവസങ്ങളായെന്ന് മാത്രമല്ല, വൈകീട്ട് വീട്ടിലെത്താനുള്ള ആവേശം പോലും എനിക്ക് നഷ്ടപ്പെട്ടുതുടങ്ങി.

പരമാവധി 100–110 ഡിഗ്രിയിൽ മാത്രം സ്റ്റ്രെച്ച് ചെയ്യാൻ പറ്റുന്ന എന്റെ കവ, നൂറ്റി എൺപതിലെത്തിലെത്തിക്കാനായിക്കൊണ്ട് എന്നെ ചുമരിൽ ചേർത്തിരുത്തി ആ സാമദ്രോഹി, പണ്ടാരക്കാലൻ മാസ്റ്റർ എന്റെ കവ ചവിട്ടിവിടർത്തിയതിന്റെ സന്തോഷത്തിൽ, പിച്ചവച്ചുതുടങ്ങിയ കുഞ്ഞുകുട്ടികൾ ഡയപ്പർ കെട്ടി നടക്കുമ്പോലെ വീട്ടിലേക്ക് പോയ എന്നോട് വഴിയിൽ വച്ചുകണ്ട ഒരു മാന്യദേഹം മുരളിച്ചേട്ടൻ ചോദിച്ചു.

എന്ത് പറ്റി? ഒടിയിൽ കഴല? അതോ തുടയുരച്ചിലോ?

“അതൊന്നുമല്ല ചേട്ടോ, ഞാനിപ്പോൾ ബ്രൂസിലിക്ക് പഠിച്ചുകൊണ്ടിരിക്കുകയാ” എന്ന എന്റെ മറുപടി കേട്ട് ,

“ഛെ., വാട്ട് മാൻ. ജോലിചെയ്യുന്നവർക്ക് പറഞ്ഞതാണോ ഇതൊക്കെ? നിന്റെ ശരീരത്തിലെ കൊഴുപ്പ് കുറക്കാനും മധുബാലയുടെ പോലെയുള്ള ഇടുപ്പ് കുറക്കാനും എന്തിനാ കരാട്ടേയും കുങ്ഫുവും?”

“ബി പ്രാക്ടിക്കൽ. ഞാനൊരു മരുന്നിന്റെ പേർ തരാം. കൊഴുപ്പിന്റെ സ്പെഷ്യലിസ്റ്റായ എന്റെ കസിൻ ഡോക്ടർ ഒരു മാസം മുൻപ് കുറിച്ച് തന്നതാ. ഒരു കോഴ്സ് കഴിച്ചപ്പോഴേക്കും ധന്യയുടെ ശരീരത്തിലെ കൊഴുപ്പ് മൊത്തം പോയി”

അലോചിച്ചപ്പോൾ ശരിയാണ്. ഇന്നാള് വരെ ചേരപ്പാമ്പിന്റെ പോലെ ഇരുന്നിരുന്ന ആൾടെ ഭാര്യ, ഇപ്പോൾ വാനില ഉണങ്ങിയപോലെയായി.

ഞാൻ പിന്നെ ഒന്നും ആലോചിച്ചില്ല. പോണ പോക്കിൽ തന്നെ പേർ പറഞ്ഞ് ഗുളിക വാങ്ങി. പത്തെണ്ണത്തിന്റെ ഒരു സ്ട്രിപ്പ്.

മുരളിച്ചേട്ടൻ പറഞ്ഞ ഭക്ഷണ ശേഷം ഒന്ന് എന്നത് ഷോപ്പുടമയോട് ഉറപ്പുവരുത്തിയിട്ട്, വൈകീട്ട് ഭക്ഷണ ശേഷം ഒന്ന് കഴിച്ച് കിടന്നു.

പക്ഷെ, അന്ന് രാത്രി എനിക്ക് ഉറക്കം അത്ര ശരിയായില്ല. തലമുടി വെട്ടി വന്നിട്ട് കുളിക്കാതെ കിടന്നുറങ്ങുമ്പോഴുള്ള അശ്കത പോലെ ഒരു സുഖമില്ലായ്മ! പോരാത്തതിന് വയറ്റിൽ നേരിയ തോതിലൊരു സഞ്ചാരം!

പിറ്റേന്ന് ഞാൻ മുരളിച്ചേട്ടനെ വിളിച്ച് ഈ വിവരം പറഞ്ഞപ്പോൾ, അത് കൊഴുപ്പിളകുന്നതിന്റെ ഭാഗമാണെന്നും ഒന്നും പേടിക്കാനില്ലെന്നും പറഞ്ഞെന്നെ സമാധാനിപ്പിച്ചു.

അടുത്ത രണ്ടു ദിവസവും ഇതേ പോലെത്തന്നെ ഫീൽ ചെയ്തപ്പോൾ എന്റെ സമാധാനം ഒന്ന് റീകൺഫേം ചെയ്യാൻ വേണ്ടി മെഡിക്കൽ ഷോപ്പിൽ പോയി ചോദിച്ചു.

“ഇത് കഴിക്കുമ്പോൾ ചെറിയതോതിൽ വയറ്റിനകത്തൊരു എരിപിരി സഞ്ചാരം ഫീൽ ചെയുന്നുണ്ടല്ലോ, ഉറക്കവും ശരിയാകുന്നില്ല”

അതുകേട്ട് കടക്കാരൻ എന്നോട് പറഞ്ഞു:

“ഭാര്യയോട് നല്ലപോലെ വെള്ളം കുടിക്കാൻ പറയൂ. പിന്നെ യൂട്രസ്സിലെ കൊഴുപ്പ് കുറയുമ്പോൾ ചെറിയ അസ്വസ്ഥത സ്വാഭാവികമാണ്, ഇതിന്റെ കൂടെ കഴിക്കുന്ന മറ്റു രണ്ട് ഗുളികൾ കൂടെ മുടങ്ങാതെ കഴിക്കാൻ പറയൂ…”

സർവ്വനാഡികളും തളർന്ന് ഞാൻ അറിയാതെ വയറ്റിൽ കൈ വച്ചുപോയി “എന്റെ അമ്മേ, എന്റെ യൂട്രസ്”

അപ്പോൾ അതാണ് കാര്യം. പാവം മരുന്ന്, എന്റെ വയറ്റീക്കെടന്ന് ഗർഭപാത്രം അന്വേഷിച്ചോടിയപ്പോഴാണ് എനിക്ക് സഞ്ചാരം ഫീൽ ചെയ്തത്!

മരുന്നുകടക്കാരനോട് ”ശരി എന്നാ“ എന്ന് പറഞ്ഞ് തിരിച്ചുപോകുമ്പോൾ ഞാൻ മനസ്സിൽ പറഞ്ഞു.

“മുരളിച്ചേട്ടാ….. എന്നാലും എന്നോടീ കൊലച്ചതി വേണ്ടായിരുന്നു”

# 24

# മുണ്ടാപ്പന്റെ കറാച്ചി എരുമ

*(Wednesday, March 22, 2006)*

മുണ്ടക്കൽ ശ്രീ. മുണ്ടൻ അവർകൾ; മൂന്നേക്കറോളം തെങ്ങും പറമ്പും പത്തുപറക്ക് നിലവും ഒരു ഭാര്യയും മുട്ടനും കൊറ്റിയുമായി മൊത്തം ആറ് "മുട്ടൻ" മക്കളും ദിവസവരുമാനത്തിനായി ഒരു കറവമാട്ടുമുള്ള വളരെ ശാന്തമായി, മാന്യമായി ജീവിതം നയിക്കുന്ന പടിഞ്ഞാട്ടുമുറിയിലെ ഒരു പാപ്പനായിരുന്നു.

കറാച്ചി എന്നാൽ പാക്കിസ്ഥാനിലെ ഒരു വലിയ പട്ടണമാണെന്നും അവിടെയുള്ള ഭ്രരിഭാഗ ം മനുഷ്യരും അലക്കും പല്ലുതേപ്പും കുളിയും തെളിയുമൊന്നുമില്ലെങ്കിലും അതിസുന്ദരന്മാരായ ഉദ്ദണ്ഡന്മാരാണെന്നും അവർ അടുത്തുവരുമ്പോൾ ചാണകക്കുഴിയിൽ കിടന്ന് പടക്കം പൊട്ടിയാ ലുണ്ടാകുന്ന സുഗന്ധമായിരിക്കുമെന്നും അവരോട് ഉടക്കാൻ നിന്നാൽ "വല്യ മോശം വരില്ല" എന്നതിനെക്കുറിച്ചൊന്നും യാതൊരു പിടിപാടുമില്ലാതെ കറാച്ചിയെന്നാൽ മുന്തിയ ഒരിനം എ രുമയുടെ പേർ മാത്രമാണെന്ന് തെറ്റിദ്ധരിച്ച് ആ പേരിനെ ഞങ്ങൾ അത്യധികമായി സ്നേഹിച്ചും ബഹുമാനിച്ചും പോന്നു.

അറുപത് പിന്നിട്ട മുണ്ടാപ്പൻ എരുമയെ തീറ്റിക്കഴിഞ്ഞ്, ഒരു കുട്ടിത്തോർത്ത് ചുറ്റി തന്റെ പ്രഭവകേന്ദ്രം മാത്രം മറച്ചുകൊണ്ട് തോട്ടിലറങ്ങി എരുമയെ ഫുൾ സർവ്വീസ് ചെയ്ത് മൂവന്തിനേര ത്ത് തോട്ടുവരമ്പിലൂടെ പോകുന്നത് കണ്ടാൽ, കാലൻ വൈകുവോളം പോത്തിൻ പുറത്തിരുന്ന് മൂടുകഴച്ചിട്ട് "എന്നാൽ ഇനി കുറച്ച് നേരം നടക്കാം" എന്ന് പറഞ്ഞ് പോത്തിനു പിറകേ നടക്കു കയാണെന്നേ തോന്നൂ!

മുണ്ടാപ്പന്റെ എരുമ പരമസുന്ദരിയായിരുന്നു.

വിടർന്ന കണ്ണുകൾ, വളഞ്ഞ അഴകാന കൊമ്പുകൾ, സദാ വാണി വിശ്വനാഥിന്റെ ഭാവമുള്ള മുഖത്തിനഴക് കൂട്ടാൻ തിരുനെറ്റിൽ ചുട്ടി. വിരിഞ്ഞ അരക്കെട്ടിന് താഴെ, കുക്കുമ്പർ പോലെയു ള്ള മുലകൾ സോൾഡർ ചെയ്ത് പിടിപ്പിച്ചപോലെയുള്ള വിശാലമായ അകിട്. ക്ഷീരധാര, ഇളം കറവയിൽ ഏഴ് ലിറ്റർ കാലത്തും മൂന്ന് ലിറ്റർ ഉച്ചക്കും. മിസ്. എരുമഴകി. (35:65:35).

കരയിൽ, ഇരുമ്പമ്പുളി പോലത്തെ മുലകൾ ഞെക്കിപ്പിഴിഞ്ഞാൽ ദിവസം മൂന്ന് ലിറ്റർ പാല് തികയാത്ത നാടത്തി എരുമകൾ മാത്രമുണ്ടായിരുന്ന അക്കാലത്ത് ഇവളെ, മുണ്ടാപ്പന്റെ എരുമ

യെ, മറ്റ് എരുമകൾ മിസ്സ് കേരള, മിസ്സ് യൂണിവേഴ്സിനെക്കാണമ്പോലെ “ഓ, അവൾടെ ഒരു പത്രാസ്” എന്ന ഭാവേനെ അസൂയയോടെ നോക്കി.

പക്ഷെ, എന്തുചെയ്യാം, മംഗളത്തിലേയും മനോരമയിലേയും നായികമാരെപ്പോലെ, സൗന്ദര്യം ഇവൾക്കും ഒരു തീരാ...ശാപമായി മാറുകയായിരുന്നു.

ഊരുക്ക് സുന്ദരിയെങ്കിലും മുണ്ടാപ്പന്റെ അരുമയെങ്കിലും ഈ എരുമയുടെ മോറൽ സൈഡ് വളരെ വീക്കായിരുന്നു എന്ന് പൊതുജനം പറഞ്ഞു.

കൊടകരക്ക് 3 കിലോമീറ്റർ കിഴക്ക്, ആലത്തൂർ എന്ന സ്ഥലത്തുള്ള ഒരുപാട് മാടുകളും അത്യാവശ്യം മാടുകച്ചവടവുമുള്ളൊരു വീട്ടിൽ നിന്നായിരുന്നു മുണ്ടാപ്പൻ ഈ എരുമയെ വാങ്ങിയത്. അവിടെയേതോ ഒരു പോത്തുമായി ചെറിയ അടുപ്പമുണ്ടായിരുന്നു എന്നാരോ പറഞ്ഞ് കേട്ടത് ആരും കാര്യമാക്കിയില്ല.

പക്ഷെ, വീടും നാടും മാറിയാൽ പിന്നെ പഴയ ഇഷ്ടങ്ങളും അടുപ്പങ്ങളും ഓർത്തുവക്കാൻ പാടുണ്ടോ ഒരു മാടിന്?? ഇല്ല. മാടിനും മനുഷ്യനും.!

മുണ്ടാപ്പന്റെ എരുമ പലരാത്രിയിലും കയർ പൊട്ടിച്ച് ആലത്തൂർക്ക് പോയി. ചിലപ്പോൾ പ്രേമപാരവശ്യത്താൽ പരാക്രമിയായി മുണ്ടാപ്പന്റെ വീട്ടുമുതൽ ആലത്തൂർ വരെയുള്ള വാഴയായ വാഴകളുടെ റീച്ചബിളായ ഇലകൾ തിന്നും കൂർക്ക, കൊള്ളി, പയർ തുടങ്ങിയവ ചവിട്ടിക്കൂട്ടിയും അപഥ സഞ്ചാരം നടത്തി.

അങ്ങിനെയെന്തായി. ആപരിസരത്ത് ഏതെങ്കിലും പറമ്പിൽ ഏതെങ്കിലും കൃഷി നശിപ്പിക്കപ്പെട്ടാൽ, “ചത്തത് ബിൻലാദനാണെങ്കിൽ കൊന്നത് ബുഷന്നെ” എന്ന് കണക്കേ വിശ്വസിച്ച് മുണ്ടാപ്പന്റെ കറാച്ചി എരുമയെ നാട്ടുകാരെല്ലാം കുറ്റപ്പെടുത്തി.

ആയിടക്ക് ഒരു ദിവസം, ആനന്ദപുരം തറക്കൽ ഭരണി കഴിഞ്ഞ് ബൈപ്പാസ് വഴി പുലർച്ചെ കൊടകരയിലേക്ക് കൊണ്ടുവന്ന ഒരു ആന പാപ്പാനുമായി ഒന്നും രണ്ടും പറഞ്ഞ് തെറ്റി, ചൂടായി, ആലത്തൂർ പാടത്തേക്ക് ഇറങ്ങുകയും ഇരുട്ടിൽ ഒന്നരരണ്ടുമണിക്കൂറുകളോളം നേരം അബ്സ്കോണ്ടിങ്ങാവുകയും ചെയ്തു.

ആന സ്ലൂട്ടായി നേരെ പോയി നിന്നത് സ്ഥലത്തെ പേരുകേട്ട ചട്ട/ഗുണ്ട കാച്ചപ്പിള്ളി സേവ്യർ ചേട്ടന്റെ വീട്ടുപറമ്പിലാണ്.

പുലർച്ചെ താഴെപ്പറമ്പിൽ അനക്കം കേട്ടുണർന്ന സേവ്യർ ചേട്ടൻ ഇതും മുണ്ടാപ്പന്റെ എരുമ എന്ന മുൻധാരണയുടെ പുറത്ത്,

“എടീ സിസില്യേ... നീയാ പോത്തങ്കോലിങ്ങെടുത്തേ....” ഇന്നാ നശൂലം പിടിച്ച എരുമേനെ ഞാൻ തല്ലിക്കൊല്ലും എന്ന് പറഞ്ഞ് കൊള്ളികുത്തിയ വാരത്തിന്റെ ഓരം പിടിച്ച് ഓടി ച്ചെന്നു.

ഇരുട്ടായതുകൊണ്ടാണോ എന്തോ സേവ്യറേട്ടൻ വാഴയുടെ മറവിൽ നിന്ന ആനയെ അടുത്തെത്തും വരെ കണ്ടില്ല. പാവം.

വാഴകൾ ചവിട്ടിമെതിച്ച എരുമയോടുള്ള പകയാൽ കോപാക്രാന്തനായ സേവ്യറേട്ടൻ എരുമയെത്തേടുമ്പോൾ പെട്ടെന്നാണ് മഹാമേരു പേലെ നാല് കൈപ്പാങ്ങകലം നിൽക്കുന്ന ആനയെക്കണ്ടത്. എരുമയെ പ്രതീക്ഷിച്ചിടത്ത് ആനയെക്കണ്ട ഉടനെത്തന്നെ, അതിന്റെ ആ ഒരു ആഹ്ലാദത്തിൽ മതിമറന്ന്, സേവ്യർ ചേട്ടൻ പരമാവധി ശക്തിയെടുത്ത് മൂന്ന് റൗണ്ട് അകറി. ശബ്ദം പുറത്ത് വന്നില്ലെങ്കിലും...!

പാപ്പാന്മാരുടെ കൂടെ നിന്ന് പൂരപ്പറമ്പിലും ചായക്കടയിലും വച്ച്, വലിയ ധൈര്യശാലി റോളിൽ ആനയുടെ വായിൽ പഴം വച്ച് കൊടുത്തിട്ടുണ്ടെങ്കിലും അവനന്റെ പറമ്പിൽ മിന്നും മിന്നും വെളു

ക്കുമ്പോൾ ഒറ്റക്ക് കണ്ണ് നിറച്ച് ഈ മൊതലിനെ കണ്ടപ്പോൾ ആനവൈദ്യൻ പണിക്കറ് സാർ പോലും പേടിക്കുന്നിടത്ത്, സേവ്യറേട്ടന്റെ കാര്യം പറയാനുണ്ടോ?

കൊള്ളിയുടെ വാരത്തിന്റെ മുകളിലൂടെ ഉത്തേജകമരുന്ന് കുത്തിയ ജോൺസേട്ടന്റെ (ബെൻ) പോലെയോടുമ്പോൾ കരഞ്ഞ നാലമത്തെ കരച്ചിലിന് എന്തായാലും മുൻപത്തേതടക്കം ചേർത്ത ശബ്ദമുണ്ടായിരുന്നു. ആന പോലും യെന്റമ്മോഎന്ന് ഞെട്ടിയിരിക്കണം.

ഒരുവല്ലാത്ത മുഖഭാവവുമായി വഴി വെട്ടപ്പാക്കിയുള്ള സേവ്യറേട്ടന്റെ വരവ് കണ്ട് സിസിലി ചേച്ചി അന്തംവിട്ട് അരിശത്തോടേ പറഞ്ഞു:

“ ഹോ.., ഇങ്ങേർക്കെന്താ... . ഒരു എരുമ കുത്താൻ വന്നതിനാണോ ഈ പരാക്രമം! ”

# 25

# സീനിയ പൂക്കൾ

*(Wednesday, March 29, 2006)*

കൊടകരയുടെ ചങ്കുഭാഗത്ത്; കുറച്ചൂടെ ക്ലിയറാക്കിയാൽ, ടൗണിന്റെ മാറത്തെ ചെണ്ടേൽ വണ്ടിരിക്കുമ്പോലെ ഇരുന്നിരുന്ന ഒരു വിദ്യാലയമാണ്, വാഴ്ത്തപ്പെട്ട ഹിസ് ഹൈനസ്സ്. ഡോൺബോസ്കോ അച്ചന്റെ പേരിലുള്ള, മഠം വക, സെന്റ് ഡോൺബോസ്കോ ഗേൾസ് ഹൈസ്കൂൾ ഓഫ് കൊടകര.

പൊതുവിൽ ഗേൾസ് ഹൈസ്കൂളെന്നാണ് അറിയപ്പെടുകയെങ്കിലും, നേഴസറി മുതൽ ഏഴുവരെ; അപ്പറേയുള്ള അപ്പർ പ്രൈമറിയിൽ പഠിക്കാൻ, പാവാടയും ജാക്കറ്റുമിട്ട്, മുടിമെടഞ്ഞിട്ട് റിബൺ കെട്ടി വരുന്ന പിടയിനമാവണമെന്ന് നിർബന്ധല്ല്യ. പക്ഷെ അവിടന്നങ്ങോട്ട്, പൂവന്മാർക്ക് അവിടെ പഠിപ്പ് ഇമ്പോസിബിളാണ്.

ഓ പിന്നേ, അല്ലെങ്കിൽ ആർക്ക് പഠിക്കണം അവിടെ? പരമാനന്ദ സുഖവും കൂടെയോരു നകവുമാണല്ലോ..! ഗവണ്മെന്റ് ബോയ്സ് സ്കൂളുമായി കമ്പയർ ചെയ്യുമ്പോൾ, തനി ബോറൻ, മൂരാച്ചി മൊട്ടച്ചികൾടെ സ്കൂൾ എന്ന് പലരും രഹസ്യമായി പറഞ്ഞു.

എങ്ങിനെ പറയാതിരിക്കും? യൂണിഫോം നിർബന്ധം, പഠിപ്പിന്റെയും അച്ചടക്കത്തിന്റെയും കാര്യത്തിൽ ഒടുക്കത്തെ സ്റ്റ്രിക്റ്റ്, ഉറക്കെ സംസാരിക്കാൻ പടില്ല, കരയാനം. സമരമെന്ന സുന്ദര സുരഭില എടപാടേയില്ല, ഇന്റർവെല്ലിന് ഗേയ്റ്റ് വിട്ട് പുറത്ത് പോയിക്കൂടാത്തതിനാൽ, ഐസ്, ഐസ്ക്രീം, മുളകായ, നാരങ്ങ വെള്ളം, ഉണ്ട, ബോണ്ട എന്നിവയൊന്നും ഡോൺബോസ്കോയുടെ മുന്നിൽ വരില്ല. ഇടക്കെങ്ങാനം മുടങ്ങിയാൽ, തീർന്നു, കൊലപാതകം നടത്തിയ പ്രതിയേക്കാൾ കഷ്ടമായാണ് ചോദ്യം ചെയ്യൽ. ഒരുമാതിരി കാര്യങ്ങൾക്കൊന്നും മുടക്ക് കിട്ടില്ല, അഥവാ അധ്യയന വർഷക്കണക്കിലൊരു ദിവസം മുടക്കായിപ്പരിണമിച്ചാൽ, കുരിശ്, ശനിയാഴ്ചയും ക്ലാസുണ്ടാകും. ത്വയിരക്കേട്!

ഇങ്ങിനെ എണ്ണിയാലൊടുങ്ങാത്ത നിരവധി നിരവധി മനുഷ്യാവകാശലംഘനങ്ങൾ നടന്നുകൊണ്ടിരുന്ന ആ സ്കൂളിൽ നിന്ന് ഏഴാം ക്ലാസ് പാസാവുന്നതോടെ അവിടത്തെ തടവ് തീരുമെന്നും പിന്നെ, ചേരാൻ പോകുന്ന ഗവൺമന്റ് ബോയ്സ് സ്കൂളിനെപ്പറ്റിയുള്ള സുന്ദരൻ ചിന്തകളായിരുന്നു അന്നൊക്കെ അവിടുത്തെ ആൺപടയുടെ സ്വപ്നങ്ങൾക്ക് നിറം കൊടുത്തിരുന്നത്.

ഡോൺബോസ്കോയിലെന്നെ ചേർത്തി, ഒരാൾ മുന്നിൽ നിന്ന് പുള്ളിങ്ങും പിന്നിൽ നിന്നൊരാൾ പുഷിങ്ങുമായി, പശുവിനെ ടെമ്പോയിൽ കയറ്റാൻ പോകുമ്പോലെ കൊണ്ടുപോകുമ്പോൾ, അന്ന് എന്റെ സഹോദരൻ ഉദാരമനസ്കൻ അവിടത്തെ ഒരു അന്തേവാസിയായിരുന്നു.

പ്രായവ്യത്യസാനുപാതം കണക്കിലെടുത്താൽ ഞാൻ ഒന്നിലെത്തുമ്പോൾ അദ്ദേഹം ഒമ്പതിലെത്തേണ്ടവനാണ്. പക്ഷെ, കൊടകരയിലെ റാങ്ക് പ്രതീക്ഷയായിരുന്നതുകൊണ്ട്, അദ്ദേഹം രണ്ട് തവണ ഗേയ്റ്റടയിൽ പെട്ടതിനാൽ ഞാൻ രണ്ടാം ക്ലാസിലെത്തിയിട്ടേ മഹാൻ മഠം വിട്ടുള്ളൂ.

അതുകൊണ്ടെന്തായാലും എനിക്കൊരുപാട് ഗുണങ്ങളുണ്ടായി.

എടുത്ത പറയത്തക്ക നേട്ടങ്ങളിലൊന്ന്, ചേട്ടന്റെ കുറ്റപ്പേരായ 'കള്ളും കുടുക്ക' എന്ന ഓമനപ്പേര് എനിക്ക് ചെറിയ ഭേദഗതിയോടെ "കുഞ്ഞിക്കുടുക്ക" എന്നാക്കി സ്കൂളിലെ കുട്ടികൾ ട്രാൻസ്ഫർ ഓഫ് ഓണർഷിപ്പ് ചെയ്തു തന്നു എന്നതാകുന്നു.

പിന്നെ ചേട്ടന്റെ അത്യപാര ക്ഷൂർമ്മ ബുദ്ധിയും പഠിക്കാനുള്ള ഉത്സാഹവും ഒമ്പത് കൊല്ലായിട്ട് കാണുന്നതുകൊണ്ട്, ടീച്ചർമാർ "കണ്ണൻ വാഴയുടെ കടക്കുള്ള എല്ലാ കണ്ണുകളും(തൈകൾ) കണ്ണൻ" എന്ന യൂണീവേഴ്സൽ ട്രൂത്ത് ഉൾകൊണ്ട്, ചേട്ടനും മറ്റു റാങ്കു പ്രതീക്ഷകളും അലങ്കരിച്ചുപോന്നിരുന്ന ക്ലാസിലെ സ്റ്റാപ്പുകൾടെ ബഞ്ചായ പിൻ ബഞ്ചിലേക്ക് എനിക്കും ഡയറക്റ്റ് എൻട്രി നൽകി.

നാലാം ക്ലാസിൽ പഠിക്കുമ്പോൾ അവരുടെ കാൽക്കുലേഷൻ തെറ്റല്ല എന്ന് ഞാൻ തെളിയിച്ച ഒരു സംഭവം നടന്നു. പരീക്ഷ സമയത്ത്, നേഴറിയുടെ ബാക്കിലുള്ള പുളിമരത്തിന്റെ ചുവട്ടിൽ വച്ച്, ടൗണിൽ നിന്ന് കിട്ടിയ പൊട്ടാത്ത ഒരു പടക്കത്തിന്റെ വെടിമരുന്നെടുത്ത് കരിങ്കല്ലിൽ വച്ച്, അതിന്റെ മുകളിൽ കരിങ്കല്ല് ചീള് പ്ലേസ് ചെയ്ത് വലിയ കല്ലെടുത്ത് മുകളിലിട്ട് "ഠേ" എന്ന ഉഗ്രശബ്ദമുണ്ടാക്കിപൊട്ടിക്കുന്നതിന്റെ ഡെമോ നടത്തുന്നതിന്റെയിടയിൽ, എന്നെ അന്നത്തെ ഹെഡ്മിസ്ട്രസ്സ് തട്ടിക്കൊണ്ടുപോയി!!!

ഓഫീസിൽ നിർത്തി, നഖസംരക്ഷണം ഹോബിയായുള്ള ഹെഡ്മിസ്ട്രസ്സ്, എന്റെ ചെവി പിടിച്ച് ഉപദേശത്തിന്റെ താളലയത്തിനനുസരിച്ച് ആട്ടിയപ്പോൾ, ഞാൻ കരുതിയത് സിസ്റ്റർ എന്റെ ചെവിക്ക് ഓട്ടകുത്തുകയാണെന്നാണ്!

മർമ്മ സ്ഥാനത്ത് ഇടികൊണ്ട് സ്വൽപനേരത്തേക്ക് മാന്ദ്യം സംഭവിച്ച മൈക്ക് ടൈസൺ, മൂലക്കിരുന്ന് കരിങ്ങാലി വെള്ളം കുടിച്ച് റസ്റ്റ് ചെയ്യുമ്പോൾ, മൈക്കിലൂടെ വിളിച്ചുപറഞ്ഞത് "ലോക ചെവി ബൈറ്റ് ചാമ്പ്യൻഷിപ്പ്" എന്ന് തെറ്റിക്കേൾക്കുകയും ഉടനേ എണീറ്റോടി ഹോളിഫീൽഡിന്റെ ചെവി കടിച്ച് പറിച്ച് ഹോളുണ്ടാക്കിയതുപോലെ ഒരു ഹോൾ!

പിന്നെ ഏഴാം ക്ലാസുവരെ എനിക്ക് തിരിഞ്ഞുനോക്കേണ്ടി വന്നില്ല! എന്നും പിന്നിൽ ചുമരും മടക്കി ചാരി വച്ച കുടകളും.

ഒരിക്കൽ ഒരു ഓണക്കാലത്ത് പുറത്ത് പറയാൻ പാടില്ലാത്ത ഒരു സംഭവം നടക്കുകയുണ്ടായി.

പഴയ അമ്പാടി തീയറ്ററിന്റെ അടുത്ത് വീടുള്ള കുട്ടിരവി, ഞാൻ സ്ഥിരമായി പൊട്ടിച്ചുപോന്ന ഹൈവേയ്ക്കരികിൽ നിന്നിരുന്ന കനകാമ്പരം, അദ്ദേഹം കണ്ടുവച്ചതാനെന്നും മേലാൽ പൊട്ടിക്കരുതെന്നും ഭീഷണിപ്പെടുത്തിയപ്പോൾ പിന്നെ എനിക്ക് വീട്ടിലെ ചെമ്പരത്തിയേയും ചെട്ടിമല്ലിയേയും അപ്പോളക്കാരുടെ വീട്ടിലെ മാജിക് റോസിനെയും ആശ്രയിച്ച് പൂക്കളമിടേണ്ടി വന്നു.

വെറൈറ്റി പൂക്കളില്ലാ..യെന്ന് വിലപിച്ച എനിക്ക് അപ്പോൾ ബോയ്സിൽ ഒമ്പതാം ക്ലാസിൽ പഠിച്ചിരുന്ന ചേട്ടൻ ഒരു ദിവസം കാലത്ത് നിറയെ പൂക്കളുള്ള ഒരു പൂച്ചെടി കൊണ്ടു തന്നു. കമ്മൽപോലെയുൾല മഞ്ഞനിറത്തിലുള്ള പൂക്കളുണ്ടാകുന്ന ചെടി ഉടലോടെ...വേരോടെ..!

ജീവിതത്തിലാദ്യമായി എന്റെ ചേട്ടനെക്കുറിച്ചോർത്ത് ഞാൻ അഭിമാനം പൂണ്ടു.

മറഡോണയുടെ അനിയനെപ്പോലെ, മമ്മൂട്ടിയുടെ അനിയനെപ്പോലെ ഞാൻ സ്വന്തം ചേട്ടന്റെക്കുറിച്ചോർത്ത് നെകളിച്ചു.

പൂക്കളിറുത്ത് കളമിട്ട്, ചേട്ടനും ആ ചെടികൊട്ടുത്തുവെന്ന് പറയപ്പെടുന്ന പേരറിയാത്ത ആ കൂട്ടുകാരനും നന്ദി പറഞ്ഞ്, ആ പൂച്ചെടി ഞാൻ മുറ്റത്ത് നട്ട് വെള്ളം നനച്ചു.

പിറ്റേ ദിവസം അതിരാവിലെ ചേട്ടൻ കൊണ്ടുവന്നത് സീനിയ ചെടിയായിരുന്നു... നിറയെ മെറൂൺ പൂക്കളുള്ള നിറഞ്ഞ ആരോഗ്യവാനായ ചെടി. എന്റെ തോട്ടത്തിലെ പുതിയ താരം.

അങ്ങിനെ തിരുവോണമായപ്പോഴേക്കും എന്റെ പൂന്തോട്ടം പലതരം ചെടികൾ കൊണ്ട് സമൃദ്ധമായി! ഞാൻ അഭിമാനം കൊണ്ട് പുളഞ്ഞു. അയൽവീട്ടിലെ കൂട്ടുകാർ ജിനുവും ഷാജുവും എന്നെയും എന്റെ ചെടികളെ അസൂയയോടെ നോക്കി. എന്റെ ചെടിയിൽ തൊട്ടാൽ ഇവിടെ ചോര ചിതറുമെന്ന് ഞാൻ ഭീഷണിമുഴക്കി അവരെ അകറ്റി നിർത്തി.

ഓണമവധിയുടെ ആർഭാടങ്ങൾ അവസാനിച്ച്, ഓണപ്പൂട്ട് കഴിഞ്ഞ് സ്കൂൾ തുറന്നു.

രണ്ടു ദിവസങ്ങൾ കഴിഞ്ഞ് ഒരുദിവസം കാലത്ത് അസംബ്ലി കൂടിയപ്പോൾ ഹെഡ്മിസ്ട്രസിന്റെ വക ഒരു പ്രത്യേക അറിയിപ്പ്:

“കുട്ടികളേ, കഴിഞ്ഞ ഓണാം അവധി ദിനങ്ങളിൽ ആരോ നമ്മുടെ പൂന്തോട്ടത്തിൽ നിന്നിരുന്ന കുറേ നല്ല ചെടികൾ പറച്ചികൊണ്ടുപോവുകയും മറ്റുള്ള ചെടികൾ ചവിട്ടി നശിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഈ സ്കൂളിലെ ആരും അങ്ങിനെ ചെയ്യില്ല എന്നാണ് എന്റെ വിശ്വാസം. എങ്കിലും ആരെങ്കിലും ചെയ്യുകയോ ചെയ്തവരെക്കുറിച്ചറിയുകയോ ഉണ്ടെങ്കിൽ എത്രയും വേഗം വിവരം എന്നെയോ നിങ്ങളുടേ ക്ലാസ് ടീച്ചറെയോ അറിയിക്കണം”

ഇത് കേട്ടതും എന്റെ അടുത്ത ലൈനിൽ നിന്നിരുന്ന ജിനു എന്നെ, സർഗത്തിൽ “ഗോക്കളെ മേച്ചും കളിച്ചും ചിരിച്ചുമെന്ന്”“ പാടുമ്പോൾ രംഭ, വിനീതിനെ നോക്കിയ പോലെ, ഒരു നോട്ടം നോക്കി.

ങും. ബ്രദർ ഫെർണാണ്ടസ്! എന്ന് മനസ്സിൽ പറഞ്ഞു എടുത്താൽ പൊന്താത്ത ഒരു ടെൻഷനും പേറി ഒന്നുമറിയാത്തവനെപ്പോലെ ഞാനവിടെ തരിച്ചു നിന്നു.

കാര്യങ്ങളുടെ കിടപ്പ് ഇങ്ങിനെയായിരുന്നു. കക്ഷി വെളുപ്പിന് പാലാസ് ഹോട്ടലിൽ പാല് കൊടുക്കാൻ പോയി വരും വഴി സ്കൂളിന്റെ മതിൽ ചാടിക്കടന്ന്, ഡോൺബോസ്കോയിലെ കുഞ്ഞരിപ്രാവുകൾ, ആട്ടിങ്കാട്ടവും ചാണകവും ചാരവുമെല്ലാം വീട്ടിൽ നിന്നും ബാഗിൽ വച്ച് കൊണ്ടുവന്നിട്ട് വളർത്തിയ പുഷ്ടിഗുണമുള്ള ചെടികളെ ഓരോരോന്നായി അടിച്ചുമാറ്റിക്കൊണ്ടുവരുകയായിരുന്നു. മിടുക്കൻ!

അഥവാ പിടിച്ചാലും ആൾക്ക് വല്യ പ്രശ്നമില്ല, അദ്ദേഹം ബോയിസിലാണ്. എന്റെ അവസ്ഥയോ? പണ്ടേ ശോഷിച്ചത് കൂടെ പോളിയോഎന്ന അവസ്ഥയിലാവുക ഞാൻ ഞാൻ മാത്രം.

അന്നുതന്നെ, വീട്ടിലെത്തിയയുടൻ ചെടികൾ പറിച്ച് കളഞ്ഞ് തെളിവ് നശിപ്പിച്ചെങ്കിലും, അതിന് ശേഷം കുറെക്കാലം സ്കൂളിൽ പറയുമോയെന്ന് പേടിച്ച് ഞാൻ ജിനുവിനോടും, വീട്ടിൽ പറയുമോയെന്ന് പേടിച്ച് ചേട്ടൻ എന്നോടും വിധേയനായി ജീവിച്ചു.